LEADING CHRISTIAN MAGAZINE

# ആത്മാഭിഷേകം

2018 ജനുവരി വാല്യം 3 ലക്കം 1





Pr.Rajmohan



Pr.Sojan





**FUNDAMENTAL KNOWLEDGE OF TRUE THEOLOGY**

CHAPTER : 31

## നിത്യത

**(യുഗാന്ത്യവിജ്ഞാനീയം)**

ചർച്ച് ഓഫ് ഇറ്റേണിറ്റി കുവൈറ്റിൽവച്ചു നടന്ന ന്യൂഇയർ ആരാധനയിൽ പങ്കെടുത്ത ദൈവജനം




ചർച്ച് ഓഫ് ഇറ്റേണിറ്റി കുവൈറ്റിൽ വച്ചു ഡൽഹി സഭയുടെ പാസ്റ്റർ രാജ് മോഹൻ നയിച്ച ന്യൂഇയർ ആരാധനയിൽ നിന്നും...



# 2018-ന്റെ ആത്മീയസ്വാതന്ത്ര്യം

## എഡിറ്റോറിയൽ

ദേവസ്യാ മുല്ലക്കരസാർ

പാപത്തിന്റെ ബലഹീനതയാൽ, മനുഷ്യരായ പുരോഹിതന്മാർ, യഥാർത്ഥ പുരോഹിതനായ യേശുക്രിസ്തുവിനെ തെറ്റായ വചന വ്യാഖ്യാനത്താൽ, മറച്ചുവെച്ച്, അവസാനമില്ലാത്ത കുർബാനകളർപ്പിച്ച് കാൽവരിയാഗമെന്ന യഥാർത്ഥ കുർബാനയെ മറികടന്ന് മറികടന്ന്, ദൈവജനത്തെ നരകശിക്ഷക്ക് യോഗ്യരാക്കുന്ന ഒരു വർഷംകൂടി കടന്നുപോകുകയും അങ്ങനെ അവർ ലൂസിഫറിന് ശുശ്രൂഷചെയ്യുവാനുള്ള 2018 എന്ന മറ്റൊരുവർഷംകൂടി കടന്നു വരികയും ചെയ്തിരിക്കുന്നു. അവർക്ക് ഹാപ്പിന്യൂ ഇയർ.

അഹരോന്യ പൗരോഹിത്യം മാറിപ്പോയി. പൗരോഹിത്യ സഭകളതറിയുന്നില്ല. ക്രിസ്തുവാണ് യഥാർത്ഥ പുരോഹിതൻ. ക്രിസ്തുവിന്റെ പൗരോഹിത്യം ഒരിക്കലും മാറുകയില്ല. നമ്മുടെ ശ്രേഷ്ഠപുരോഹിതനായ ക്രിസ്തു ഇപ്പോൾ സ്വർഗ്ഗത്തിൽ പിതാവിന്റെ വലതുഭാഗത്ത് വസിച്ചുകൊണ്ട് തന്റെ പിതാവ് ഒരിക്കലും തള്ളിക്കളയുകയില്ലാത്ത യഥാർത്ഥ വിശ്വാസികൾക്കു വേണ്ടിയുള്ള മദ്ധ്യസ്ഥപ്രാർത്ഥനയെ നടത്തിക്കൊണ്ടിരിക്കുകയാണ്. അവർ അതൊന്നും കണ്ടെന്ന് നടിക്കുകയില്ല. എന്നും പെരുന്നാളും ജപമാലയും മറിയാരാധനയും പുണ്യവാളഭക്തിയും വേദനാജനകമായ മരിച്ചടക്കും, അതിന് കൊഴുപ്പേകാൻ മദ്യപാനവും, മന്ത്രിയും, നാല്പതടിയന്തിരവും ഒക്കെയായി കഴിയുന്നു. അങ്ങനെയൊക്കെയേ തുടരൂ. നാം ഈ ജനകോടികൾക്ക് യഥാർത്ഥ മാനസാന്തരമുണ്ടാകുവാൻ പ്രാർത്ഥിക്കുക തന്നെ ചെയ്യാം.

എന്നാൽ വിശുദ്ധിയും വേർപാടും ഉണ്ടെന്ന് അവകാശപ്പെടുന്ന യഥാർത്ഥ ദൈവജനത്തിന്റെ ആത്മീയ മാന്ദ്യതയിൽ ആർക്കാണ് ഇവിടെ ഉത്തരവാദിത്വം? അത്തരം സഭാനേതാക്കന്മാർക്കൊ, സഭാജനത്തിനൊ? ഈ എഡിറ്റോറിയലിന് ശേഷമെഴുതിയിരിക്കുന്ന **നിത്യത** യഥാർത്ഥ വിശുദ്ധിയും വേർപാടുമില്ലാത്തവർക്ക് ലഭിക്കുമെന്നാണൊ?

ക്രൈസ്തവസഭ വേർപാടും വിശുദ്ധിയും പാലിക്കേണ്ടതുണ്ട്. ഒന്നാമത്തേത് പാപങ്ങളിൽ നിന്നുമാണ് വേർപെടേണ്ടത്. പാപങ്ങളിൽ നിന്നും വേർപെടുമ്പോൾ, പിശാചിൽ നിന്നുമുള്ള വേർപാടിന് എളുപ്പമാകും. അതോടെ ലോകത്തിൽ നിന്നും വേർപാടിന് യാതൊരു ബുദ്ധിമുട്ടും ഇല്ലാതാകും.

രണ്ടാമത്തേത്, ന്യായപ്രമാണത്തിന്റെ പ്രവൃത്തി

# contents

**എഡിറ്റോറിയൽ............**

**...............3,4,5**

**നിത്യത**

**(യുഗാന്ത്യവിജ്ഞാനീയം)......6-15**

**ആരാധനാ കേന്ദ്രങ്ങളും**

**ശുശ്രൂഷകരും........................16-21**

**നിത്യത**

**(യുഗാന്ത്യ വിജ്ഞാനീയം)....23-33**

**വാർത്തകൾ ..............................34**

# 2018-ന്റെ ആത്മീയസ്വാതന്ത്ര്യം

## എഡിറ്റോറിയൽ

ദേവസ്യാ മുല്ലക്കരസാർ

യേശുക്രിസ്തുവിൽ നിവർത്തിയായതിനാൽ ഇനി നാം യേശുക്രിസ്തു എന്ന തലയോളം വളരുകയാണ് വേണ്ടത് (എഫേ.4:15). അല്ലാതെ പഴയനിയമ കർമ്മാചാരങ്ങളിലേക്ക് തിരിയുകയല്ല വേണ്ടത്. മാത്രമല്ല ദൈവതേജസ്സിന്റെ കൃപയും സകലത്തെയും തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവനുമായ യേശുക്രിസ്തുവിന്റെ ശ്രേഷ്ഠതയെ വെളിപ്പെടുത്തുകയും വേണം.

ഇന്ന് അസ്ഥിപഞ്ജരം മാത്രമായിത്തീർന്ന കരിസ്മാറ്റിക് നവീകരണവും അതിന്റെ വക്താക്കളായ വൈദികരിലും അവൈദികരിലും പെട്ട ലീഡേഴ്സും ആത്മീയകാഴ്ച നഷ്ടപ്പെട്ട് വചനത്തെയും ആത്മാവിന്റെ കൃപാവരങ്ങളെയും പണയം വെച്ചിട്ട് ബഹുകൂദാശകളെയും കൊന്തകളെയും പുണ്യവതീ- പുണ്യവാന്മാരുടെ നൊവേനകളെയും വാരിപ്പുണർന്ന് നടക്കുംപോലെയാകാതെ, നാമേവരും ആത്മനദിയിൽ അനുദിനം മുങ്ങിക്കുളിക്കുകയാണ് അത്യാവശ്യം.

മൂന്നാമത്തേത്, കർത്താവ് വന്നതോടുകൂടി, അന്നുണ്ടായിരുന്നതും ഇന്ന് ചില മതങ്ങളിൽ തെറ്റായി ആവിഷ്ക്കരിക്കുന്നതുമായ പൗരോഹിത്യം എന്നന്നേക്കുമായി നിലച്ചുപോയി.

നാലാമത്തെ സംഗതി, പൗരോഹിത്യം അന്യാധീനപ്പെട്ടുപോയതുകൊണ്ട് പൗരോഹിത്യ ശുശ്രൂഷകളൊക്കെയും നിലച്ചുപോയി. അവകൾക്കൊക്കെയും പകരമായി അധരഫലമെന്ന സ്തോത്രയാഗം അർപ്പിക്കപ്പെടുകയും ചെയ്യുന്നു.

അതിപരിശുദ്ധമായി സ്നേഹിക്കാൻ ഇടയാകണമെന്നാണ് അഞ്ചാമത്തെ സംഗതി. മൊത്തത്തിൽ സ്നേഹമെപ്പോഴുമുണ്ടായിരുന്നേ പറ്റൂ.

ആറാമത്തേത് ദൈവസംസർഗ്ഗത്തിലുള്ള ഒരു ജീവിതമാണ്. 1 കൊരി.13:12-ൽ ''ഇപ്പോൾ നാം കണ്ണാടിയിൽ കടമൊഴിയായി കാണുന്നു; അപ്പോൾ മുഖാമുഖമായി കാണും; ഇപ്പോൾ ഞാൻ അംശമായി അറിയുന്നു; അപ്പോഴോ ഞാൻ അറിയപ്പെട്ടതുപോലെ തന്നെ അറിയും. വെളി.22:4 - "അവർ അവന്റെ മുഖം കാണും."

ഏഴാമത്തേത് ആനന്ദകരമായ ഒരു ജീവിതം. വെളി.21:4,5 - ''അവൻ അവരുടെ കണ്ണിൽനിന്ന് കണ്ണുനീരെല്ലാം തുടച്ചുകളയും. ഇനി മരണം ഉണ്ടാവുകയില്ല. ദു:ഖവും മുറവിളിയും കഷ്ടതയും ഇനി ഉണ്ടാവുകയില്ല.

യോഹന്നാൻ 15-ൽ 18 മുതൽ 21 വരെ വാക്യങ്ങൾ കുറിക്കുന്നത് നിങ്ങൾ ശ്രദ്ധയോടെ വായിച്ചാട്ടെ. "ലോകം നിങ്ങളെ പകയ്ക്കുന്നു എങ്കിൽ അത് നിങ്ങൾക്കുമുമ്പ് എന്നെ പകച്ചിരിക്കുന്നു എന്ന് അറിവിൻ. നിങ്ങൾ ലോകക്കാർ ആയിരുന്നു എങ്കിൽ ലോകം തനിക്ക് സ്വന്തമായതിനെ സ്നേഹിക്കുമായിരുന്നു. എന്നാൽ നിങ്ങൾ ലോകക്കാർ ആയിരിക്കാതെ ഞാൻ നിങ്ങളെ ലോകത്തിൽനിന്ന് തിരഞ്ഞെടുത്തതുകൊണ്ട് ലോകം നിങ്ങളെ പകയ്ക്കുന്നു. ദാസൻ യജമാനനെക്കാൾ വലിയവനല്ല എന്ന് ഞാൻ നിങ്ങളോട് പറഞ്ഞ വാക്ക് ഓർപ്പിൻ. അവർ എന്നെ ഉപദ്രവിച്ചു എങ്കിൽ നിങ്ങളെയും ഉപദ്രവിക്കും. എന്റെ വചനം പ്രമാണിച്ചു എങ്കിൽ നിങ്ങളുടേതും പ്രമാണിക്കും. എങ്കിലും എന്നെ അയച്ചവനെ അവർ അറിയായ്കകൊണ്ട് എന്റെ നാമം നിമിത്തം ഇതൊക്കെയും നിങ്ങളോട് ചെയ്യും."

ഒരു ശുശ്രൂഷകനൊ വിശ്വാസിയൊ ആയ നിങ്ങൾ തിരിച്ചറിയണം ലോകം നിങ്ങളെ പകയ്ക്കും എന്ന്. എന്താണ് 'ലോകം' എന്ന പദം കൊണ്ടുദ്ദേശിക്കുന്നത്. അവിശ്വാസികളെയാണ് ലോകം, ലോകർ എന്നീ പദങ്ങൾകൊണ്ടുദ്ദേശിക്കുന്നത്. യേശുക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി ഒരിയ്ക്കലും വിശ്വസിച്ച് ശരണപ്പെട്ടിട്ടില്ലാത്തവർ. അഥവാ ക്രിസ്തുവിന്റെ കാൽവരിയാഗത്താലാണ് തങ്ങൾക്ക് പാപമോചനം ലഭിക്കുന്നതെന്ന് തിരിച്ചറിയാത്തവരാണ് 'ലോകം'. ലോകത്തിൽ നിന്ന് വിളിക്കപ്പെട്ടവരാണെങ്കിലും ലോകത്തിലാണ് വിശ്വാസികൾ ജീവിക്കുന്നത്. പക്ഷേ ലോകത്തിനുള്ളവർ അല്ല. ലോകത്തിൽ നിന്നും അതിന്റെ നാനാ മോഹങ്ങളിൽ നിന്നും വേർപെടുത്തപ്പെട്ടവരാണ്

# 2018-ന്റെ ആത്മീയസ്വാതന്ത്ര്യം

## എഡിറ്റോറിയൽ

ദേവസ്യാ മുല്ലക്കരസാർ

വിശ്വാസികളും ശുശ്രൂഷകരും.

ഈ വേർപാടനുഭവം നിമിത്തമാണ് ലോകത്തിന് നിങ്ങളോട് മമതയില്ലാത്തത്. കള്ളുകുടിയന്മാരോടുകൂടി കള്ള് കുടിച്ച് നിങ്ങൾ തുള്ളിയിരുന്നുവെങ്കിൽ വലിയ മമത കണ്ടേനെ. വിഗ്രഹാരാധനക്കാരോടുകൂടി അതിന് സഹായകമായ കേന്ദ്രങ്ങളിലൊ തീർത്ഥാടനകേന്ദ്രങ്ങൾ എന്നു പേരുള്ള ഇടങ്ങളിലൊ പോയി വ്യാജ ആരാധന നടത്തിയിരുന്നുവെങ്കിൽ നിങ്ങളെ അവർ നെഞ്ചേറ്റി ലാളിക്കുമായിരുന്നു. "ഞാൻ ലൗകികനല്ലാത്തതുപോലെ, അവരും ലൗകികന്മാരല്ല" (യോഹ.17:16). ഇക്കാരണങ്ങളാൽ വിശ്വാസികളും ശുശ്രൂഷകരും വിശ്വസിക്കേണ്ട കാര്യം എന്തെന്നാൽ "നിങ്ങൾ അവരെ വിട്ട് പിരിഞ്ഞ് അവരിൽ നിന്നകന്നിരിക്കണം. അശുദ്ധമായതൊന്നും തൊടരുത്; എന്നാൽ ഞാൻ നിങ്ങളെ കൈക്കൊണ്ട്, നിങ്ങൾക്ക് പിതാവും നിങ്ങൾ എനിക്ക് പുത്രന്മാരും പുത്രിമാരും ആയിരിക്കും." (2 കൊരി.6:17,18).

വിശ്വാസികളും ശുശ്രൂഷകരും സുവിശേഷം പ്രസംഗിക്കുവാൻ തീർച്ചയായും പോയിരിക്കണം. പക്ഷേ പോകുന്നത് ലോകക്കാരുടെയിടയിലേക്കാണ്. ലൂക്കോ.10:3-ൽ "പോകുവിൻ, ചെന്നായ്ക്കളുടെ നടുവിൽ കുഞ്ഞാടുകളേപ്പോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു." ലോകത്തിൽ പലരും ചെന്നായ്ക്കളെപ്പോലെയായിരിക്കും. അവരാൽ കടിച്ചുകീറപ്പെടുമ്പോൾ ക്രിസ്തുവിന്റെ ഗാഗുൽത്താ അനുഭവത്തിന്റെ ചെറിയ ഒരു അംശം മാത്രമാണെന്ന് വിചാരിച്ചാൽ മതി. അപ്പൊ.പ്ര.20-ാം അദ്ധ്യായത്തിൽ 29-31 വാക്യങ്ങൾ വായിച്ചാട്ടെ. "ഞാൻ പോയ ശേഷം, ആട്ടിൻകൂട്ടത്തെ ആദരിക്കാത്ത കൊടിയ ചെന്നായ്ക്കൾ നിങ്ങളുടെയിടയിൽ കടക്കുമെന്ന് ഞാനറിയുന്നു. ശിഷ്യന്മാരെ തങ്ങളുടെ പിന്നാലെ വലിച്ചു കളവാനായി വിപരീതോപദേശം പ്രസംഗിക്കുന്ന പുരുഷന്മാർ നിങ്ങളുടെയിടയിൽ നിന്നും എഴുന്നേൽക്കും, അതുകൊണ്ട് ഉണർന്നിരിപ്പിൻ. ഞാൻ മൂന്ന് സംവത്സരം രാപ്പകൽ ഇടവിടാതെ കണ്ണുനീർ വാർത്തുംകൊണ്ട് ഓരോരുത്തന് ബുദ്ധിപറഞ്ഞത് ഓർത്തുകൊൾവിൻ." മാത്രമല്ല, "ക്രിസ്തുവിൽ വിശ്വസിക്കുവാൻ മാത്രമല്ല, അവിടുത്തെ പ്രതി കഷ്ടതസഹിക്കുവാൻ കൂടിയുള്ള വരം ദൈവം നിങ്ങൾക്ക് നൽകിയിരിക്കുന്നു" (ഫിലി.1:29).

EDITORIAL BOARD

ചീഫ് എഡിറ്റർ: ദേവസ്യാ മുല്ലക്കരസാർ
എഡിറ്റർ: പാ:ടോമിച്ചൻ വട്ടപ്പാറയിൽ
സർക്കുലേഷൻ മാനേജർ: പാ: ജോയിച്ചൻ
പാ: അബ്രാഹം, പാ: ജോർജ്ജ്, പാ:സോജൻ
പാ: യേശുദാസ്, പാ: മാത്യു, പാ: ജോണി
ആർട്ടിസ്റ്റ്: ജോസഫ് ഫ്രാൻസിസ്,
ഡി.റ്റി.പി: സ്നേഹ ജോയിച്ചൻ,
സ്റ്റിൽസ്: പ്രിൻസ് ജോസ്,
ലേഔട്ട് & ഡിസൈൻ : ജസ്റ്റിൻ

Fundamental Knowledge of True Theology - Chapter : 31



# നിത്യത

## (യുഗാന്ത്യവിജ്ഞാനീയം)

പാ : രാധാകൃഷ്ണൻ (Church of Eternity, Thrippunithura)

ഭൂമിയിൽ മനുഷ്യൻ തന്റെ പരിമിതമായ ജീവിത കാലയളവിനെ തൊട്ടറിഞ്ഞും സാക്ഷ്യം വഹിച്ചും അതിനപ്പുറമെന്തെന്നുള്ള, അഥവാ, മരണത്തിന്റെ മറുകര തേടിയുള്ള അന്വേഷണം യുഗയുഗാന്തരങ്ങളായിട്ട് അവൻ തുടരുകയാണ്. ഇതിന് മറ്റൊരു ഭാഷ്യം ദൈവത്തെ തേടിയുള്ള മനുഷ്യന്റെ അന്വേഷണമെന്നതാണ്.

മനുഷ്യന്റെ സ്വയാന്വേഷണങ്ങൾ അവനെ ലക്ഷ്യത്തിലെത്തിക്കാൻ പര്യാപ്തമാകാതെ പല ചെറുതുരുത്തുകളിൽ എത്തിച്ചു വെന്നല്ലാതെ യഥാർത്ഥ ലക്ഷ്യത്തിലെത്തുന്നില്ല. മരത്തടികൾ ചേർത്തുകെട്ടിയ ചങ്ങാടങ്ങളിലും ചെറുതോണികളിലും തുഴഞ്ഞ് അവർ എവിടം വരെയെത്തും. നാമുപയോഗിച്ചിരുന്ന കാളവണ്ടികളും പാശ്ചാത്യയാത്രാ സംവിധാനങ്ങളായിരുന്ന കുതിരയും കുതിരവണ്ടിയും കഴുതപ്പുറവും, ആധുനിക കണ്ടുപിടുത്ത ങ്ങളുടെ പിടിയിലമർന്ന് അപ്രത്യക്ഷമായെങ്കിലും ഇന്നും അതിവേഗട്രെയിനിൽ ഓടിക്കിതച്ച് അവൻ ഏവിടെ വരെ യെത്താം, ആകാശത്തിലൂടെ പറന്ന് പറന്ന് അവൻ ഏതറ്റം വരെയെത്തും?

അപാരത, സമുദ്രത്തിനുള്ള കവിയുടെ അലങ്കാര ഭാഷയാണ്. നഗ്നനേത്രങ്ങൾകൊണ്ട് നോക്കവെ പാരം അഥവാ അറ്റം കാണാത്തതിനാലാണ് അപാരത എന്നു പറഞ്ഞിരി ക്കുക. കടലിനപ്പുറം ഒരു കരയുണ്ട്; മനുഷ്യൻ അവിടേയ്ക്ക് സ്വയം യാത്ര ചെയ്തെത്താവുന്നതാണ്. മനുഷ്യൻ അന്വേഷണം അങ്ങേയറ്റത്തെത്തിയാലും അവൻ തുടങ്ങിയ യിടത്തുതന്നെയാണ് എത്തിച്ചേരുക; കരയിൽ നിന്നും കരയിലേക്കാണ് അവനെത്തുക.

മുൻലക്കത്തിൽ നാം സഹസ്രാബ്ദവാഴ്ചയെക്കുറിച്ചും അവയ്ക്കൊടുവിൽ വരുവാനിരിക്കുന്ന ക്രിസ്തുയേശുവിന്റെ ഒലിവുമലയിൽ കാൽ വെച്ചുകൊണ്ടുള്ള മഹത്വപ്രത്യക്ഷത എന്ന രണ്ടാം വരവിനെക്കുറിച്ചും പ്രസ്താവിച്ചുകഴിഞ്ഞു. ഇനി എന്തെന്നുള്ള നിത്യതയെക്കുറിച്ച് അഥവാ സ്വർഗ്ഗത്തെക്കുറിച്ച് ആഴമായി വിശുദ്ധവേദപുസ്തകത്തിൽ തപ്പിനോക്കുമ്പോൾ, അപാരതയിൽനിന്നും അഥവാ നിത്യതയിൽനിന്നും മനുഷ്യൻ അധിവസിക്കുന്ന കാലവൃത്തത്തിന്റെ പരിധിയിലേക്ക് ഇറങ്ങിവന്ന് ദൈവം മനുഷ്യന്റെ കണ്ണീരൊപ്പി സമാശ്വസിപ്പിക്കുകയും ഉത്തരം നൽകുകയും ചെയ്യുന്നതു കൂടി വേദപുസ്തകത്തിൽ കാണാം.

കാലയവനികയെ മേലറ്റം മുതൽ താഴെ വരെ വലിച്ചുകീറിയ ക്രിസ്തുയേശു, വിശ്വസിക്കുന്ന സകല മനുഷ്യർക്കുമായി, നിത്യതയിലേക്ക് വഴി തുറന്നിരിക്കു കയാണ്. പാദശുദ്ധി വരുത്തി നാം അതിലേക്ക് കാലെടുത്ത് വച്ചാൽ മതി. ക്രിസ്തുവിന്റെ ജീവിതത്തെ കീറി മുറിച്ച് അവൻ സ്വയം ഒരുക്കിയ ഏകമാർഗ്ഗമല്ലാതെ മറ്റൊന്ന് മനുഷ്യകുല ത്തിനായി ദൈവം ഒരുക്കിയിട്ടില്ല. ദൈവത്തിന്റെ അഗാധ ത്വത്തെ ഗ്രഹിക്കുവാൻ മനുഷ്യർക്ക് സ്വയം സാധ്യമല്ല; നിഗൂഢത തന്നെയാണ് അവന്റെ മഹത്വം. ദൈവംതന്നെ വിളിച്ചുവേർതിരിച്ച ഒരുപറ്റം ജനത്തോട്, അന്ന് ഇടിനാദത്തിനനുസൃമായ ശബ്ദത്തിൽ സംസാരിച്ചപ്പോൾ ഇരുചെവിയും പൊത്തി ഭയന്നോടിയൊളിച്ച ദൈവജനത്തിന്റെ ചിത്രം വേദപുസ്തകത്തിൽ പുറപ്പാട് 20:19–ൽ കാണാം.

കാലത്തിന്റെ തികവിൽ കാലാതീതനായ ദൈവം മനുഷ്യനിലേക്ക് ഇറങ്ങിവരവെ അവന്റെ കണ്ണും ചെവിയും തുറന്ന് കിട്ടുകയും നിത്യനായ ദൈവത്തിന്റെ നേർവെളിച്ചം അവന് കിട്ടിത്തുടങ്ങുകയുമാണ്. "എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു" (യോഹ.14:9) എന്ന് യേശു ശിഷ്യരോട് പ്രത്യുത്തരം പറയുമ്പോഴും തേജസ്ക്കരിക്കപ്പെട്ട ക്രിസ്തുവിനെ കണ്ടപ്പോൾ, കേട്ടപ്പോൾ മരിച്ചവനേപ്പോലെ കമിഴ്ന്നടിച്ച് താഴെ വീണുപോയ ശിഷ്യന്മാരുടെ ചിത്രം നാം വേദപുസ്തകത്തിൽ കാണുന്നു (മത്താ.17:6, വെളി.1:17). പഴയനിയമത്തിലുടനീളം ദൈവത്തെ തേജസ്സായും വാക്രൂപത്തിലും മനുഷ്യപുത്രനായും ദൂതന്മാരിലും കണ്ടതിനെക്കുറിച്ചും പ്രതിപാദിച്ചിട്ടുണ്ട്. ദൈവത്തെ കണ്ടതുകൊണ്ട് നിലവിളിച്ച യേശയ്യാവിനെയും (യേശ.6:5, ശിംശോന്റെ മാതാവായ മനോഹയെയും (ന്യായ.13:22). അപൂർവ്വം ചിലരായി നാം കാണുന്നു. പഴയനിയമ

Fundamental Knowledge of True Theology - Chapter : 31

# നിത്യത

**പാ: രാധാകൃഷ്ണൻ**

വിശുദ്ധന്മാരെല്ലാം ആ രീതിയിൽ, വാക്രൂപേണ എങ്കിലും ദൈവത്തെ ഭാഗികമായി അറിഞ്ഞവരാണ്. ന്യായപ്രമാണ ത്തിന്റെ വക്താവായ മോശെയും ദൈവത്തെ അന്ന് അംശമായാണ് കണ്ടത് (പുറ.33:20–23).

പുതിയനിയമം യേശുക്രിസ്തുവിനെ ദൈവത്തിന്റെ സമ്പൂർണ്ണവെളിപ്പാടായി അവതരിപ്പിക്കുമ്പോൾ (യോഹ.1:18, 1യോഹ.5:20, കൊളോ.1:15, 1:19, 2:9, റോമ.9:5, യോഹ.10:30) ഉയിർത്തെഴുന്നേറ്റ ക്രിസ്തു ഇന്ന് സ്വർഗ്ഗസ്ഥനാണ് (ഹെബ്രാ.1:3). ദൈവസമ്പൂർണ്ണത സ്വർഗ്ഗത്തിലാണ് ദർശിക്കുക (മത്താ.6:9). യേശുവോട് ചേർന്ന് ജീവൻ പ്രാപിച്ച് പുതുസൃഷ്ടിയായി രൂപാന്തരപ്പെട്ട്, ആത്മാവിലും ദേഹിയിലും ശരീരത്തിലും ക്രിസ്തു എന്ന ശിരസ്സോളം വളർന്ന് ഒരു വിശുദ്ധനായാൽ മാത്രമേ സ്വർഗ്ഗത്തിൽ ദൈവസന്നിധിയിൽ ചെന്നുചേരുവാൻ സാധിക്കുകയുള്ളു. ഇതാണ് സമ്പൂർണ്ണ ദൈവദർശനം, സ്വർഗ്ഗപ്രാപ്തി, അഥവാ നിത്യതയിലുള്ള ജീവിതം. ഭൂമിയിൽ മനുഷ്യൻ പരിശുദ്ധാത്മാവിനാൽ വീണ്ടും ജനിച്ചാലും, വീണ്ടും ജനിക്കാത്ത ആദ്യഘടകമായ മനുഷ്യശരീരം ഉള്ളിടത്തോളം ദൈവത്തെ അതിന്റെ പരിപൂർണ്ണതയിൽ അറിയുവാനൊ കാണുവാനൊ സാധ്യമല്ല (1 കൊരി.13:12, 1 തെസ്സ.5:23, 1 യോഹ.3:2) അതിനാണ് ദൈവം, വിശ്വസിക്കുന്ന മനുഷ്യർക്ക് പാപമോചനമെന്ന വിശുദ്ധീ കരണം തന്റെ കാൽവരിയാഗത്തിലൂടെ ഒരുക്കിയിരിക്കുന്നത്. ദൈവത്താൽ നീതീകരിക്കപ്പെടുകയും വിശുദ്ധീകരി ക്കപ്പെടുകയും ചെയ്യുന്ന വിശ്വസിക്കുന്ന മനുഷ്യനിലേക്ക് (വിശ്വാസി) നിത്യജീവന്റെ ഉൾപ്രവേശനം ലഭിക്കുന്നു. അവന്റെ ഉൾച്ചെവിയും കണ്ണും തുറന്ന് അവന് ദൈവത്തെ കേൾക്കുവാനും കാണുവാനും സാധിച്ചുതുടങ്ങുന്നു. യേശുവിനേപ്പോലെ, പൂർണ്ണവിശുദ്ധീകരണം ജീവിതാന്ത്യം വരെ ലഭിക്കുന്നോരു മനുഷ്യൻ, യേശുക്രിസ്തുവിന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപമായി രൂപാന്തര പ്പെടുകയാണ് ചെയ്യുന്നത് (ഫിലി.3:21).

നിത്യതയെക്കുറിച്ച് ഈ വേള എഴുതിത്തു ടങ്ങണമെങ്കിൽ അവയ്ക്ക് മുന്നോടിയായി നിത്യജീവനെ ക്കുറിച്ചും, ക്രിസ്തുവിൽ നിറവേറപ്പെട്ട ക്രൂശിലെ ന്യായവിധി യെക്കുറിച്ചും, സഭയ്ക്കുള്ളിലെ ന്യായവിധി യെക്കുറിച്ചും, അന്തിമന്യായവിധിയെക്കുറിച്ചും, സ്വർഗ്ഗത്തെക്കുറിച്ചും, നരകത്തെക്കുറിച്ചും പറഞ്ഞ് മാത്രമേ സാധിക്കുന്നുള്ളു.

## നിത്യജീവൻ

''സ്വർഗ്ഗത്തിലേപ്പോലെ ഭൂമിയിലും'' ദൈവം ആവിഷ്ക്കരിച്ചതിന്റെ ചിത്രമായിരുന്നു ഭൗമീകപറുദീസയായ ഏദെൻതോട്ടം. ദൈവാനുരൂപനായി സൃഷ്ടിക്കപ്പെട്ട മനുഷ്യനിൽ, തന്റെ നിശ്വാസത്താൽ ജീവൻ ലഭിച്ചെങ്കിലും ദൈവത്തിൽ നിന്നും നിത്യജീവന്റെ ആഹാരം – ഫലം വാങ്ങിച്ച് ഭക്ഷിക്കാതെ, പിശാചിനാൽ പാപക്കനി തിന്ന് ആത്മീകമരണം സംഭവിച്ച മനുഷ്യൻ, ആ അവർണ്ണനീയമായ ദൈവാനുഭവത്തിൽ നിന്നും പുറത്താക്കപ്പെട്ടു; അവന്റെ ഹൃദയകവാടങ്ങൾ ദൈവത്തിനെതിരെ പാപത്താൽ കൊട്ടിയടയ്ക്കപ്പെട്ടുപോയി; ലക്ഷ്യമില്ലാതെ അവനെങ്ങോ ഓടിയൊളിച്ചു. പാപം വർദ്ധിച്ച് സകല മനുഷ്യരും "തന്റെ വഴി" വഷളാക്കിയപ്പോൾ ഭൂമി മുഴുവനെയും കഴുകി ശുദ്ധി വരുത്തുക എന്നതായിരുന്നു ദൈവം ചെയ്തത്. മനുഷ്യനെ ഭൂമിയിൽ പിന്നെയും വർദ്ധിച്ച് പെരുകി വാഴുവാൻ അവശേഷിപ്പിച്ച നോഹയും കുടുംബവും മാത്രം ആ ന്യായവിധിയിൽ നിന്നും ദൈവത്താൽ സുരക്ഷിതമാക്കപ്പെട്ടു. എങ്കിലും, "സകല മനുഷ്യരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാതാക്കിയവരാണെന്ന്'' (റോമ.3:23) വേദപുസ്തകം പഠിപ്പിക്കുന്നു. നോഹയുടെ സന്തതികളാൽ ഭൂമിയിൽ ജാതികളുടെ ഉത്ഭവമുണ്ടായി. ഷേമിൽ നിന്നുമാണ് ദൈവം വിളിച്ച് വേർതിരിച്ച ''ദൈവജനമായ'' യിസ്രയേലിന്റെ തുടക്കമെങ്കിലും മറുവശം ഹാമിൽ നിന്നും യാഫത്തിൽ നിന്നും ഉള്ളവർ ദൈവത്തിൽനിന്നുമകന്ന് ദേശങ്ങളിൽ ചിതറിക്കപ്പെട്ടു. ദൈവം കാത്തുസൂക്ഷിച്ച, അബ്രഹാമിലൂടെ വിളിക്കപ്പെട്ട ജനം, ഉല്പ.3:15–ലെ വാഗ്ദത്തമായ, പിശാചിന്റെ അധികാരത്തെ നീക്കിക്കളയുക എന്നതിനായി കാത്തിരുന്നു. ക്രിസ്തുവെന്ന രക്ഷകൻ വരുവോളം സ്വയം കാത്തു സൂക്ഷിക്കുവാൻ മോശെ വഴി ന്യായപ്രമാണം എന്ന നിയമം അവർക്ക് ദൈവം കല്പിച്ചേകി. ദേശത്തെയും സന്തതിയെയും നിത്യരാജ്യത്വവും ദൈവം അവർക്ക് വാഗ്ദത്തം ചെയ്തു.

പാപത്താൽ മരിച്ച മനുഷ്യന്റെ ദേഹി (യെഹ.18:20) ക്കൊപ്പം അവന്റെ ആത്മാവും മരിച്ചതുപോൽ ഉറങ്ങിപ്പോയി. ജ്ഞാനിയായ ശലോമോൻ ദൈവവചനത്തെ എഴുതിച്ചേർ ത്തിരിക്കുന്നു: "പൊടി പണ്ടായിരുന്നതുപോലെ ഭൂമിയിലേക്ക് തിരികെച്ചേരും" (സഭാപ്ര.12:7, ഉല്പ.3:19). ഇനി മണ്ണിലേക്ക് ചേരാതെ വിണ്ണിലേക്ക് എടുക്കപ്പെടുവാൻ മനുഷ്യനിൽ വല്ലതുമുണ്ടോ? സൃഷ്ടികർത്താവിന്റെ വാക്കുകൾ കേൾക്കുവിൻ. ''ജഡത്തിൽ ജനിച്ചത് ജഡമാകുന്നു'' (യോഹ.3:6); മാംസം ഒന്നിനും ഉപകരിക്കുന്നില്ല (യോഹ.6:63)

Fundamental Knowledge of True Theology - Chapter : 31

# നിത്യത

**പാ: രാധാകൃഷ്ണൻ**

തീർന്നില്ല, വിശുദ്ധ പൗലോസിസൂടെ ദൈവാത്മാവ് സംസാരിച്ചതോ; "സഹോദരന്മാരെ, മാംസരക്തങ്ങൾക്ക് ദൈവരാജ്യത്തെ അവകാശമാക്കുവാൻ കഴിയുകയില്ല, നശ്വരത അനശ്വരതയെ അവകാശമാക്കുകയില്ല എന്നു ഞാൻ പറയുന്നു (1 കൊരി.15:50), "എന്നിൽ, എന്നുവച്ചാൽ ജഡത്തിൽ നന്മ വസിക്കുന്നില്ല എന്നു ഞാനറിയുന്നു" (റോമ.7:18).

അനശ്വരതയെ അഥവാ നിത്യതയെ – ദൈവരാജ്യത്തെ അവകാശമാക്കുവാൻ മനുഷ്യൻ എന്ത് ചെയ്യും? അവൻ നശ്വരനാണ് – മരിക്കുന്നവനാണ് – മർത്യനാണ്. "ദൈവം മനുഷ്യരുടെ ഹൃദയത്തിൽ നിത്യതയെ വച്ചിരിക്കുന്നു എന്ന് സഭാപ്രസംഗി (സഭാ.3:11) പറയുന്നതിന്റെ പൊരുളെന്ത്? ജീവിച്ചിരിക്കെ തന്നെ പാപത്തിൽ മരിച്ച മനുഷ്യനെ നോക്കി ഇതെങ്ങനെ ശരി വെയ്ക്കും?

മനുഷ്യന് ഏറ്റവും ആവശ്യം പാപമോചനമാണ്. സകല മനുഷ്യരും, യഹൂദനെന്നോ ജാതി എന്നോ വ്യത്യാസമില്ലാതെ പാപത്തിൻ കീഴിൽ അകപ്പെട്ടവരാണ് (ഗലാ.3:22). ദൈവമായ ക്രിസ്തു മനുഷ്യനായി അവതരിച്ച് കാൽവരിയാഗത്തിലൂടെ പാപങ്ങൾക്ക് പരിഹാരം വരുത്തിയ, സുവിശേഷം കേൾക്കുന്ന, കേട്ട് വിശ്വസിക്കുന്ന ഏവർക്കുമാണ് പാപമോചനം (അപ്പൊ.പ്ര.13:38, 39,10:43). ക്രിസ്തുവിൽ വിശ്വസിക്കുന്ന മനുഷ്യന് പാപമില്ലായ്മ അഥവാ മോചനം ലഭിക്കുന്നു. മനുഷ്യന്റെ പ്രവൃത്തിയാൽ പാപമോചനം സാധ്യമല്ല; ദൈവത്തിന്റെ പ്രവൃത്തിയാൽ ഇത് സാധ്യമായിരിക്കുന്നു. അറിഞ്ഞ് വിശ്വസിച്ചാൽ മാത്രം മതി; അവനിലേക്ക് ദൈവം ഉൾപ്രവേശിക്കുന്നു. നിത്യനായ ദൈവം, വിശ്വസിക്കുന്ന ഒരു മനുഷ്യന്റെ ഉള്ളിൽ വന്ന് അവന്റെ ആത്മാവിനെ തട്ടിയുണർത്തി ജീവൻ നൽകവെ അവനിൽ നിത്യത ആരംഭിക്കുന്നു. അവർ, "സ്വർഗ്ഗപൗരന്മാരായി തീരുന്നു" (ഫിലി.3:20). ഇത് തന്നെയാണ് വീണ്ടുംജനനവും.

## വീണ്ടുംജനനവും നിത്യതയും

ഒരു മനുഷ്യൻ ജനിച്ചാൽ അവൻ വളർന്ന് പ്രായപൂർത്തിയിൽ മരിക്കുന്നു, അവൻ പിന്നെ ഇല്ല! ഒരു ആത്മീയന്റെ നോക്കിക്കാണലിൽ അവൻ ഭൂമിയിൽ രോഗത്തിലും ദു:ഖത്തിലും നിരാശയിലും പ്രത്യാശയില്ലായ്മയിലുമാണെന്ന് കണ്ടെത്തുന്നു. നോക്കിക്കണ്ട മനുഷ്യനും പാപത്തിൽ ജനിച്ച മനഷ്യൻ തന്നെയായിരുന്നു (സങ്കീ.51:5). എന്നാൽ ആ മനുഷ്യന് ദൈവത്തിന്റെ കൃപ ലഭിച്ചു. ക്രിസ്തു തന്റെ ബലിയിലൂടെ തന്റെ ലംഘനങ്ങൾ ക്ഷമിക്കുകയും പാപത്തെ തന്റെ രക്തത്താൽ മറച്ചും കിട്ടിയെന്ന്" (സങ്കീ.32:1) പുതിയനിയമവെളിപാടുകളിലൂടെ അറിഞ്ഞ്; അവൻ വിശ്വസിക്കുകയും സ്വതന്ത്രനാകുകയും ചെയ്തു. ജ്ഞാനബാഹുല്യത്തിന്മേൽ ദൈവകൃപ കുതിച്ചൊഴുകിയെത്തി; ദൈവപരിജ്ഞാനം അവനെ മൂടി. സുവിശേഷം ഹൃദയകവാടങ്ങളെ വലിച്ചുതുറന്നു. "തന്റെ പ്രാണനെ ക്രിസ്തു പാതാളത്തിന്റെ അധികാരത്തിൽ നിന്ന് വീണ്ടെടുത്ത" (സങ്കീ49:15) സദ്വാർത്ത – മനുഷ്യൻ കേട്ടു. അതിന്റെ കാരണഭൂതനായ ക്രിസ്തുവിൽ സത്യദൈവത്തെ കേട്ടറിഞ്ഞ് വിശ്വസിക്കുവാൻ വരം ലഭിച്ചു. "ദൈവത്തിന്റെ കൃപാവരമൊ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നെ" (റോമ.6:23, യോഹ.3:16). വിശ്വസിക്കുന്ന മനുഷ്യന്റെയുള്ളിൽ ആത്മാവാം ക്രിസ്തു, ഉയിർത്തെഴുന്നേറ്റവൻ – ജീവൻ, കടന്നുവന്ന് ജീവൻ നൽകുന്നതാണ് വീണ്ടുംജനനം. വീണ്ടും ജനിച്ചവൻ പാപത്തിൽ നിന്നും ശാപത്തിൽ നിന്നും നിത്യശിക്ഷാവിധിയിൽ നിന്നും ക്രിസ്തുവിൽ മോചനം അഥവാ സ്വാതന്ത്ര്യം ലഭിച്ചവനാണ് (ഗലാ.5:1, യോഹ.8:31,32,36). അവൻ പുതിയ സൃഷ്ടിയാണ് (2 കൊരി.5:17). അവൻ ദൈവരാജ്യത്തെ പഠിക്കുന്നവനായി തീരുന്നു (യോഹ.3:3,കൊളോ.3:1–4). ജാഗരൂകതയോടെ വചനത്തിലൂടെ അതിനെ അന്വേഷിച്ച് കണ്ടെത്തുന്നവനായി തീരുന്നു (മത്താ.6:33, മത്താ.7:7, അപ്പൊ.പ്ര.17:27, 1 ദിന.16:11, സങ്കീ.14:2). മരണത്തെ ജയിച്ച ഉയിർത്തെഴുന്നേറ്റ ക്രിസ്തുവാണ് ജീവൻ. അതിനാലാണ് സുവിശേഷം നമ്മോട് നിരന്തരം ഇടപെടുന്നത്: "പുത്രനിൽ വിശ്വസിക്കുന്നവന് നിത്യജീവനുണ്ട്" (യോഹ.3:36), "എന്റെ വചനം കേട്ട് എന്നെ അയച്ചവനിൽ വിശ്വസിക്കുന്നവന് നിത്യജീവനുണ്ട്" (യോഹ.5:24). "പുത്രനെ നോക്കി അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവനുണ്ടാകണമെന്നാണ് എന്റെ പിതാവിന്റെ ഇഷ്ടം" (യോഹ.6:40). "സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവന്റെ അപ്പം ഞാനാകുന്നു. ഈ അപ്പം തിന്നുന്നവനെല്ലാം എന്നേക്കും ജീവിക്കും" (യോഹ.6:51). "മാംസം ഒന്നിനും ഉപകരിക്കുന്നില്ല; ഞാൻ നിങ്ങളോട് സംസാരിച്ച വചനങ്ങൾ ആത്മാവും ജീവനുമാകുന്നു. ജീവിപ്പിക്കുന്നത് ആത്മാ വാകുന്നു" (യോഹ.6:63). കൂടാതെ പ്രവാചകനായ യേശ യ്യാവിലൂടെ "നിങ്ങൾ ചെവി ചായ്ച്ച് എന്റെയടുക്കൽ വരുവിൻ; നിങ്ങൾക്ക് ജീവനുണ്ടാകേണ്ടതിന് കേട്ടുകൊൾവിൻ" (യെശ.55:3) എന്നു പറഞ്ഞതും "എളിയവർ തിന്ന് തൃപ്ത രാകും, യഹോവയെ അന്വേഷിക്കുന്നവർ അവനെ സ്തുതിക്കും; നിങ്ങളുടെ ഹൃദയം

Fundamental Knowledge of True Theology - Chapter : 31

# നിത്യത

## പാ: രാധാകൃഷ്ണൻ

എന്നേക്കും സുഖമായിരിക്കട്ടെ" (സങ്കീ.22:26) എന്നതും എല്ലാം നമ്മുടെയുള്ളിൽ ജീവാത്മാവിനെ പകർന്നുനൽകുന്ന ജീവന്റെ വചനങ്ങളാണ് (യോഹ.17:3, 1 കൊരി.15:55, യോഹ.11:25–26, യോഹ.6:27, യോഹ.10:27–28, യോഹ.4:14). പഠനോത്സുകരായ ഏവരും ഈ വചനങ്ങളൊക്കെയും വായിച്ച് ധ്യാനിക്കേണ്ടതുണ്ട്. വീണ്ടുംജനിച്ചവൻ, ക്രിസ്തുയേശുവിലുള്ള വിശ്വാസത്താൽ ദൈവത്തിന്റെ മക്കളാകുന്നു (ഗലാ.3:26), കാരണം, അവനിൽ കുടികൊള്ളുന്നത് ദൈവം തന്നെയായ ദൈവപുത്രന്റെ ആത്മാവാണ് (ഗലാ.4:6,7, റോമ.8:29–30, യോഹ.1:12–13, 1 പത്രൊ.23, റോമ.8:17).

വേദപുസ്തകത്തിന്റെ ആരംഭത്തിൽതന്നെ ദൈവം മനുഷ്യനോട് കല്പിച്ചതാണ് "നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറയുവിൻ" (ഉല്പ.1:28). എന്നാൽ പെരുകി നിറഞ്ഞത് മുഴുവൻ പാപത്താൽ ഉരുവായ പാപജനതതികൾ മാത്രമായിരുന്നു. ദൈവത്താൽ ജനിപ്പിക്കപ്പെടുന്ന വീണ്ടും ജനിച്ച മനുഷ്യന്റെ പെരുകലിൽ മാത്രമേ ദൈവത്തിന് പ്രസാദമുള്ളു.

"ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു; ആകാശവിതാനം അവന്റെ കരവേലയെ പ്രസിദ്ധമാക്കുന്നു" (സങ്കീ.19:1). ദൈവമഹത്വത്തെ വർണ്ണിക്കുവാൻ തക്കവിധം ആകാശത്തിലെന്തുണ്ട്? എന്താണ് ആകാശവിതാനത്തിൽ അവന്റെ കരവേല? 'വെളിച്ചമുണ്ടാകട്ടെ' എന്ന് ആദിയിൽ കല്പിച്ച ദൈവം ആകാശവിതാനത്തിൽ സൂര്യചന്ദ്രാദി നക്ഷത്രങ്ങളെ സൃഷ്ടിച്ചതാണൊ മഹത്വകാരണം? അവയൊക്കെയും സൃഷ്ടവസ്തുക്കളല്ലേ?

എന്നാൽ ദൈവമഹത്വത്തെ എന്നും വാഴ്ത്തുമാറ് അവന്റെ കരവേലയെ എങ്ങും പ്രസിദ്ധമാക്കുമാറ് ദൈവം എന്തുചെയ്തു എന്ന് നോക്കാം. ദൈവം അബ്രഹാമിന് കൊടുത്ത വാഗ്ദത്തമാണിത്. ''പിന്നെ അവൻ പുറത്തുകൊണ്ടുചെന്നു. നീ ആകാശത്തേക്ക് നോക്കുക; നക്ഷത്രങ്ങളെ എണ്ണുവാൻ കഴിയുമെങ്കിൽ എണ്ണുക എന്ന് കല്പിച്ചു. നിന്റെ സന്തതി ഇങ്ങനെയാകും എന്ന് അവനോട് കല്പിച്ചു'' (ഉല്പ.15:5). യഹോവയിലും അവന്റെ വാഗ്ദത്തത്തിലും അചഞ്ചലമായി വിശ്വസിച്ചതിനാൽ നീതീകരിക്കപ്പെട്ടവനാണ് അബ്രഹാം. ഭൂമിയിൽ വെളിപ്പെട്ട ദൈവമാകുന്ന ക്രിസ്തുവിൽ വിശ്വസിക്കുന്ന ഏവനും നീതീകരിക്കപ്പെടുന്നു (റോമ.3:21). അതുവഴി വിശ്വാസികൾ അബ്രഹാമിന്റെ മക്കളായിത്തീരുന്നു (റോമ.4:11,17). നാമൊ സഹോദരന്മാരെ യിസഹാക്കിനെപ്പോലെ വാഗ്ദത്തത്താൽ ജനിച്ച മക്കളാകുന്നു" (ഗലാ.4:28). "ജഡപ്രകാരം ജനിച്ച മക്കളല്ല ദൈവത്തിന്റെ മക്കൾ; വാഗ്ദത്തപ്രകാരം ജനിച്ച മക്കളാണ് സന്തതി എന്ന് എണ്ണുന്നത്" (റോമ.9:8).

അബ്രഹാമിന് നൽകിയ വാഗ്ദത്തപ്രകാരം അവന് ലഭിച്ച സന്തതി യിസഹാക്കാണ്; എന്നാൽ ഇത് നിഴലാണ്. അബ്രഹാമിന്റെ പുത്രൻ ഏകജാതനായ യേശുവാണ് (മത്താ.1:1). അവനാണ് വാഗ്ദത്തസന്തതി (ഗലാ.3:19). യേശു ദൈവവും ദൈവപുത്രനുമാണ്. യേശുവിനെ ഹൃദയത്തിൽ കൈക്കൊള്ളുന്നവർക്ക് ദൈവമക്കളായിത്തീരുവാൻ അവന്റെ ആത്മാവിനാൽ സാധിക്കുന്നു (യോഹ.1:12,13). ന്യായപ്രമാണത്തെ അനുസരിച്ച് പൂർത്തീകരിച്ച് നീതി സ്ഥാപിക്കുവാൻ അബ്രഹാമിനൊ യിസഹാക്കിനൊ അവന്റെ തലമുറയ്ക്കൊ സാധിച്ചില്ല. ദൈവം അബ്രഹാമിന് വാഗ്ദത്തം നൽകിയ സന്തതിയായ യേശുവിനാലാണ് സാധിച്ചത് (റോമ.10:4, 5:1). "യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ നിങ്ങളെല്ലാവരും ദൈവത്തിന്റെ മക്കളാകുന്നു" (ഗലാ.3:26) എന്നു പറയുവാൻ കാരണം, യേശുവിനെ നാം വിശ്വസിച്ച് സ്വീകരിക്കവെ- ഉൾക്കൊള്ളവെ, ദൈവത്തെയാണ്, ദൈവാത്മാവിനെയാണ്, ദൈവപുത്രന്റെ ആത്മാവിനെ തന്നെയാണ് ഹൃദയത്തിൽ സ്വീകരിക്കുകയും നാം ദൈവപുത്രന്മാരായിത്തീരുകയും ചെയ്യുന്നത് (ഗലാ.4:6–7, റോമ.8:29,30).

ക്രിസ്തുവിൽ നീതീകരിക്കപ്പെട്ടവരാണ് ദൈവമക്കൾ; അവർ വിശ്വാസികളുടെ പിതാവായ അബ്രഹാമിന്റെ പുത്രന്മാരുമാണ്; "അനേകരെ നീതിയിലേക്ക് നയിക്കുന്നവരും ആകാശത്തിലെ നക്ഷത്രങ്ങളെപ്പോലെ എന്നുമെന്നേക്കും പ്രകാശിക്കുന്നവരുമാണ്" (ഉല്പ.15:5, ദാനി.12:3). അതിനാലാണ് യേശു, തന്റെ ശിഷ്യന്മാരെ നോക്കി അവരോട്, "നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ്" എന്ന് പറഞ്ഞത്. സൂര്യന്റെ പ്രകാശത്താൽ പ്രതിപ്രകാശിക്കുന്ന ചന്ദ്രമണ്ഡലമല്ല നമ്മൾ. നീതിസൂര്യനായ ദൈവം, പാപത്താൽ ഇരുണ്ടുപോയ സർവ്വലോകത്തെയും പ്രകാശിപ്പിക്കുവാനായി ഇറങ്ങിവന്ന ലോകത്തിന്റെ വെളിച്ചമായ ക്രിസ്തുയേശുവിൽ – പ്രകാശിക്കുന്ന സ്വർഗ്ഗമണ്ഡലത്തിലെ–ദൈവരാജ്യത്തിലെ നക്ഷത്രവെളിച്ചങ്ങളാണ് നാം (ആത്മീയമനുഷ്യർ). സ്വർഗ്ഗത്തിൽനിന്നും ഇറങ്ങി സ്വർഗ്ഗത്തിലേക്ക് കയറിപ്പോയ ദൈവപുത്രന്റെ" (യോഹ.3:13) ആത്മാവുള്ളവരാണവർ. അവർക്ക് ദൈവരാജ്യത്തിൽ കടക്കാൻ സാധിക്കും; അവർ

Fundamental Knowledge of True Theology - Chapter : 31

# നിത്യത

പാ: രാധാകൃഷ്ണൻ

വീണ്ടും ജനിച്ചവരാണ്. അവർ ജനിച്ചത് ഉന്നതത്തിൽ നിന്നുമാണ് (യോഹ.3:5,27). മാനുഷികജനനത്തിന്റെ ജനകൻ മനുഷ്യനാണ്. ഇതും അബ്രഹാമിന് കൊടുത്ത മറ്റൊരു വാഗ്ദത്തമാണ്. "ഞാൻ നിന്റെ സന്തതിയെ ഭൂമിയിലെ പൊടി പോലെയാക്കും; ഭൂമിയിലെ പൊടി എണ്ണുവാൻ കഴിയുമെങ്കിൽ നിന്റെ സന്തതിയെയും എണ്ണാം" (ഉല്പ.13:16). അത്യുന്നതനായ ദൈവത്തിന്റെ പുത്രനിൽ വിശ്വസിക്കുന്നവർ-മണ്ണിൽനിന്നും ജനിച്ചവർ-അസംഖ്യമായ വിൺതാരകങ്ങളെപ്പോലെ ആത്മീയ മനുഷ്യനായി രൂപാന്തരപ്പെടും, പുതുസൃഷ്ടിയാകും. അവർ എന്നുമെന്നേക്കും നിത്യതയുടെ വിഹായസ്സിൽ ദൈവത്തോടുകൂടി ശോഭിക്കും.

വീണ്ടും ജനിച്ച ഒരു മനുഷ്യൻ ജഡത്തിന്റെ അടിമത്തത്തിൽ നിന്നും മോചനം പ്രാപിച്ച ആത്മീയമനുഷ്യനായിത്തീരുന്നു. അവന് ഒടുവിൽ യേശു വരുമ്പോൾ ദൈവരാജ്യത്തിലേക്ക് – നിത്യതയിലേക്ക് അതിന്റെ സമ്പൂർത്തിയോടുകൂടി – പ്രവേശിക്കാനും സാധിക്കുന്നു.

## ന്യായവിധികൾ

ന്യായവിധിയെ നാലോളമായി വിഭാഗിച്ച് പഠിക്കേണ്ടതുണ്ട്. അവ അങ്ങനെയാണ് താനും. അവ:

1. പാപത്തിന്മേലുള്ള ക്രൂശിലെ ന്യായവിധി
2. സഭയും ലോകവും ഇവിടെ അഭിമുഖീകരിക്കേണ്ടുന്ന ന്യായ വിധി.
3. ക്രിസ്തുവിന്റെ ന്യായാസനം
4. വെള്ളസിംഹാസന ന്യായവിധി അഥവാ അന്തിമന്യായവിധി

## കാൽവരിക്രൂശിലെ പാപത്തിന്മേലുള്ള ന്യായവിധി

യേശുക്രിസ്തു ഭൂമിയിലേയ്ക്ക് വന്നത്, പിതാവായ ദൈവം ആദിയിൽ വാഗ്ദത്തം ചെയ്ത പ്രവചനപ്രകാരം (ഉത്പ.3:15) സർവ്വ നാശകാരണനായ പിശാചിന്റെ അഥവാ സർപ്പത്തിന്റെ തലയെ-അധികാരത്തെ ഇല്ലാതാക്കുക എന്നതിനാണ്. ഇതാണ്, 1 യോഹ.3:8-ൽ പറയുന്നതും "പിശാചിന്റെ പ്രവൃത്തികളെ അഴിക്കാൻ തന്നെ ദൈവപുത്രൻ പ്രത്യക്ഷനായി. ഈ വചനനിവൃത്തിക്കാണ് വചനം ജഡം ധരിച്ച് നമ്മുടെയിടയിൽ വസിച്ചത് (യോഹ.1:14, 1 തിമൊ.3:16).

യെരുശലേം ദേവാലയത്തിൽ വച്ചാണ് യേശു അനവധി യഹൂദന്മാരുടെ മദ്ധ്യേ,. അവിടെ വന്നുകൂടിയ യവനന്മാർ കേൾക്കെ വിളിച്ചുപറഞ്ഞത് "ഇപ്പോൾ ഈ ലോകത്തിന്റെ ന്യായവിധിയാകുന്നു; ഇപ്പോൾ ഈ ലോകത്തിന്റെ പ്രഭുവിനെ പുറത്തുതള്ളിക്കളയും" (യോഹ.12:30,31). പിശാച് ഈ ലോകത്തിന്റെ പ്രഭുവും ദൈവവുമാണ് (അപ്പൊ.പ്ര.26:18, 2 കൊരി.4:4, എഫേ.2:2, കൊളോ.1:13, വെളി.13:12, മത്താ.4:8,9, ലൂക്ക.4:6, യോഹ.12:31, യോഹ.14:30, യോഹ.16:11, ഹെബ്രാ.2:14, മത്താ.12:26, വെളി.2:13).

ആദം – ഹവ്വാമാരെ പാപത്താൽ കീഴടക്കിയ പിശാച് അവരിൽ പാപത്താൽ പ്രവേശിക്കുകയും മനുഷ്യകുലത്തെ മുഴുവനും പാപധീനരാക്കുകയും ചെയ്തു (റോമ.5:12). പാപത്തിൽ നിന്നും സർവ്വസ്വാതന്ത്ര്യം നേടിയ ക്രിസ്തുയേശുവിലുള്ളവരൊഴികെ സകലരും അവന്റെ അധീനതയിലാണ് (1 യോഹ.5:18). പാപവും പാപകാരണവും അധിവസിക്കുന്ന കൂടാരമാണ് മനുഷ്യൻ. ദൈവത്തിനുമാത്രമേ മനുഷ്യനെ മരണത്തിൽ നിന്നും അഥവാ നിത്യനാശത്തിൽ നിന്നും രക്ഷിക്കുവാൻ സാധിക്കൂ. അതിനാണല്ലോ അവൻ ദൈവസമത്വം മുറുകെ പിടിക്കാതെ മനുഷ്യവേഷത്തിൽ അഥവാ മർത്യനായി നമുക്കുവേണ്ടി മനുഷ്യന്റെ കല്പനകളെ അനുസരിച്ച് നിവൃത്തിക്കുവാൻ ഒരു ദാസനായി കടന്നുവന്നത് (ഫിലി.2:6-8). ഇതേ കാര്യത്തെ ഹെബ്രാ.2:14 പറയുന്നത്, "മക്കൾ ജഡരക്തങ്ങളോടു കൂടിയവർ ആകകൊണ്ട് അവനും അവരേപ്പോലെ ജഡരക്തങ്ങളോടു കൂടിയവനായി മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയിൽ അടിമകളായിരുന്നവരെ യെല്ലാം വിടുവിച്ചു."

നാം വചനത്തിൽ നിന്നും ഗ്രഹിക്കുന്നത് ഒന്ന്: മനുഷ്യനിൽ പാപത്താൽ മരണമുളവാക്കുകയും അവനെ രണ്ടാംമരണമെന്ന (വെളി.20:14) നിത്യനാശത്തിലേക്ക് കടത്തിവിടുകയും ചെയ്യുന്ന പിശാചിനെ ക്രിസ്തു തന്റെ മരണത്താൽ, അവനിൽ എല്ലാവരെയും ഉൾക്കൊണ്ടുകൊണ്ട് പകരമായി മരിക്കയാൽ, പിശാചിനെ നീക്കുകയും അവന്റേമേൽ ന്യായം വിധിക്കുകയും ചെയ്തു. പിശാചിനെയും അവനുള്ളവരേയും നിത്യന്യായവിധിയിൽ തീപ്പൊയ്ക യിലേക്ക് തള്ളിയിടുന്നത് വെളി.20:10,14,15-ൽ ഉള്ളത് നടക്കാ നിരിക്കുന്നു. രണ്ട്: വിശ്വസിക്കുന്ന ഏതൊരു മനുഷ്യന്റേയും പാപശിക്ഷകൾ ക്രൂശിതമരണത്താൽ ക്രിസ്തു നീക്കിയിരി ക്കുന്നു. ഇതാണ് റോമ.8:3-ൽ "............. ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശ്യത്തിലും പാപം നിമിത്തവും അയച്ചു, പാപത്തിന് ജഡത്തിൽ ശിക്ഷ വിധിച്ചു" എന്നെഴുതി യിരിക്കുന്നത്.

ക്രിസ്തുവിൽ പാപസംബന്ധമായി മരിച്ചവരാണ് ഓരോ വിശ്വാസിയും (റോമ.6:2). ദൈവാത്മാവ് നമ്മോട്

Fundamental Knowledge of True Theology - Chapter : 31

# നിത്യത

**പാ: രാധാകൃഷ്ണൻ**

വീണ്ടും ആഹ്വാനം ചെയ്യുകയാണ് : "അവൻ മരിച്ചത് പാപസംബന്ധമായി ഒരിക്കലായിട്ട് മരിച്ചു; അവൻ ജീവിക്കുന്നതോ ദൈവത്തിനായി ജീവിക്കുന്നു. അപ്രകാരം നിങ്ങളും പാപസംബന്ധമായി മരിച്ചവർ എന്നും ക്രിസ്തുയേശുവിൽ ദൈവത്തിനായി ജീവിക്കുന്നവർ എന്നും നിങ്ങളെത്തന്നെ എണ്ണുവിൻ" (റോമ.6:10, 2 കൊരി.5:14,15).

ഉല്പത്തി മുതൽ മലാഖി വരെയുള്ള പ്രവചനങ്ങളുടെ നിവൃത്തീകരണമാണ് യേശുവിൽ നിറവേറിയത്. പുതിയനിയമ സുവിശേഷത്തിലൂടെ ഇത് വിശ്വസിക്കുന്ന യിസ്രായേലിനോടും ജാതികളോടും വിളിച്ചുപറയുകയാണ്. യെശയ്യാവിന്റെ പുസ്തകം 53-ാം അദ്ധ്യായത്തിൽ 1 മുതൽ 12 വരെയുള്ള വചനങ്ങളിൽ ഇത് പ്രവചനരൂപേണ എഴുതപ്പെട്ടിരിക്കുന്നു. 22-ാം സങ്കീർത്തനത്തിൽ നമുക്കായി വേദനകൾ ഏൽക്കുകയും ക്രൂശിൽ പിടയുകയും നിസ്സഹായനായ് കൈവിടപ്പെട്ട് മരിക്കുകയും ചെയ്യുന്ന മശിഹായുടെ ചരിത്രം ആലേഖനം ചെയ്തിരിക്കുന്നു.

ഇതിന്റെ മറ്റൊരുവശം നാമിനി ചിന്തിക്കണം. "ദൈവം ലോകത്തിന്റെ ലംഘനങ്ങളെ കണക്കിടാതെ ലോകത്തെ ക്രിസ്തുവിൽ നിരപ്പിച്ചപ്പോൾ'' (2 കൊരി.5:19) വിശ്വസിക്കുന്നവന് ലഭിക്കുന്നത് ദൈവത്തിൽ നിന്നുള്ള നീതീകരണവും വിശുദ്ധീകരണവുമാണ്. കാരണം "നാം പാപം സംബന്ധിച്ച് മരിച്ച് നീതിക്ക് ജീവിക്കുന്നതിനാണ് അവൻ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ട് കുരിശിൽ കയറിയത്" (1 പത്രൊ.2:24). ക്രൂശിക്കപ്പെട്ടവൻ ക്രൂശിൽ കിടന്ന് നമുക്കായി മരിച്ചു. ഭൂമിയിൽ പാപമില്ലാത്ത ഒരേയൊരു വ്യക്തിയേ ഉണ്ടായിരുന്നുള്ളു, അത് യേശുവാണ്. പവിത്രനും നിർദ്ദോഷനും നിർമ്മലനും പാപികളിൽ നിന്നും വേറിട്ടവനും സ്വർഗ്ഗത്തേക്കാൾ ഉന്നതനുവുമായവൻ ഒരു മഹാപുരോഹിതനായി (എബ്രാ.7:26) തീർന്നുകൊണ്ട് തന്നെത്താൻ നമുക്കായി യാഗമായിത്തീർന്നു (എബ്രാ.9:27). വിശ്വസിക്കുന്ന ഏവർക്കും അവൻ ക്രൂശിൽ ഒരു രക്തസ്നാനവും വിശുദ്ധീകരണവുമാണ് നടപ്പാക്കിയത് (ലൂക്ക.12:50, ഹെബ്രാ.10:1-18, 1 യോഹ.1:7). വിശുദ്ധീകരണത്താലാണ് പാപമോചനവും നടക്കുന്നത്. രക്തം ചിന്താതെ പാപമോചനമില്ല (ലേവ്യ17:11, ഹെബ്രാ.9:22, എഫേ.1:7, കൊലോ.1:14, 1 പത്രൊ.1:18, വെളി.1:6). ന്യായവിധിയുടെ പ്രളയജലം ക്രിസ്തുയേശുവിൽ നീങ്ങിപ്പോയി. ആദിയിൽ പാപത്താൽ അനുസരണം കെട്ടവരുടെ മേൽ പ്രളയത്താൽ ന്യായാവിധി നടപ്പാക്കിയത്, യേശു, ഓർക്കുകയും സകല നീതിയും നിവർത്തിക്കുവാനായി (മത്താ.3:15) യോർദ്ദാനിൽ മുങ്ങി നിവർന്ന്, സകല മനുഷ്യരുടെയും മേൽ വരേണ്ട ശിക്ഷയെ കാൽവരിയിൽ ഏറ്റെടുത്ത് ദൈവക്രോധത്തിന്റെ ചഷകം ഊറ്റിക്കുടിച്ചപ്പോൾ (മത്താ.20:22) നിവൃത്തിയായി. ഇനി വിശ്വസിക്കുന്നവൻ സ്വതന്ത്രനായി വിശ്വസിച്ച് ക്രിസ്തുവിന്റെ മരണ അടക്ക ഉത്ഥാനത്തോട് സ്നാനത്താൽ സാദൃശ്യപ്പെട്ട് മരിച്ചടക്കപ്പെട്ട് പുതുമനുഷ്യനായി തീരുമാനപ്പെട്ട് എഴുന്നേറ്റ് വന്നാൽ മതി (മർക്കോ.16:16, അപ്പൊ.പ്ര.2:38, 1 പത്രൊ.3:20).

"ആകയാൽ ഇപ്പോൾ ക്രിസ്തുയേശുവിൽ ആയിരിക്കുന്നവർക്ക് ഒരു ശിക്ഷാവിധിയുമില്ല"(റോമ.8:1). "അവനിൽ വിശ്വസിക്കുന്നവന് ന്യായവിധിയില്ല" (യോഹ.3:18). "അവൻ ന്യായവിധിയിൽ ആകാതെ മരണത്തിൽ നിന്നും ജീവനിലേക്ക് കടന്നിരിക്കുന്നു" (യോഹ.5:24). ഈ വിഷയത്തെ മറ്റൊരു വചനസത്യത്തെ ഉദ്ധരിച്ചുകൊണ്ട് പറഞ്ഞുനിർത്തട്ടെ. '' വിശ്വസിക്കുന്നവർക്ക് അവൻ തന്റെ രക്തം മൂലം പ്രായച്ഛിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിർത്തിയിരിക്കുന്നു. ദൈവം തന്റെ ദീർഘക്ഷമയിൽ മുൻകഴിഞ്ഞ പാപങ്ങൾ ശിക്ഷിക്കാതെ വിടുക നിമിത്തം തന്റെ നീതിയെ പ്രദർശിപ്പിക്കുവാൻ, താൻ നീതിമാനും യേശുവിൽ വിശ്വസിക്കുന്നവനെ നീതീകരിക്കുന്നവനും ആകേണ്ടുന്നതിന് ഇക്കാലത്ത് തന്റെ നീതിയെ പ്രദർശിപ്പിക്കാൻ തന്നെ അങ്ങനെ ചെയ്തു" (റോമ.3:25,26).

## 2. സഭയ്ക്കുള്ള വിവിധതരം ന്യായവിധികൾ

ദൈവം വിശുദ്ധനും നീതിമാനുമാകയാൽ വിളിച്ചു വേർതിരിക്കുന്ന സഭാജനം എത്രത്തോളം നിഷ്ക്കളങ്കരും കുറ്റമറ്റവരുമാകണമെന്ന് വചനം ഓർമ്മിപ്പിക്കുന്നു (ലേവ്യ.20:26, 2 കൊരി.6:17,18, 1 പത്രൊ.2:9, എഫേ.1:4). ദൈവഭയത്തിലും വിശുദ്ധിയിലും സ്നേഹത്തിലും വചന പ്രകാരം ക്രിസ്തുവിന്റെ സാക്ഷികളായിരിക്കേണ്ടുന്നവരാണ് സഭ. സഭ, ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ടവരും വിശുദ്ധന്മാരും പ്രിയരുമാകയാൽ മനസ്സലിവ്, ദയ, താഴ്മ, സൗമ്യത, ദീർഘക്ഷമ എന്നിവ ധരിച്ചുകൊണ്ട് അന്യോന്യം പൊറുക്കുകയും ഒരുവനോട് ഒരുവന് വഴക്കുണ്ടായാൽ തമ്മിൽ തമ്മിൽ ക്ഷമിക്കുകയും ചെയ്വിൻ. കർത്താവ് നിങ്ങളോട് ക്ഷമിച്ചതുപോലെ നിങ്ങളും ചെയ്യുവിൻ" (കൊളോ.3:12-13). ദൈവം ഒരു വിശ്വാസിയെ വിശുദ്ധീകരിച്ചത് "നിർവ്യാജമായ സഹോദരസ്നേഹത്താൽ ഹൃദയപൂർവ്വം അന്യോന്യം ഉറ്റു സ്നേഹിക്കുവാനാണ്" (1 പത്രൊ.1:22).

Fundamental Knowledge of True Theology - Chapter : 31

# നിത്യത

പാ: രാധാകൃഷ്ണൻ

സഭയ്ക്കുള്ളിൽ ഒരുവന് മറ്റൊരുവനോട് തർക്കമുണ്ടെങ്കിൽ വിശുദ്ധന്മാരെ സമീപിക്കുന്നതിന് പകരം അഭക്തരുടെ മുമ്പിൽ വ്യവഹാരത്തിന് പോകരുത്. ലോക കോടതി വ്യവസ്ഥകൾ - ദൈവത്തിന്റെ സഭയ്ക്കകത്തേക്ക് വലിച്ചിഴച്ച് കൊണ്ടുവരരുത്. മറിച്ച്, വിശുദ്ധന്മാർ ലോകത്തെ വിധിക്കുന്നവരാണ് (1 കൊരി.6:2). സഭ ഇത് വളരെ ശ്രദ്ധിക്കേണ്ടതാണ് (1 കൊരി.6:1-8). വിശുദ്ധന്മാർ ദൂതന്മാരെയും വിധിക്കുന്നവരാണ് (1കൊരി.6:3). "അന്യായം ചെയ്യുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല" (1 കൊരി.6:9) എന്നത് സഭയ്ക്കുള്ള മുന്നറിയിപ്പ് കൂടിയാണ്. നാം വിശ്വസിക്കുകയും ക്രിസ്തുവിൽ ആശ്രയിക്കുകയും പരിശുദ്ധാത്മാവിന്റെ അഭിഷേകത്താൽ ദൈവസ്നേഹത്തിൽ നിറയുകയും ചെയിതില്ലെങ്കിൽ (റോമ.5:5) നമുക്ക് പലതിലും തെറ്റിപ്പോകും. തമ്മിൽ തമ്മിൽ സ്നേഹിക്കുക എന്നതുമാണ് നിത്യജീവനെ ലഭിക്കുവാനുള്ള -നിത്യതയിലേക്ക് - ദൈവ രാജ്യത്തിലേക്ക് കടപ്പാനുള്ള യോഗ്യത. ദൈവത്തെ സ്നേഹിക്കുകയും സഹോദരങ്ങൾ തമ്മിലും മറ്റുള്ളവരെയും സ്നേഹിക്കുക എന്നതുമാണ് ദൈവേഷ്ടം (1 യോഹ.3:16, 1 യോഹ.4:12, 1 കൊരി.13:1-3, ലൂക്ക.10:27-28). സ്നേഹം നിരവധിയായ പാപങ്ങളെ നമ്മിൽ നിന്ന് നീക്കും എന്ന് വചനം പറയവെ, ദൈവവചനത്തെ അനുസരിക്കുക എന്ന ദൈവസ്നേഹത്താൽ വിശുദ്ധീകരണമാണ് നടക്കുക.

ക്രിസ്തു ക്രൂശിൽ ചൊരിഞ്ഞ രക്തത്താൽ സമ്പൂർണ്ണ വിശുദ്ധീകരണം കർത്താവ് സ്ഥാപിച്ചിരിക്കയാൽ, ഇനിയും വിശ്വസിക്കാതെ ജഡത്തിന്റെ അശുദ്ധിയിൽ പെട്ട് പോകുന്ന ഏവനും ദൈവരാജ്യം നിഷേധിക്കപ്പെടുകയും ന്യായവിധിക്ക് അർഹനാവുകയും ചെയ്യും (1കൊരി.6:9,10, ഗലാ.5:19-21).

സഭ എത്രത്തോളം മാതൃകാപരവും അച്ചടക്കമുള്ള തുമായിരിക്കണമെന്ന് 1 കൊരി.5:13-14 ഓർമ്മിപ്പിക്കുന്നു. "സന്മാർഗ്ഗം ത്യജിക്കുന്നവന് കഠിനശിക്ഷ വരും; ശാസന വെറുക്കുന്നവൻ മരിക്കും" (സഭാ.15:10). ദൈവം നമുക്ക് ബാലശിക്ഷകൾ നൽകവെ അവയെ പിറുപിറുപ്പ് കൂടാതെ സ്വീകരിക്കുകയും മാനസാന്തരത്തിലൂടെ യഥാസ്ഥാന പ്പെടുകയും വേണം (ഹെബ്രാ.12:7,8). മാനസാന്തരപ്പെട്ടു എന്നത് മാനസാന്തരത്തിന് യോഗ്യമായ ഫലം കായ്ച്ചെങ്കിൽ മാത്രമെ അർത്ഥവത്താകുന്നുള്ളു (ലൂക്ക.3:8).

ക്രിസ്തുയേശുവിന്റെ ക്രൂശിലെ അർപ്പണം ദൈവസ്നേഹത്തിന്റെ സമ്പൂർണ്ണ പ്രദർശനമാണ്. സ്നേഹിതർക്കുവേണ്ടി മരിക്കുന്നതിലും വലിയ സ്നേഹമില്ല എന്നു പഠിപ്പിച്ച ഗുരു ഒരു മാതൃക വച്ചേച്ചുപോയത് ശിഷ്യൻ ഗുരുവിനെപ്പോലെയാകുവാനാണ് (1 പത്രൊ.2:21, മത്താ.10:24, യോഹ.13:35). തമ്മിൽ തമ്മിൽ സ്നേഹത്തിൽ കെട്ടുപണിയാതെ സഭ യഥാർത്ഥത്തിൽ വളരില്ല (എഫേ.4:15,16, എഫേ.3:17-19, 1 യോഹ.3:18). സഭ എന്നാൽ ജനക്കൂട്ടമല്ല. തമ്മിൽ ഗാഢസ്നേഹമുള്ള സഹോദരന്മാരായ വിശുദ്ധന്മാരുടെ കൂട്ടമാണ് വിശുദ്ധസഭ.

മേശമേൽ നുറുക്കിവെച്ച അപ്പവും പകർന്നുവെച്ച വീഞ്ഞുപാത്രവും കാണുമ്പോൾ നാം ദൈവത്തിന്റെ ഹൃദയാഭിലാഷത്തെ ഓർക്കണം. "പിതാവെ, നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകേണ്ടതിന് ഞാൻ അവരിലും നീ എന്നിലുമായി - അവർ ഐക്യത്തിൽ തികഞ്ഞവരായിരിക്കേണ്ടതിനുതന്നെ" (യോഹ.17:23). "ആകയാൽ സഹോദരന്മാരെ, നിങ്ങൾ ഭക്ഷണം കഴിക്കാനിരിക്കുമ്പോൾ അന്യോന്യം കാത്തിരിക്കുവിൻ" (1 കൊരി.11:33). നമ്മിലെ അയോഗ്യതകളെ തിരിച്ചറിയുവാൻ വിശ്വാസി സ്വയം ശോധന ചെയ്യുകയും തെറ്റുകളെ കണ്ടെത്തി അതിനെ വിധിച്ച് ക്രൂശിലേൽപ്പിക്കുകയും വേണം. നാം ലോകത്തോടുകൂടി ക്രൂശിക്കപ്പെടാതിരിക്കുവാനാണ് കർത്താവ് നമ്മെ ഇത് ഓർമ്മിപ്പിക്കുക. കർത്താവ് സ്ഥാപിച്ചത് കൂട്ടായ്മയെയാണ്. അത് ക്രിസ്തു എന്ന ഏക അപ്പംപോലെയാണ് (1 കൊരി.10:17). തമ്മിൽ പാപങ്ങ ളേറ്റുപറഞ്ഞ് ഹൃദയവിശുദ്ധിയോടെ നാം അപ്പം ഭക്ഷിക്കവെ നാം ക്രിസ്തുവിൽ ഒന്നായി തീരുകയാണ് ചെയ്യുക.

സഹോദരങ്ങൾ തമ്മിൽ തമ്മിൽ ന്യായം വിധിക്കരുതെന്നും വചനം കല്പിക്കുന്നുണ്ട്. "നിങ്ങൾ വിധിക്കപ്പെടാതിരിക്കേണ്ടതിന് വിധിക്കരുത്. നിങ്ങൾ വിധിക്കുന്ന വിധിയാൽ നിങ്ങളെയും വിധിക്കും" (മത്താ.7:1,2, റോമ.2:1-3, റോമ.14:1-4, 1 കൊരി.4:1-4-5, യാക്കോ.4:11-12).

## ക്രിസ്തുവിന്റെ ന്യായാസനം

ക്രിസ്തുവിന്റെ മദ്ധ്യാകാശവരവിൽ സഭയെ എടുത്തുകൊണ്ടുപോയതിനു ശേഷം താമസംവിനായുള്ള കുഞ്ഞാടിന്റെ കല്യാണത്തിനു മുമ്പെ വിശ്വാസികളെല്ലാവരും തങ്ങളുടെ പ്രവൃത്തികൾക്കനുസരിച്ച് പ്രതിഫലം പ്രാപിക്കുവാൻ ക്രിസ്തുവിന്റെ ന്യായാസനത്തിനു മുന്നിൽ നിൽക്കേണ്ടതുണ്ട് (റോമ.14:10). എന്തിനെന്നാൽ, "അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തത് നല്ലതാകിലും തീയതാകിലും അതിനു തക്കവിധം പ്രാപിക്കേണ്ടതിന്

# പ്രാർത്ഥനാ സഹായങ്ങൾക്ക് വിളിക്കുക

# ദേവസ്യാ മുല്ലക്കര സാർ

# 9495932106, 9946635111

## സമയം: രാവിലെ 6 മുതൽ 9 വരെ

## പ്രാർത്ഥനാ സഹായങ്ങൾക്കും കത്തിടപാടുകൾക്കും

### എറണാകുളം അഡ്രസ്സ്:

ദേവസ്യാ മുല്ലക്കര, കൂടാരം വില്ല,
ഹൗസ് നമ്പർ 70, പുളിക്കില്ലം
വെസ്റ്റ് റോഡ്, ചെമ്പുമുക്ക്,
കൊച്ചി-682 030.
കേരള, സൗത്ത് ഇന്ത്യ.

### ഹെഡ്ഡ് ഓഫീസ് അഡ്രസ്സ്:

ദേവസ്യാ മുല്ലക്കര, PB.No.1
ചെറുപുഴ P.O
കണ്ണൂർ (ജില്ല), കേരളം.
പിൻകോഡ്: 670 511.

**e-mail: ekmoffice@gmail.com**
**our official website: www.churchofeternity.org**

## Cheque And Drafts ചെക്കുകളും ഡ്രാഫ്റ്റുകളും

### അയക്കേണ്ട വിലാസം:

**Devasia mullakkara**
**PB. No.1**
**Cherupuzha(P.O)**
**Kannur(Dist), Kerala**
**Pin Code: 670 511**
**Ph: 04985 213999**

ദേവസ്യാ മുല്ലക്കര,
PB.No.1
ചെറുപുഴ P.O
കണ്ണൂർ (ജില്ല), കേരള.
പിൻകോഡ്: 670 511.
Ph: 04985-213999

മണിയോർഡറുകൾ അയക്കുമ്പോൾ തുക ട്രസ്റ്റിന്, ചർച്ചിന്, ഓൾഡേജ് ഹോമിന് എന്നത് വേർതിരിച്ച് എഴുതുക. അഡ്രസ്സിൽ ഫോൺ നമ്പർ കൂടി ഉറപ്പുവരുത്തുന്നത് ഉപകാരപ്രദമായിരിക്കും. NB: NEFT വഴി തുക അയച്ച വിവരം മുകളിൽ കൊടുത്തിരിക്കുന്ന ഇ-മെയിലിലോ, വിലാസത്തിലോ, ഫോൺ നമ്പറിലോ അറിയിക്കുക.

Fundamental Knowledge of True Theology - Chapter : 31

# നിത്യത

## പാ: രാധാകൃഷ്ണൻ

നാമെല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു" (2 കൊരി.5:10). "അതുകൊണ്ട് ശരീരത്തിൽ വസിച്ചാലും ശരീരം വിട്ടാലും ഞങ്ങൾ അവനെ പ്രസാദിപ്പിക്കുന്നവരാകുവൻ അഭിവാഞ്ഛിക്കുന്നു" (2 കൊരി.5:9). "കാരണം, നമ്മിൽ ഓരോരുവൻ ദൈവത്തോട് കണക്കു ബോധിപ്പിക്കേണ്ടതുണ്ട്" (റോമ.14:12).

ബേമ്മ എന്ന ഗ്രീക്കുപദമാണ് ന്യായാസനം എന്നതിന് ഉപയോഗിച്ചിരിക്കുന്നത്. റോമൻ ന്യായാധിപൻ വിധി പറയാൻ ഉപയോഗിച്ചിരുന്ന ഉയർന്ന ഇരിപ്പിടത്തെയാണ് ബേമ്മ എന്നു പറയുന്നത്. ഈ പദപ്രയോഗം പുതിയനിയമത്തിൽ പലയിടത്തും പ്രത്യക്ഷപ്പെടുന്നുണ്ട് (യോഹ.19:13, മത്താ.27:19, അപ്പൊ.പ്ര.25:10, 18:12,16,17). എങ്കിലും ഇവിടെ ക്രിസ്തുവിന്റെ ന്യായാസനത്തെ സംബന്ധിച്ചിടത്തോളം പ്രതിഫലം വാങ്ങുവാൻ എന്നല്ലാതെ ശിക്ഷാവിധിക്കായല്ല കടന്നുചെല്ലുന്നത്. ദൈവത്തിന് പ്രസാദകരമായ വിശ്വാസത്തിൽ നിലനിൽക്കുവാനുള്ള ആഹ്വാനമാണ് ഇതിലൂടെ തെളിയുക. "നീതിമാന്മാരുടെ പുനരുത്ഥാനത്തി നുശേഷം നിനക്ക് പ്രത്യുപകാരം ഉണ്ടാകും" (ലൂക്ക.14:14) എന്നത്, സഭയുടെ ഉൾപ്രാപണത്തോട് ചേർന്ന പുനരുത്ഥാന ശേഷമാണ് പ്രതിഫലം നൽകൽ നടക്കുക എന്നതിന് ഒരു തെളിവാണ്.

സഭയുടെ ശിരസ്സായ ക്രിസ്തു തന്നെയാണ് തന്റെ ശരീരമാകുന്ന സഭയെ ന്യായം വിധിക്കുന്നത്. ക്രിസ്തുവിന്റെ ദൈവത്വത്തെ ഏവരും അംഗീകരിക്കാനാണ് വിധി മുഴുവൻ പുത്രന് നൽകിയിരിക്കുന്നത് (അപ്പൊ.പ്ര.17:31, യോഹ.5:22). എന്നാൽ ഇവിടെ സഭയുടെ കാന്തനെന്ന നിലയിലല്ല അവന്റെ ദൈവീകപദവിയിലാണ് ന്യായസനത്തിൽ ഇരിക്കുക (റോമ.14:10). എന്നിരിക്കിലും വിശ്വാസി ക്രിസ്തുവിൽ ആദ്യവിശ്വാസം അവസാനത്തോളം കാത്തുകൊണ്ടാൽ പങ്കാളിയായിത്തീരും (ഹെബ്രാ.3:14). ക്രിസ്തുയേശുവി ലുള്ളവർക്ക് ഒരു ശിക്ഷാവിധിയുമില്ല (റോമ.8:1). "അവരുടെ പാപങ്ങളെയും അകൃത്യങ്ങളെയും ഞാനിനി ഓർക്കുകയില്ല" (ഹെബ്രാ.10:17). എന്നാൽ വിശ്വാസി അന്ത്യത്തോളം വിശ്വാസത്തിൽ നിലനിൽക്കണം, വിശുദ്ധിയും വേർപാടുമുള്ള വനുമായിരിക്കണം (2 കൊരി.13:5, 2 കൊരി.6:17,18). എങ്കിൽ ഒടുവിൽ അവർക്ക് ശുദ്ധവും ശുഭ്രവുമായ വിശേഷവസ്ത്രമെന്ന വിശുദ്ധന്മാരുടെ നീതിപ്രവൃത്തി പ്രതിഫലമായി ലഭിക്കും (വെളി.19:8).

### 1. ജീവകിരീടം (Crown of Life)

വിശ്വസ്തതയോടെ, തന്നെ ഭരമേല്പിച്ച നിയോഗത്തെ പൂർത്തീകരിക്കുന്ന ഓരോ വിശ്വാസിക്കും കർത്താവിൽ നിന്നും ലഭിക്കുന്ന നാല് വിധ കിരീടങ്ങളെക്കുറിച്ച് കാണാം. "മരണപര്യന്തം വിശ്വസ്തനായിരിക്കുക; എന്നാൽ ഞാൻ ജീവകിരീടം നിനക്ക് തരും" (വെളി.2:10). ഇതിനേക്കുറിച്ച് വീണ്ടും മറ്റൊരിടത്ത് കാണുന്നത് "പരീക്ഷ സഹിക്കുന്ന മനുഷ്യൻ അനുഗൃഹീതൻ; അവൻ കൊള്ളാവുന്നവനായി തെളിഞ്ഞ ശേഷം കർത്താവു തന്നെ സ്നേഹിക്കുന്ന വർക്കായി വാഗ്ദത്തം ചെയ്ത ജീവകിരീടം പ്രാപിക്കും" (യാക്കോ.1:12).

### നീതിയുടെ കിരീടം (Crown of Righteousness)

അവസാനത്തോളം വിശ്വസ്തതയോടെ വിശ്വാസത്തിന്റെ ഓട്ടം തികയ്ക്കുന്നവർക്കുള്ളതാണ് നീതിയുടെ കിരീടം. വിശ്വാസത്താൽ നീതീകരണം ലഭിക്കുന്നതിനാൽ (റോമ.5:1, 10:4) അവസാനത്തോളം വിശ്വാസം കാത്തവർക്കാണ് നീതിയുടെ കിരീടം ലഭിക്കുന്നത്. "എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും, പിന്മാറുന്നുവെങ്കിൽ എന്റെ ഉള്ളത്തിന് അവനിൽ പ്രസാദമില്ല" (ഹെബ്രാ.10:38, റോമ.1:17, ഗലാ.3:11). കർത്താവിന്റെ മേഘപ്രത്യക്ഷതയ്ക്കായി പ്രത്യാശയോടെ കാത്തിരിക്കുന്ന വരാണ് യഥാർത്ഥ വിശ്വാസികൾ; അവർക്കാണ് നീതിയുടെ കിരീടം.

### 3. തേജസ്സിന്റെ കിരീടം (Crown of Glory)

ദൈവം ഭരമേല്പിക്കുന്ന ദൈവജനമാകുന്ന ആട്ടിൻപറ്റത്തെ വിശ്വസ്തയോടെ പരിപാലിക്കുന്നവർക്കുള്ള പ്രതിഫലമാണ് തേജസ്സിന്റെ കിരീടം. "എന്നാൽ ഇടയശ്രേഷ്ഠൻ പ്രത്യക്ഷനാകുമ്പോൾ നിങ്ങൾ തേജസ്സിന്റെ വാടാത്ത കിരീടം പ്രാപിക്കും" (1 പത്രൊ.5:4). തന്റെ പ്രാണൻ കൊടുത്ത് നേടിയതാണ് ഓരോ അജഗണത്തെയും ക്രിസ്തു. ക്രിസ്തു നല്ല ഇടയനാണ്. ആയതിനാലാണ് യേശു ആത്മാക്കളുടെ ഇടയനും അദ്ധ്യക്ഷനുമായിത്തീർന്നത് (1 പത്രൊ.2:25). ഒരു ഇടയന്റെ ഉത്തരവാദിത്വങ്ങളെക്കുറിച്ച് യെഹസ്ക്കേൽ വിവരിക്കുന്നുണ്ട്. "ബലഹീനമായിരിക്കുന്ന തിനെ ശക്തീകരിക്കുക, ദീനം പിടിച്ചതിനെ ചികിത്സിക്കുക, ഒടിഞ്ഞതിനെ മുറിവ് വച്ചുകെട്ടുക, ചിതറിപ്പോയതിനെ മടക്കിവരുത്തുക, കാണാതെ പോയതിനെ അന്വേഷിക്കുക" (യെഹ.34:4) വിശ്വസ്തനായ ഒരു ഇടയൻ ആടുകൾക്കായി ചെയ്യേണ്ടതാണിതെല്ലാം.

Fundamental Knowledge of True Theology - Chapter : 31

# നിത്യത

പാ: രാധാകൃഷ്ണൻ

## പ്രശംസാകിരീടം (Crown of Boasting)

കാണാതെ പോയതിനെ തിരഞ്ഞ് രക്ഷിക്കുവാൻ വന്ന കർത്താവിന്റെ സ്ഥാനപതികളാണ് ഓരോ വിശ്വസ്ത ദാസനും (2 കൊരി.5:20). അപ്പൊസ്തലന്മാരെ വിളിച്ചത് അവരെ മനുഷ്യരെ പിടിക്കുന്നവരാക്കുവാനാണ്. സുവിശേഷം പറയുക എന്നതും ആത്മാക്കളെ നേടുക എന്നതും ഏറ്റവും ശ്രേഷ്ഠമായ ശുശ്രൂഷയാണ്. അപ്പൊസ്തലന്മാർ മാത്രമല്ല പ്രവാചകന്മാരും സുവിശേഷകന്മാരും ഇടയന്മാരും പ്രബോധകരും ആത്മാക്കളെ നേടുവാൻ കർത്താവിനാൽ നിയോഗിക്കപ്പെട്ടവരാണ്. ഓരോ വിശ്വാസിയും കൂടി ഈ ഉത്തരവാദിത്വമുള്ളവരാണ്. അതുകൊണ്ടാണ് രക്ഷിതഗണത്തെ നോക്കി പൗലൊസ് പറയുന്നത്. "നമ്മുടെ കർത്താവായ യേശുവിന്റെ മുമ്പാകെ അവന്റെ പ്രത്യക്ഷതയിൽ ഞങ്ങളുടെ ആശയൊ സന്തോഷമൊ പ്രശംസാകിരീടമൊ ആർ ആകുന്നു? നിങ്ങൾ അല്ലയോ? ഞങ്ങളുടെ മഹത്വവും സന്തോഷവും നിങ്ങൾ തന്നെ" (1 തെസ്സ.2:19,20).

ദൈവവചനമെന്ന വ്യവസ്ഥ തെറ്റിച്ചുകൊണ്ട് സ്വയേച്ഛയാൽ പൊരുതിയാൽ അവന് പ്രതിഫലമൊന്നും ലഭിക്കാതെ വരും. "ഒരുവൻ മല്ലുകെട്ടിയാലും ചട്ടപ്രകാരം പൊരുതുന്നില്ല എങ്കിൽ കിരീടം പ്രാപിക്കില്ല" (2 തിമൊ.2:5). ഇതിലൊക്കെയും സുപ്രധാനമായ കാര്യമാണ് പാപത്തെ അതിജീവിക്കുക എന്നതും നാവിന്മേലുള്ള ജയവും (റോമ.6:2, 6:19, യാക്കോ.1:12). അശ്രദ്ധയോടും ഉത്തരവാദിത്വമില്ലാതെയും വേല ചെയ്യുന്നവർക്ക് പ്രതിഫലനഷ്ടം സഹിക്കേണ്ടി വരുമെന്ന് ആത്മാവു പറയുന്നുണ്ട്. "ഞാൻ വേഗം വരുന്നു. നിന്റെ കിരീടം എടുക്കാതിരിക്കാൻ തക്കവിധം നിനക്കുള്ളത് മുറുകെപിടിച്ചുകൊള്ളുവിൻ" (വെളി.3:11). ദുരുപദേഷ്ടാക്കളുടെ വഞ്ചനയിൽ കുടുങ്ങി ആത്മനഷ്ടം സഹിക്കേണ്ടി വരുന്നവർ അനവധിയാണ്. എന്നാൽ സഭയോട് യോഹന്നാന് പറയുവാനുള്ളത്: "ഞങ്ങളുടെ പ്രയത്നഫലം കളയാതെ പൂർണ്ണപ്രതിഫലം പ്രാപിക്കേണ്ടതിന് സൂക്ഷിച്ചുകൊൾവിൻ" (2 യോഹ.7:8) എന്നാണ്.

കപടഭക്തിക്കാർക്കെതിരെയും കർത്താവ് ആഞ്ഞടിക്കുന്നുണ്ട്. ജനം കാൺകെ നീതിമാന്മാരായും പ്രാർത്ഥിക്കുന്നവരായും നടിക്കുന്ന അവരുടെയുള്ളം അശുദ്ധിയും കവർച്ചയുമാണ്. ''മനുഷ്യർ കാൺകെ സ്വന്തനീതി ജനത്തിനുമുമ്പിൽ പ്രദർശിപ്പിക്കുന്നവരായാൽ, പിതാവിന്റെ മുമ്പിൽ പ്രതിഫലമില്ല" (മത്താ.6:1,2).

ഭിക്ഷ കൊടുക്കാതെ അവനവന്റെ സുഖസമൃദ്ധി ആഘോഷിക്കുന്ന അനവധിപേരോട് കർത്താവ് പറയുന്നത് അവർക്ക് പ്രതിഫലം കിട്ടില്ല എന്നാണ് (മത്താ.6:2). വിശ്വസ്ത സാക്ഷിയായി ജീവിച്ചില്ലെങ്കിൽ ലജ്ജിതനാവുകയും, പൂർണ്ണപ്രതിഫലം കിട്ടാതെ പോകുകയും, പണി വെന്തുപോകുകയും ചെയ്യുന്നവരെക്കുറിച്ചും, നിശ്ചയ ദാർഢ്യമില്ലാതെ ഓടിയാൽ ഓട്ടത്തിൽ പരാജയപ്പെടുന്നവെരക്കുറിച്ചും സാക്ഷ്യമുണ്ട് (1 യോഹ.2:28, 2 യോഹ.8, 1 കൊരി.3:11-15, 1 കൊരി.9:24-27). കർത്താവിനെ മുന്നിൽ കണ്ടെന്നപോൽ ഭയഭക്തി പ്രവർത്തിക്കുന്ന വിശ്വസ്തദാസൻ കർത്താവിൽ നിന്നും ഏറെ പ്രതിഫലം പ്രാപിക്കുന്നവനാകും. എല്ലാമറിയുന്നവനായ ദൈവത്തിന് സാക്ഷികളുടെ ആവശ്യമില്ല (ഹെബ്രാ.4:13). എങ്കിലും ഓരോരുത്തരുടെയും വ്യക്തിപ്രഭാവത്തിനനുസരിച്ച് പ്രതിഫലം നൽകാനാണ് ന്യായവിധി.

## വെള്ളസിംഹാസന ന്യായവിധി അഥവാ അന്തിമന്യായവിധി

ദൈവത്തിന്റെ നിത്യനീതിയുടെ പ്രദർശനമാണ് ന്യായവിധി. "സർവ്വഭൂമിക്കും ന്യായാധിപതിയായവൻ നീതി പ്രവർത്തിക്കാതിരിക്കുമൊ? (ഉല്പ.18:25). ഇവിടെ ദൈവനീതിയുടെ ദ്വിമുഖ ദർശനത്തെ നാം കണ്ടെത്തണം. ഒന്ന്, ദൈവം ക്രിസ്തുവിൽ ആവിഷ്ക്കരിച്ചിരിക്കുന്ന നീതീകരണമാണ്. ക്രിസ്തുയേശുവിൽ വിശ്വസിക്കുന്ന ഏവരെയും ദൈവം നീതീകരിക്കുന്നു; അവൻ, സർവ്വപാപങ്ങളും ക്രിസ്തുവിൽ നീക്കപ്പെട്ടവരായി നീതിയുള്ള വരായിത്തീരുന്നു. "എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും" (ഹബ.2:4) എന്ന തിരുവചനത്തിന്റെ നിവൃത്തിയാണിത്. അവർ എന്നുമെന്നേക്കും ജീവിക്കും ഇതാണ് നിത്യജീവൻ. ഇത് പുതിയനിയമത്തിലുടനീളം ആവിഷ്ക്കരിച്ചിരിക്കുന്നു. അന്ത്യത്തോളം വിശ്വാസത്തിൽ നിലനിന്നാൽ, "ദൈവം നീതീകരിച്ച് തിരെഞ്ഞെടുത്തവരെ ആർക്കും കുറ്റം ചുമത്താൻ സാധിക്കില്ല" (റോമ.8:33). വിശ്വസ്തരായ വിശ്വാസികൾക്ക്, മേഘപ്രത്യക്ഷതയിലെ സഭയുടെ ഉയിർപ്പിനുശേഷമുള്ള ന്യായവിധി ശിക്ഷാവിധിക്കുള്ള ക്രിസ്തുവിന്റെ ന്യായസനമല്ലെന്നും വിശ്വാസികളോരോരുത്തർക്കുമുള്ള പ്രവൃത്തിക്കനുസരിച്ചുള്ള പ്രതിഫലം വാങ്ങുന്നതിനാണെന്നും കണ്ടുകഴിഞ്ഞു.

രണ്ട്, സത്യദൈവത്തെ അറിയുവാനുള്ള സകല സാഹചര്യങ്ങളും ഉണ്ടായിട്ടും അറിയാത്തവർക്കും,

(ശേഷം 23-ാം പേജിൽ)

CHURCH OF ETERNITY

## ചർച്ച് ഓഫ് ഇറ്റേണിറ്റി

## അജപാലന നിർവ്വാഹക സമിതി  Pastoral Council



President.
Apostle. Devasia
Mullakkara sir



Apostle & Prophet
Pr. Soajn
Church Of Eternity
Kuwait
Mob: 0096597711237



General Secretary
Pr. Abraham
Church Of Eternity
Kanjangad
Mob: 994726 7701



Sr. Vice President
Pr. Yesudas
*(Church Prophet)*
Church Of Eternity
Thiru valla
Mob: 9446 74 5148



Sr. Vice President
Pr. Tomichan
*(Church Prophet)*
Church Of Eternity
Kottayam, Pala
Mob: 9744655214



Acting President
Pr. George Kudippara
Church Of Eternity
Trivandrum
Mob: 9446 718242



Working President
Rev. Watson Daniel (Adv)
Church Of Eternity
Bathery, Wayanad
Mob: 9446952562



Vice President
Rev. Raj Mohan
Church Of Eternity
Delhi
Mob: 09958328119

### Church Of Eternity Academic deans



Pr.Suresh
Church Of Eternity
Palarivattom
Mob: 9388487301

Pr. Yohannan Daniel(M.Div)
Church Of Eternity
Pilathara
Mob: 09447192773

Pr. Samson
Church Of Eternity
Karukachal
Mob: 9387841020



Administrator
Pr. Johny
Church Of Eternity
Thrissur
Mob: 9961854203



Treasurer
Pr. Tony
Church Of Eternity
Mundakkayam & Chennai
Mob:9388608345



Office. Secretary
Pr.Joyichan
Church Of Eternity
Ponkunnam
Mob:9048222384



Secretary
Pr. Shaju
Church Of Eternity
Pulingome
Mob:9446988562



Secretary
Pr. Jose
Church Of Eternity
Kollam
Mob:9847872731



Secretary
Pr. Sibichan
Church Of Eternity
Ettumanoor
Mob:9947260420



Secretary
Pr. George
Church Of Eternity
Mananthavady
Mob:9495326295



Secretary
Pr. babychan
Church Of Eternity
Kannur
Mob:9947142748



Joint. Secretary
Pr. Biju
Church Of Eternity
Adimaly
Mob: 9495876219



Joint. Secretary
Pr. Stanly
Church Of Eternity
Navi Mumbai
Mob:9447374860



Joint. Secretary
Pr. Saji
Church Of Eternity
Palakkad
Mob: 9447695624



Joint. Secretary
Pr. Francis
Church Of Eternity
Kozhikkode
Mob: 9645707908



Worship Leader
Pr. Biju Kundara
Church Of Eternity
Punaloor
Mob:9447248425



Worship Leader
Pr. TD Thomas
Church Of Eternity
Thalassery
Mob: 9539955437



Pr. Samson
Church Of Eternity
Abbassiya
Mob:0096566311234



Pr. Lal Kumar
Church Of Eternity
Yemen
Mob: 00967777741554



Pr. Tomy Mannoor
Church Of Eternity
Mahbula
Mob: 0096596035928



Pr. Jiji
Church Of Eternity
UAE
Mob: 00971503631158



Dr. Viji(Pastor)
Church Of Eternity
Kuwait, English Ministry
Mob: 0096566394954



Sr.Molly Socrates
Church Of Eternity
Chennai
Mob: 09444928484



Pr. Deepu
Church Of Eternity
Australia
Mob: 0061448544652

## കണ്ണൂർ ജില്ല

## ആരാധനാ കേന്ദ്രങ്ങളും ഇടദിവസങ്ങളിലെ കൂട്ടായ്മകളും



**പാ.ഷാജു സഖറിയാസ്**
Mob:9446988562
**പുളിങ്ങോം**
ആത്മാഭിഷേകം
വചനാശ്രമം
ഞായർ 9 am- 2.00pm (ആരാധന)



**പാ:ജോസ്**
9495066596
**കരുവഞ്ചാൽ**
സൂരജ് മെഡിക്കൽസിന്റെ
മുകൾ നില പുതിയ ബസ്സ്റ്റാന്റ്
ഞായർ 10 am- 1.00 pm(ആരാധന)



**പാ. ദീപു**
**കൈപ്പൻപ്ലാക്കൽ**
Mob:9947787042

**കണ്ണൂർ**
ഹോട്ടൽ ഇന്ത്യാ ഹൗസ്
പഴയബസ്സ്റ്റാന്റിന് സമീപം
ഞായർ 10 am- 1.00 pm (ആരാധന)



**പാ : യോഹന്നാൻ**
Mob:9447787042
**പിലാത്തറ**
വ്യാപാര ഭവൻ
ഞായർ 10 am- 2pm (ആരാധന)



**പാ : ടി.ഡി.തോമസ്**
9539002341
**തലശ്ശേരി**
LIC Conference Hall
(2nd floor) ടൗൺ ഹാൾ
ജംഗ്ഷൻ, പെട്രോൾ പമ്പിനെതിർവശം
ഞായർ 10 am- 1.00 pm (ആരാധന)
**കൂത്തുപറമ്പ്,** പത്തലായി റൂറൽ
ലൈബ്രറി ഹാൾ, Near KSEB
വെള്ളി 10 am- 1.00 pm (ആരാധന)



**പാ: ബിജോയി**
**അയിലുക്കുന്നേൽ**
Mob:9495696466
**വലിയപറമ്പ്**
ടി.ടി. മാത്യുഭവനം **മൃഗാശുപത്രിക്ക് സമീപം**
ഞായർ 10.00 am 1.00 pm(ആരാധന)



**പാ: ടി.ടി.മാത്യു**
Mob:9446262926
**ഇരിട്ടി** വ്യാപാര ഭവൻ,
അപ്പോളോ ടെക്സ്റ്റൈൽസ്
ബിൽഡിംഗ്
ഞായർ 10 am- 2 pm (ആരാധന)

**മണത്തണ , മഠപ്പുരച്ചാൽ**
ഞായർ 2.00 pm- 4.00 pm (ആരാധന)

## കാസർഗോഡ് ജില്ല



noon(ആരാധന)
**പെരിയ, ബേക്കൽ**

## വയനാട് ജില്ല



**Rev.Watson Daniel (Adv.)**
**Mob : 9446952562**
**ബത്തേരി**
ഐഎംഎ ഹാൾ
ഞായർ 10 am-12 noon
(ആരാധന)

## ആരാധനാ കേന്ദ്രങ്ങളും ഇടദിവസങ്ങളിലെ കൂട്ടായ്മകളും



**പാ:രമേശൻ**
Mob:9495065582
**മീനങ്ങാടി**
House Of Hope
Opp.Bus stand

**കല്ലുപാടി** **സാജൻ ഭവനം**
വെള്ളി 6.00 pm- 9.30 pm 9447263310



**പാ.ജോർജ്ജ് കുട്ടി മലയിക്കൽ**
Mob:9495326295
**മാനന്തവാടി**
കബനി ടൂറിസ്റ്റ്ഹോം
വള്ളിയൂർക്കാവ് റോഡ്
ഞായർ 9.30 am 12.30 pm (ആരാധന)



**പാ.വർഗീസ്**
Mob: 9526676084
8547963084
**പനമരം**
വ്യാപാരഭവൻ
ഞായർ 10.00 am to 1.00 pm (ആരാധന)



**പാ: മത്തായി പൊട്ടനാനിക്കൽ**
Mob:9747757609
**പുൽപ്പള്ളി**
Co-operative college
ഞായർ 9.30 am to 12 noon (ആരാധന)
ഞായർ 2.30 pm to 5 pm കാവിങ്കൽ തങ്കമ്മ (ചെറുപ്പള്ളി)
1-ാം തിങ്കൾ : പ്രാർത്ഥന (ഒഫള്ളി-കർണ്ണാടക)
**പാടിച്ചിറ** വനീഷ്ഭവനം
ചൊവ്വ 5.30 pm- 7.30 pm(പ്രാർത്ഥന)
**പുൽപ്പള്ളി 73** സിബിച്ചൻ ഭവനം
ബുധൻ 5 pm- 7 pm (പ്രാർത്ഥന)
**ഭൂദാനം** പാ.മത്തായി ഭവനം, വെള്ളി
10.00 am- 1.00 pm (ഉപവാസ പ്രാർത്ഥന)

**Mrs.&Mr. ഡോ.ഫെർഡിനന്റ് ദാനം (പാസ്റ്റർ)**




**9446648411**
**കൽപറ്റ**
**ലൂഥറൻ ചർച്ച്**
(Opp.പഴയബസ്സാന്റ്)
ഞായർ 2.30 pm- 5.00 pm (ആരാധന)
**മേപ്പാടി** രാജൻ ഭവനം, നെടുംപാല
ഞായർ 10.00 am- 1.00 pm (ആരാധന)

## കോഴിക്കോട് ജില്ല



**പാ: ഫ്രാൻസിസ് (അപ്പച്ചൻ)**
Mob:9400784917
:9645707908
**കോഴിക്കോട്**
ആത്മാഭിഷേകം വർഷിപ്പ് സെന്റർ, പി.ടി.ഉഷാറോഡ്
(അമലാപുരി പള്ളിക്കെതിർവശത്തുള്ള കെട്ടിടത്തിന്റെ ഒന്നാംനിലയിൽ
ഞായർ 10.00 am to 1.00 pm (ആരാധന)
ശനി: 10.30 am 2.00 pm (ഉപവാസപ്രാർത്ഥന)



**തിരുവമ്പാടി,**
**പാ: സാജൻ** Mob:9447263310
ആത്മാഭിഷേകം പ്രയർ ഹാൾ,
2nd floor ലിറ്റിൽ ഫ്ളവർ ഓഡിറ്റോറിയം, ചർച്ച് റോഡ്.
ഞായർ 10am-1pm (ആരാധന)



**പാ:ഫ്രാൻസിസ് (അപ്പച്ചൻ)**
Mob:9400784917
**വടകര**
കോൺവെന്റ് റോഡ്,
വിജയ ഹോട്ടലിനു മുകളിൽ
വെള്ളിയാഴ്ച 10 am to 1 pm



**പാ.റോയ്**
Mob:9961259509 ,
9645439869
**പേരാമ്പ്ര**
**സാഗർ ഓഡിറ്റോറിയം,**
സാഗർ ഹോട്ടലിന് മുകളിൽ
മീൻമാർക്കറ്റിന് സമീപം
ഞായർ 9.30 am to 1 pm (ആരാധന)



**പാ.സ്കറിയ**
9995014257

**താമരശ്ശേരി**
**വ്യാപാരഭവൻ**
മിനികോൺഫറൻസ് ഹാൾ
ഞായർ 2.00 pm to 5.00 pm (ആരാധന)

## പാലക്കാട് ജില്ല



**പാ:സജി ചെരുവുംകാലാ**
Mob:9447695624
**പാലക്കാട്**
തൃപ്തി ഹാൾ
ജില്ലാ ഹോസ്പിറ്റലിന് സമീപം
ഞായർ 10.00 am to 1.00 pm (ആരാധന)
എല്ലാ രണ്ടാം ശനിയാഴ്ചയും 10.00 am to 1.00 pm (ഉപവാസ പ്രാർത്ഥന)

## തൃശൂർ ജില്ല



**പാ.ജോണി പാറപ്പുറം**
Mob:9961854203
**തൃശ്ശൂർ**
ചേംബർ ഓഫ് കൊമേഴ്സ് ഹാൾ (A/C), പാലസ് റോഡ്,
സ്വപ്നാതീയേറ്ററിന് പിറകിൽ
ഞായർ 10 am- 2 pm (ആരാധന)

## മലപ്പുറം ജില്ല



**Pr.Reji Jose**
Mob:7034927572
**പെരിന്തൽമണ്ണ**
Tee Tee Plaza
Tourist Home,
Near Moulana Hospital
ഞായർ 8 am - 11am (ആരാധന)



**പാ.ജോസ് കീച്ചേരിയിൽ**
Mob: 9539936979
**നിലമ്പൂർ**
Pee Vees Arcade,
മിനി ഹാൾ, നിലമ്പൂർ മാനർ
ഞായർ 10.00 am to 1pm (ആരാധന)

## എറണാകുളം ജില്ല



**പാ:സുരേഷ്**
Mob:9388487301
**പാലാരിവട്ടം (എറണാകുളം)**
ആത്മാഭിഷേകം വർഷിപ്പ് സെന്റർ
പാലാരിവട്ടം സർക്കിൾ,മാർക്കറ്റ് റോഡ്,
(കാർഷിക വികസന ബാങ്കിന് സമീപം)
ഞായർ 10.00 am- 12.00 noon (ആരാധന)



**പാ.ബിനു**
Mob:9947217398
**തൃപ്പൂണിത്തുറ**
House No. PRA 67,
വടക്കേക്കോട്ട, തൃപ്പൂണിത്തുറ
ഞായർ 10.00 am- 1.00 pm (ആരാധന)



**പാ. മത്തായി മാത്യു (ബേബിച്ചൻ)**
Mob:9947142748

**Mr&Mrs. സോക്രട്ടീസ് (പാസ്റ്റർ)**
Mob:09444928484




**പെരുമ്പാവൂർ**
വ്യാപാര ഭവൻ
ഞായർ 10 am- 1 pm (ആരാധന)



**പാ.ജോയി**
Mob:8086726173
**കാലടി**
വി.ഐ.പി. ഷോപ്പിംഗ് കോംപ്ലക്സ്
(പ്രൈവറ്റ് ബസ്സാന്റിനു സമീപം).
ഞായർ 10.00 am - 1 pm (ആരാധന)
വ്യാഴം : 10 am - 2 pm (ഉപവാസ പ്രാർത്ഥന)



**പാ.എം.സി.പൗലോസ്**
Mob:9446688679
**അങ്കമാലി**
സീനായ് ഷോപ്പിംഗ് സെന്റർ,
മുൻസിപ്പൽ ഓഫീസ്റോഡ്
KSRTC ക്കു സമീപം
ഞായർ 10 AM - 1 PM (ആരാധന)
വെള്ളി: 10 am - 5 pm (ഉപവാസ പ്രാർത്ഥന)
ബുധൻ: 5 pm - 8 pm (പുരുഷ കൂട്ടായ്മ)
ശനി: ഭവന പ്രാർത്ഥന

**പറവൂർ** വ്യാപാരഭവൻ,
മിനികോൺഫ്രൻസ്ഹാൾ
ഞായർ: 2.30 pm- 5.30 pm (ആരാധന)



**പാ. അനിൽ എസ്**
Mob:9747900499, 9495166724
**മൂവാറ്റുപുഴ**
പാലപ്പുറം ബിൽഡിംഗ്
ഞായർ:10.30 am-1 pm (ആരാധന)
**കോതമംഗലം** ടി.എം.ജേക്കബ് മെമ്മോറിയൽ ഹാൾ
ഞായർ: 8.00 am - 10 am (ആരാധന)



**പാ. ജോസഫ് ഐരാപുരം**
Ph:9447055141
**ഫോർട്ടുകൊച്ചി**
YMCA Hall ചിരട്ടപ്പാലം
ഞായർ: 10 am- 1 pm (ആരാധന)
ഭവന പ്രാർത്ഥന: പ്രസീദ ടീച്ചർ ഭവനം
എല്ലാവ്യാഴാഴ്ചയും 11 am-1.30 pm

# ആരാധനാ കേന്ദ്രങ്ങളും ഇടദിവസങ്ങളിലെ കൂട്ടായ്മകളും



**പാ: ആന്റണി.പി.ആർ**
Ph:9388689735
**ചേർത്തല**
സെന്റ് ആന്റണീസ് ബിൽഡിംഗ്, മനോരമ ജംഗ്ഷൻ, നോർത്ത് വയലാർ റോഡ്
ഞായർ: 10.00 am- 1pm (ആരാധന)



**പാ.സി.വി.ഏലിയാസ്**
Ph:9495272708
**പിറവം**
അറ്റ്ലാന്റിക് ബിൽഡിംഗ്
മൈത്രി മാർക്കറ്റിനടുത്ത്
കരോട്ടക്കുരിശ്
ഞായർ:10.00 am- 1.00 pm(ആരാധന)

**പെരുവ** ബാപ്പുജി സ്കൂൾ ഓഡിറ്റോറിയം, കുന്നപ്പള്ളി
ഞായർ: 2.00 pm- 5.00 pm (ആരാധന) Ph:9495272708

## കോട്ടയം ജില്ല



**പാ:ടോമിച്ചൻ വട്ടപ്പാറയിൽ**
Ph:9744655214
**കോട്ടയം** I M A ഹാൾ
ഡി.സി. ബുക്സിനു സമീപം
ലോഗോസ് ജംഗ്ഷൻ
ഞായർ: 9 am - 1 pm (ആരാധന)

ബുധൻ 9 pm to 4 am നൈറ്റ് വിജിൽ (പുരുഷൻമാർ)
**പാലാ** വ്യാപാര ഭവൻ
ഞായർ: 2.00 pm - 5.00 pm (ആരാധന)
**വയല** വെള്ളി: 7.00 pm - 9.00 pm ഭവന കൂട്ടായ്മ
**മെഡിക്കൽ കോളേജ്**
കോട്ടയം മെഡിക്കൽ കോളേജിനടുത്ത് യൂണിറ്റി ബിൽഡിംഗ്, ഒന്നാംനില,
ചൊവ്വാ 10 am to 1pm (ഉപവാസ പ്രാർത്ഥന)
വെള്ളി 10 am to 1pm (ഉപവാസ പ്രാർത്ഥന)
**വാഴൂർ** ബുധൻ 10 am to 1 pm
വ്യാഴം 6 pm to 10 pm (പുരുഷൻമാർ)
**പാലാ** ടോംസ് ഓഡിറ്റോറിയം
വെള്ളി 2 pm to 5 pm (ബൈബിൾ ക്ലാസ്)
**മണർകാട്** ശനി 6 pm 9 pm (കൂട്ടായ്മ)
ബുധൻ 6 pm to 8 pm



**പാ: സജി മാന്താറ്റിൽ**
Ph:9447370460
**തലയോലപ്പറമ്പ്**
പഴയകടവിൽ ബിൽഡിംഗ്
ഞായർ: 10 am- 1 pm (ആരാധന)



**പാ:ടോണി സിറിയക്**
Ph:9388608345,
9400502442
**മുണ്ടക്കയം**
അത്യാലിൽ പ്ലാസ,
മൂന്നാം നില



പാ:രാജു ഐസക്
9744756060

ഞായർ: 9.30 am to 2pm(ആരാധന)
വെള്ളി: 10 am to 1 pm (ഉപവാസപ്രാർത്ഥന)
**വിമ്പിള്ളി** (ഭവന കൂട്ടായ്മ) ബുധൻ: 10 am-1 pm
**പനക്കച്ചിറ** (ഭവന കൂട്ടായ്മ) ബുധൻ:2pm - 5pm



**പാ:അപ്പച്ചൻ**
ph : 9400259087
**എരുമേലി**
റോട്ടറി ക്ലബ്ബ്
ഞായർ: 10 amto 1pm (ആരാധന)



**പാ. മാനുവൽ അള്ളുംപുറത്ത്**
Mob: 9495723836
**ഈരാറ്റുപേട്ട**
പഴയപറമ്പിൽ റസിഡൻസി കോൺഫ്രൻസ് ഹാൾ
K.S.R.T.C ബസ്സ്റ്റാൻഡിന് സമീപം
(കാഞ്ഞിരപ്പള്ളി റൂട്ട്, തെക്കേക്കര)
ഞായർ: 10 am to 1pm (ആരാധന)

ചൊവ്വ, വ്യാഴം ദിവസങ്ങളിൽ പുരുഷകൂട്ടായ്മ 6 pm to 8 pm
ചർച്ച് ഹാളിനു സമീപമുള്ള പാസ്റ്ററുടെ ഭവനത്തിൽ
ബുധൻ, ശനി ഭവനകൂട്ടായ്മ 11 am to 2 am



**പാ. സിബിച്ചൻ മലയിക്കൽ**
Mob: 9947260420
**ഏറ്റുമാനൂർ**
ആത്മാഭിഷേകം വർഷിപ് സെന്റർ,
(K.S.R.T.C ബസ്സ്റ്റാന്റിനുസമീപം)
ഞായർ: 9am to 1 pm (ആരാധന)

ബുധൻ 10.00 am– 3.00 pm
(ഉപവാസ പ്രാർത്ഥന)
ആത്മാഭിഷേകം വർഷിപ് സെന്റർ,
(K.S.R.T.C ബസ്സ്റ്റാന്റിനുസമീപം)
**കുറുപ്പും തറ**
ആത്മാഭിഷേകം വർഷിപ് സെന്റർ,
S.H.കോളേജ് (ജറീക്കോ പ്രാർത്ഥനാലയത്തിനടുത്ത്)
ഞായർ: 3.00 pm to 6.00 pm (ആരാധന)
**പട്ടിത്താനം കവല**
ഞായർ: 6.00 pm to 9.00 pm (ആരാധന)
**കൂത്താട്ടുകുളം**
ബാപ്പുജി സ്കൂൾ ഓഡിറ്റോറിയം
**നീണ്ടൂർ** (മാഞ്ഞൂർ) മാന്താറ്റിൽ സജി ഭവനം
വ്യാഴം 5.00 pm to 8.00 pm (പ്രാർത്ഥന)
**കടുത്തുരുത്തി**
നന്ദാവനം ബിൽഡിംഗ്, മാർക്കറ്റ്ജംഗ്ഷൻ
വെള്ളി 10 am to 1.00 pm (ഉപവാസപ്രാർത്ഥന)
ശനി 6.00 pm to 9.00 pm (പുരുഷകൂട്ടായ്മ)
**പുന്നത്തറ കവല**
അഡ്വ.സിജെ.ജോസഫ് ഭവനം വെള്ളി 6 pmto 8.30 pm



**പാ. സണ്ണി മുണ്ടക്കയം**
Mob:9400931331
**കൂത്താട്ടുകുളം**
ബാപ്പുജി സ്കൂൾ ഓഡിറ്റോറിയം
ഞായർ:10 amto1pm(ആരാധന)



**പാ. സണ്ണി കല്ലറ**
Mob:9747162519,
9946122890
**കടുത്തുരുത്തി**
നന്ദാവനം ബിൽഡിംഗ്
ഞായർ:10am to 1pm(ആരാധന)



**പാ:സൈമൺ കെ. ഡാനിയേൽ**
Mob:9387841020
**കറുകച്ചാൽ**
വ്യാപാര ഭവൻ,
കോൺഫ്രൻസ് ഹാൾ
ഞായർ: 10 am to 1pm (ആരാധന)
വെള്ളി:10 am to 1pm
(ഉപവാസ പ്രാർത്ഥന)

**പുതുപ്പള്ളി,** ചൊവ്വ 6 pm to 9 pm (പ്രാർത്ഥന)
**മാമ്മൂട്,** ബുധൻ: 10 am to 1 pm (പ്രാർത്ഥന)




Mrs.&Mr.
**വിസി.മാത്യു**(പാസ്റ്റർ)
(ജോയിച്ചൻ വണ്ടനാനിക്കൽ)
Mob:9048222384

**പൊൻകുന്നം** പെൻഷൻ ഭവൻ
(ഭാരത് പെട്രോൾ പമ്പിന് എതിർവശം)
ഞായർ: 10.00 am 1.00 pm(ആരാധന)
ഞായർ 9 am 10 am(കുട്ടികൾക്കായുള്ള വേദപഠനം)
എല്ലാ ചൊവ്വാഴ്ചകളിലും 10 am 1pm (ഭവന കൂട്ടായ്മ)
എല്ലാ ബുധനാഴ്ചകളിലും 10 am 1pm (ഭവന കൂട്ടായ്മ)
എല്ലാ വ്യാഴാഴ്ചകളിലും 10 am 1pm (ഭവന കൂട്ടായ്മ)
വെള്ളി 7 pm 12 pm (ജാഗരണ പ്രാർത്ഥന)



**ചങ്ങനാശ്ശേരി**
**പാ:രാജു അബ്രഹാം**
Ph:8891058885
YWCA ഓഡിറ്റോറിയം
ഞായർ: 10.00 am to 1.00 pm (ആരാധന)

## ഇടുക്കി ജില്ല



**പാ: ബിജു പി.സാം**
Mob: 9495876219,
9744741907
**അടിമാലി**
വ്യാപാരഭവൻ
ഞായർ 10 am-1 pm (ആരാധന)
**പഴംപള്ളിച്ചാൽ**
ആത്മാഭിഷേകം വർഷിപ് സെന്റർ
വായനശാലയ്ക്ക് സമീപം
ഞായർ 7 am -9.30 am (ആരാധന)
**കരിപ്പലങ്ങാട്** ബാബു ഭവനം
1ാം വ്യാഴം 10.00 am- 1.00 pm(പ്രാർത്ഥന)
**മുക്കാലേക്കർ** എസ്തപ്പാൻ ഭവനം
2ാം വ്യാഴം 10.00 am- 1.00 pm
**ചാറ്റുപാറ** സേവ്യർ ഭവനം.
1ാം വെള്ളി 10.00 am- 1.00 pm (പ്രാർത്ഥന)
**പണിക്കൻകുടി** ജനകൻ ഭവനം
2ാം വെള്ളി 10.00 am- 1.00 pm (പ്രാർത്ഥന)
**കുഞ്ചിത്തണ്ണി** (20 ഏക്കർ) തോമസ് ഭവനം
3ാം വെള്ളി 10.00 am- 1.00 pm (പ്രാർത്ഥന)
**200ഏക്കർ** പാസ്റ്റർ ഭവനം
4ാം വെള്ളി 10.00 am- 3.00 pm
ഇടുക്കി ജില്ലയിലെ പാസ്റ്റർമാരും വിശ്വാസികളും കൂടിയുള്ള ഉപവാസപ്രാർത്ഥന.
**ചെങ്കുളം** പീറ്റർ ഭവനം
ശനി 10 am- 1.00 pm (ബൈബിൾക്ലാസ്സ്)
**മാങ്കുളം(വിരിപാറ)** വെട്ടിക്കാപ്പിള്ളി ഭവനം
വെള്ളി 6 pm- 9.30 pm (പ്രാർത്ഥന)
**മില്ലുംപടി** പാസ്റ്റർഭവനം
ശനി 7.00 am- 10.00 am (ബൈബിൾ പഠനം)



**പാ:ജോസഫ് വി.റ്റി**
(രാജു മുണ്ടക്കയം)
Ph:9446379625, 9747499619
**തൊടുപുഴ**
മാരിയിൽ ടവർ ബിൽഡിംഗ്
2nd floor, Near civil station
ഞായർ: 10 am- 1 pm (ആരാധന)



**പാ.സിറിൾ**
Mob: 9400333164
**കട്ടപ്പന**
ഒന്നാം നില,
കൊച്ചുകുടിയിൽ ബിൽഡിംഗ്
KSEB ക്ക് സമീപം.
ഞായർ 10 am- 1pm (ആരാധന)



**പാ:സാജു**
Mob:9447981274
**ചേലച്ചുവട്**
ആത്മാഭിഷേകം വർഷിപ്സെന്റർ
Opp. വ്യാപാരഭവൻ
ഞായർ 10 am to 1pm (ആരാധന)

## പത്തനംതിട്ട ജില്ല




**തിരുവല്ല**
Mrs.& Mr.
**യേശുദാസ് പുളിക്കൽ**
(പാസ്റ്റർ)
Ph:9446745148
ആത്മാഭിഷേകം സഭാഹാൾ,
മഞ്ഞാടി, ആമല്ലൂർ റോഡ്
ഞായർ: 10.00 am- 1.00 pm (ആരാധന)
വെള്ളി: 10 am -1pm ഉപവാസ പ്രാർത്ഥന
ശനി: 10 am -3 pm കൗൺസിലിംഗ്



പാ:സി.വി. ജോസ്സി
Ph:9847052185
**പത്തനംതിട്ട**
നന്നുവക്കാട് YMCA ഹാൾ
(ചുരുളിക്കോട്)
ഞായർ: 10.00 am-1.00 pm (ആരാധന)
വെള്ളി: 10 am 1 pm (ഉപവാസപ്രാർത്ഥന)



പാ. ബിനോജ്
Mob: 9539769595
**അടൂർ**
opp. കച്ചേരി മാർക്കറ്റ്
ഞായർ: 10 am to 1 pm (ആരാധന)

## ആലപ്പുഴ ജില്ല



പാ:ബിജു
Mob:9447116820
**ആലപ്പുഴ**
YWCA ഹാൾ
Near വഴിച്ചേരിജംഗ്ഷൻ
ഞായർ 9.30 am to 1 pm (ആരാധന)
സൺഡേസ്കൂൾ:
എല്ലാ ഞായറാഴ്ചയും 12.30 pm
**പുന്നപ്ര**
തിങ്കൾ 6 pm to 9 pm (ബൈബിൾക്ലാസ്)
എല്ലാ വെള്ളിയാഴ്ചയും
(ഉപവാസപ്രാർത്ഥന) 10 am
**ഹരിപ്പാട്**
സബ് റെജിസ്ട്രാർ ഓഫീസ്
ബിൽഡിംഗ്, കവല, നങ്ങ്യാർകുളങ്ങര
ഞായർ :2 pm to 5 pm (ആരാധന)
എല്ലാ മാസത്തിലെയും നിശ്ചിത അവധി ദിവസങ്ങളിൽ 10 am to 3 pm
(ബൈബിൾക്ലാസ്)
**കായംകുളം**
വൈ.എം.സി.എ ഗോൾഡൻ ജൂബിലി,
ഓഡിറ്റോറിയം, (പാർക്ക് ജംഗ്ഷൻ)
ശനി: 9.30 am to 1.00 pm (ആരാധന)
സൺഡേ സ്കൂൾ:
എല്ലാ ശനിയാഴ്ചയും 12.30 pm
**കറ്റാനം**
മാംകാവിൽ ഗാർഡൻസിന് സമീപം,
വില്ലേജ് ഓഫീസ് റോഡ്
(കുടുംബകൂട്ടായ്മ)
എല്ലാ 2-ാം ശനിയാഴ്ചയും: 2 pm to 5 pm

## കൊല്ലം ജില്ല



പാ:ജോസ് മാത്യു
Ph: 9847872731,
9946586728
**കൊല്ലം**
**YMCA ഹാൾ, ചിന്നക്കട,**
റെയിൽവെ ക്രോസിന് സമീപം
ഞായർ: 10 am to 1 pm (ആരാധന)

**കരുനാഗപ്പള്ളി**
YMCA ഹാൾ,
Ph: 9847872731, 9946586728
ചൊവ്വ: 10 am to 1 pm (ഉപവാസപ്രാർത്ഥന)
**പൂയപ്പള്ളി**
കിഴക്കിടത്ത് ബിൽഡിംഗ്
Ph: 9847872731, 9946586728
വെള്ളി: 10 am to 1 pm (ഉപവാസപ്രാർത്ഥന)

ഭവന കൂട്ടായ്മകൾ: -
ആശ്രാമം 1-ാം തിങ്കൾ 4.00 pm to 6.00 pm
തങ്കശ്ശേരി 2-ാം തിങ്കൾ 4.00 pm to 6.00 pm
ഹൈസ്കൂൾ Jn. 3-ാം തിങ്കൾ 4.00 pm to 6 pm
മുണ്ടാലുംമൂട് 4-ാം തിങ്കൾ 4.00 pm to 6.00 pm
പരവൂർ 1-ാം ചൊവ്വ 4.00 pm to 6.00 pm
മയ്യനാട് 2-ാം ചൊവ്വ 4.00 pm to 6.00 pm
ഇളമ്പള്ളൂർ 3-ാം ചൊവ്വ 4.00 pm to 6.00 pm
കൊട്ടിയം 4-ാം ചൊവ്വ 4.00 pm to 6.00 pm
ശങ്കരമംഗലം 1-ാം ബുധൻ 4.00 pm to 6.00 pm
നീണ്ടകര 2-ാം ബുധൻ 4.00 pm to 6.00 pm
പൂതക്കുളം 3-ാം ബുധൻ 4 pm to 6 pm
പുന്നക്കോട് 4-ാം ബുധൻ 4.00 pm to 6.00 pm
ചെറുവക്കൽ 1-ാം വ്യാഴം 4.00 pm to 6.00 pm
കുളപ്പില 2-ാം വ്യാഴം 4.00 pm to 6.00 pm
ഓയൂർ 3-ാം വ്യാഴം 4.00 pm to 6.00 pm
ഇളമാട് 4-ാം വ്യാഴം 4.00 pm to 6.00 pm
മുഖത്തല 1-ാം വെള്ളി 4.00pm 6.00 pm
നല്ലില 2-ാം വെള്ളി 4.00 pm to 6 pm
കരിക്കോട് 3-ാം വെള്ളി 4.00 pm to 6.00 pm
വർക്കല 4-ാം വെള്ളി 4.00pm to 6.00 pm



പാ.കെ.സി ദേവസ്യാ (ദാസ്)
Mob:9633227925
**പത്തനാപുരം**
സായാന്നാ ടൂറിസ്റ്റ്ഹോം
opp.ജനത ഹോസ്പിറ്റൽ
ഞായർ : 10 am to 1 pm (ആരാധന)
ഒന്നാം ശനി മുറിഞ്ഞകൽ
ഷീബ ഭവൻ 3 pm to 5 pm, രണ്ടാം ശനി
**നെടുമൺകാവ്** രാധാമണിഭവനം
3 pm to 5 pm, മൂന്നാം ശനി പ്ലാന്റേഷൻ,
വൽസലാമ്മഭവനം 3 pm to 5 pm
നാലാം ശനി **കൂടൽ** മണി ഭവനം
3 pm to 5 pm



പാ:ബിജു സ്കറിയ കുണ്ടറ
Mob:9447248425
**പുനലൂർ**
എം.ജെ.എസ്. ടൂറിസ്റ്റ്
ഹോം (Opp. Market)
ഞായർ:10.00 am to 1.00 pm (ആരാധന)
എല്ലാ വെള്ളിയാഴ്ചയും(ഉപവാസപ്രാർത്ഥന) 10 am to1pm
**കുണ്ടറ** (എല്ലാ ശനിയാഴ്ചകളിലും
പ്രാർത്ഥന) ആറുമുറിക്കട. മേലതിൽ ഓഡിറ്റോറിയം 3.00 pm - 5 pm
**ഭരണിക്കാവ് , പുത്തൂർ, ചാത്തന്നൂർ**

## തിരുവനന്തപുരം ജില്ല



പാസ്റ്റർ:ജോർജ്ജ് തോമസ്
കുടിപ്പാറ
Mob:9446718242
**പരുത്തിപ്പാറ**
ഗ്രേസ് മിനിഹാൾ
ഞായർ 10.30 am to 12.30 pm (ആരാധന)
ആരാധന:എല്ലാ ശനിയാഴ്ചയും YMCA ഹാൾ 10.30 am-12.30 pm തൊഴുക്കൽ.
നെയ്യാറ്റിൻകര
യൂത്ത് കൂട്ടായ്മ എല്ലാ ഞായർ 12.30 pm
ഒന്നിടവിട്ട മാസങ്ങളിൽ ഏകദിന കൂട്ടായ്മ
ലേഡീസ് കൂട്ടായ്മ രണ്ടാം ഞായർ (4.30 pm),
4-ാം ഞായർ (12.30 pm to 1 pm)

പുരുഷ കൂട്ടായ്മ 2-ാം ഞായർ, 4-ാം ഞായർ
12.30 pm - 1 pm
സൺഡേ സ്കൂൾ :
എല്ലാ ഞായറാഴ്ചയും 12.30 pm
**പൂവ്വാർ,** ബെഥേൽ ഭവനം പ്രയർ ഹാൾ,
പത്തനാവിള ആർ.സി. ചർച്ച് റോഡ്
ഞായർ 4.00 pm to 6.00 pm (ആരാധന)
**കാട്ടാക്കട,** അംബികാ ഭവനം എല്ലാ ശനിയാഴ്ചയും 10 am to 1pm (ആരാധന)
കുടുംബ കൂട്ടായ്മകൾ:-
**വലിയതുറ,** 1-ാം ചൊവ്വ മാത്യൂസ് ഭവനം 5.30 pm
**ആന്നാട്,** 2-ാം ചൊവ്വ ബാബുഭവനം 10.30 am
**ചന്തവിള** 3-ാം ചൊവ്വ സാംബശിവൻ ഭവനം 6.00 pm
**കുടപ്പനക്കുന്ന്,** 4-ാം ചൊവ്വ ശശിഭവനം 6.30 pm
**മുട്ടട,** ആത്മാഭിഷേകം ഓഫീസ്
എല്ലാ ബുധനാഴ്ചയും
ഉപവാസ പ്രാർത്ഥന.10.30 am
**L.M.S.Nagar,** എല്ലാ വെള്ളിയാഴ്ചയും
ബൈബിൾ സ്റ്റഡി 6.00 pm to 9.00 pm
**ഊരുട്ടമ്പലം,** 1-ാം ബുധൻ ചിനിവിള ജോർജ്ജ് 5 pm
**വലിയവിള,** 2-ാം ബുധൻ
ജയചന്ദ്രൻ ഭവനം 4.30 pm
**കരമന,** 3-ാം ബുധൻ ശാന്തഭവനം
3 pm 3-ാം ബുധൻ
ജോർജ്ജ് ഫിലിപ്പ് ഭവനം 5.00pm
**കിള്ളി,** 4-ാം ബുധൻ ബിജുഭവനം 6 pm
**വെങ്ങാന്നൂർ,** 1-ാം വ്യാഴം ജസ്റ്റസ് ഭവനം 5 pm
**ഉദിയൻകുളങ്ങര,** 2-ാം വ്യാഴം
ശശിഭവനം 4.30 pm
**പേരൂർക്കട,** 2-ാം വ്യാഴം
സാവിത്രിഭവനം 10.30am
**ഞണ്ടൂർകോണം** 3-ാം വ്യാഴം
ആന്റണി ഭവനം 4.30 pm
**കുറ്റ്യാനി,** 4-ാം വ്യാഴം രാജൻ ഭവനം 4.30pm
**മരുതൂർ,** 1-ാം ശനി സദാശിവൻ ഭവനം 5.30 pm
**സന്തോഷ് നഗർ,** 2-ാം ശനി മുരളിസാർ ഭവനം 5.30 pm
2-ാം ശനി യൂത്ത് നൈറ്റ് പ്രയർ 7.30 pm
**നെട്ടയം,** 3-ാം ശനി ജോർജ്ജ് ഭവനം
5.30 pm, **പാറോട്ട്കോണം,** 4-ാം ശനി
മനോജ് ഭവനം 5.30 pm



പാസ്റ്റർ വിനു നടയ്ക്കൽ
Mob: 9744569559
**പാറശാല**
ആത്മാഭിഷേകംവർഷിപ്പ് സെന്റർ (ഷീലാ കോട്ടേജ്
റെയിൽവെപാലത്തിന് സമീപം,
കാരക്കോണം റൂട്ട്.)
ഞായർ 10 am to 1.00 pm (ആരാധന)
**വെള്ളറട,** ജെ.എം. ഹാൾ
ഞായർ 3 pm to to 5 pm (ആരാധന)
**അമരവിള,** എസ്ഥേർഭവനം
രണ്ടാം ശനി 2 pm to 4 pm (ആരാധന)

## OUR CHURCHES OUT OF KERALA



**Rev. Raj Mohan**
Ph: 09958328119,
07838681789

### DELHI

Delhi - Athmabhishekam prayer hall
Plot no: 11. Nawada housing complex
Near metro pillar no: 786
and Dwaraka mor Red light
Dwaraka mor (Metro) NewDelhi-59
Sunday First service for Healing & Deliverance
8 am to 9.30 am
Sunday school- 9am - 10am
Worship (Main Service ) 10am-1pm (Hindi & Malayalam)
English Service 3.30 pm to 5 pm
Tuesday- 6pm-8.30pm. Mohan Garden (Hindi)
Wednesday - 6.30pm- 9pm. Bible study (malayalam)
At Athmabhishekam prayer hall
Thursday- 6pm-8pm. Delhi Cantt. (Malayalam)
Friday- Palam-Rajnagar II-6.30pm-8pm. (Hindi)
10am- 1.00pm - Fasting Prayer. Fasting prayer
At Athmabhishekam prayer hall
Saturday-R.R Hospital (Army church) 4.30pm-6.30pm (Hindi)
Every second saturday- 9am - 2pm-Youth Meeting
At Athmabhishekam prayer hall
Every friday 9am - Full Night Prayer

## MAHARASHTRA (Kamothe)



**Pr. Stanley**
Ph: 9447374860
9847786950
Navi Mumbai
Athmabhishekam
Worship Centre
Sushmapatil School& Junior College.
Kamothe Sector 11.Near Manasorowar.
Sunday Worship 10 am-1pm







Mrs. & Mr. Samachen (Pastor) Sr. Cicily
Mob: 09737930414

### GUJARAT

09904422339, 08460985339
Sunday Worship 10 am- 1 pm

### Karnataka



Pr. Abraham

(MANGALORE DT.)
MOODUBIDRI
Seldhana compound
Near Forest Office
Moodubidri
Ph: 9947267701

## CHENNAI





Pr.Tony Cyriac
Ph:9400502442

Pr.Raju Issac
Ph:9744756060

Grace Matriculation School
Near Hot Chips Bus Stop & Shanthi
Colony Road,No. 4, L Block, 12th main
Road. Ist Street, Anna Nagar
Sunday Worship 10.00 am - 1.00 am

### Coimbatore (Pothannur)





Mrs. & Mr.
Wilson (Pastor)
Ph:
09585290142

M.G.Community Hall, Opp. Railway
Hospital. Sunday Worship 10 am- 1 pm

**Selem** Ammini Home
Ranganadar Street
Worship: Tuesday 10 am to 2 pm
Ph: 9443820626

## FELLOWSHIPS IN ABROAD

### KUWAIT



Pr. Sojan
Zacharias

Ph: 0096597711237
N E C K Kuwait City
Church Auditorium
(Monday, 7.00 pm- 9.30 pm)

### SALMIYA (KUWAIT)

Pr. Sabu Francis
Ph: 00965 97711267



Friday
9 am to
12 noon

Caesar's Travel &
Tourism Basement

Dr. Viji
Ph:0096566394954



English
worship
(Friday)
6.30 pm
to 9 pm

Indian
PublicSchool

### YEMEN(SANA)



Pr.Lal Kumar R
Ph:00967777741554

Friday 9.30 am to 12.30 pm
at Athmabhishekam Worship Center,
Near Kuwait Hospital, Sana'a.
Thursday 5 pm to 7 pm
at Athmabhishekam Worship Center,
Near Kuwait Hospital, Sana'a
And Athmabishekam worship center,
Safia.Sana'a
Sunday
prayer 5pm to 6.30pm at
Kuwait Hospital and
Saudi German Hospital. sana'a.

### DUBAI



Milestone Hotel
Appartments
Bur Dubai
Friday 10 am to
12.30 noon
Praise and Worship

Pr.Jiji Ph:00971503631158

### SHARJAH



Sharjah
Worship Centre
Hall No.4
Saturday 11 am to
1 noon
Praise and Worship

Pr.Saju Ph:00971552041967

### ABBASSIYA (KUWAIT)



Pr.Samson
Ph: 00965 66311234
ACE Hall, Near Subway
Friday 9 am to 12.30pm

### MANGAF (KUWAIT)



Pr. jomon
00965-
97207125
Friday 9 am to 12 noon

### MAHBULA (KUWAIT)

Saturday
7 pm to 9 pm





Pr.Tomy Mannoor
Ph:0096596035928
&
Pr.Sojan Abraham
0096566775306

### FORWANIA (KUWAIT)





Pr. Sojan & Br.Jijo
Ph: 00965 97711237
00965 66970496
Friday 7 Pm to9 PM

### CANADA



908-1585
Ernest Ave

Pr. Dollet Zacharia
Ph: 0012262241417

### AMERICA



Dallas,
Taxas
Pr. Praveen
0015166663840

### AUSTRALIA



Pr. Deepu
0061448544652

## CHURCH OF ETERNITY
# CENTRAL MINISTRY



Rev. Devasia Mullakara



Pr. Sam Saravan
PH : 08489261474



Pr.Radhakrishnan
PH : 8086425080



Associate pastor P.D Mathew
PH : 9961066460



Pr.Ramesan



Youth Pastor Sarath Mohan



Br.Jobi



Br.Sabu



Br.Rahul



Br.Prince



Br.Shon



Br.Justin






പാസ്റ്റർ ബാബു





പാസ്റ്റർ സജു

# ചർച്ച് ഓഫ് ഇറ്റേണിറ്റിയുടെ നവാഭിഷിക്തർ

പാസ്റ്റർ സജു മാളിയേക്കൽ(ഷാർജ), പാസ്റ്റർ ബാബു പി.എം ( മണത്തണ,ഇരിട്ടി)







ചർച്ച് ഓഫ് ഇറ്റേണിറ്റിയുടെ തിരുവല്ലാ ചർച്ചിൽനിന്നും കുവൈറ്റ് ചർച്ചിലേക്ക് സ്ഥലം മാറിപ്പോകുന്ന യേശുദാസ് പാസ്റ്റർക്ക് യാത്രയയപ്പും പകരം കുവൈറ്റ് ചർച്ചിൽനിന്നും തിരുവല്ലയിലേക്ക് വരുന്ന സോജൻ പാസ്റ്റർക്ക് സ്വീകരണവും തിരുവല്ല മഞ്ഞാടി ചർച്ചിൽ വച്ചു നൽകിയപ്പോൾ.

















Fundamental Knowledge of True Theology - Chapter : 31

# നിത്യത

**പാ: രാധാകൃഷ്ണൻ**

(15-ാം പേജിൽ നിന്നും തുടർച്ച)

ക്രിസ്തുവിൽ വിശ്വസിക്കുകയൊ സുവിശേഷത്തെ അനുസരിക്കുകയൊ ചെയ്യാത്ത സകലർക്കുമുള്ള ദൈവനീതി യുടെ ഒടുവിലത്തെ പ്രവൃത്തിയാണിത്. തിരസ്ക്ക രിക്കപ്പെട്ട സകലർക്കുമുള്ള നിത്യശിക്ഷാവിധിയുടെ ഭയാനകമായ രംഗമാണ് (യോഹ.3:36, യോഹ.3:18,19, 2 തെസ്സ.1:7-10, വെളി.20:13-15). ഈ അന്തിമന്യായവിധി രംഗത്തെക്കുറിച്ചാണ് വെളി.20:11-12-ൽ വിവരിച്ചിരിക്കുന്നത്. "ഞാൻ വലിയോരു വെള്ളസിംഹാസനവും അതിൽ ഒരുവൻ ഇരിക്കുന്നതും കണ്ടു; അവന്റെ സന്നിധിയിൽ നിന്നും ഭൂമിയും ആകാശവും ഓടിപ്പോയി; അവയെ പിന്നെ കണ്ടില്ല. മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിന്റെ മുമ്പിൽ നിൽക്കുന്നതും കണ്ടു; പുസ്തകങ്ങൾ തുറന്നു; ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു. പുസ്തകത്തിൽ എഴുതിയിരിക്കുന്നതിനൊത്തവിധം മരിച്ചവർക്ക് അവരുടെ പ്രവൃത്തികൾക്കടുത്ത ന്യായവിധി ഉണ്ടായി".

പഴയനിയമപുസ്തകത്തിൽ ഭയാനകമായ ന്യായവിധി യുടെ രംഗങ്ങളുണ്ട്. നോഹയുടെ കാലത്തെ മനം തിരിയാ തിരുന്ന ദുഷ്ടജനത്തിന്റെ മേൽ വന്ന മഹാപ്രളയവും സോദോം, ഗൊമോറയുടെ മേൽ സ്വർഗ്ഗത്തിൽനിന്നും ഗന്ധകാ ഗ്നി അയച്ച് ഉന്മൂലനാശം വരുത്തിയതും സകലർക്കും ദൃഷ്ടാന്ത മായിട്ട് വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് (ലൂക്ക.17:26-30).

പഴയനിയമത്തിലുടനീളം നീതിമാനായ ദൈവത്തെ ക്കുറിച്ച് പ്രഘോഷിക്കപ്പെടുന്നുണ്ട്; പ്രത്യേകിച്ചും, സങ്കീർത്ത നങ്ങൾ ദൈവത്തിന്റെ നീതിയെ വർണ്ണിക്കുന്നു. പുതിയനിയമം, പഴയനിയമ പ്രവചനങ്ങളുടെയെല്ലാം നിവർത്തീകരണ മാണെന്ന് നാമറിയുന്നുവല്ലൊ. പുതിയനിയമത്തിൽ, വിശ്വസിക്കുന്ന സകലരെയും നീതീകരിക്കുകയും അവിശ്വാസികളെ ഒന്നടങ്കം നീതിയോടെ ന്യായം വിധിച്ച് നിത്യദണ്ഡനത്തിന് ഏൽപ്പിക്കുകയും ചെയ്യുന്നത് യേശു ക്രിസ്തുവാണ്. മാനവന് വെളിപ്പെട്ട മഹാദൈവമാണ് യേശുക്രിസ്തു; അവനിലാണ് നീതീകരിച്ച നീതിമാനായ സത്യദൈവം നിറഞ്ഞുനിൽക്കുന്നത് (കൊളോ.2:9, യോഹ.5:22, അപ്പൊ.പ്ര. 17:31, 10:42, മത്താ.19:28, യോഹ.5:27, റോമ.2:16, വെളി.19:11).

അന്തിമന്യായവിധി അരങ്ങേറുന്നത് സഹസ്രാബ്ദ വാഴ്ചക്കുശേഷം നടക്കുന്ന ഗോഗ്-മാഗോഗ് യുദ്ധത്തിന്റെ യൊടുവിൽ സാത്താൻ തീപ്പൊയ്കയിൽ തള്ളിയിടപ്പെട്ടതിന് (വെളി.20:10) ശേഷമാണ്. ദൈവം മനുഷ്യനായി അവതരിച്ച യേശുവിലൂടെ കാൽവരിയാഗപീഠത്തിൽ ആവിഷ്ക്കരിച്ച ദൈവത്തിന്റെ അവർണ്ണനീയമായ അനന്താനന്തസ്നേഹത്തെ തള്ളിക്കളയുന്നവർക്ക് വരുവാനിരിക്കുന്ന ക്രോധാഗ്നിയല്ലാതെ മറ്റൊന്നില്ലെന്ന് വേദപുസ്തകം അസന്നിഗ്ധമായി പറയുന്നു (ഹെബ്രാ.10:26,27, 10:29-31). വെള്ളസിംഹാസനം ദൈവത്തിന്റെ പരിശുദ്ധിയേയും നീതിയേയും കാണിക്കുകയാണിവിടെ.

ദുഷ്ടജനം മാത്രമല്ല, ദ്രവത്വമുള്ള ഭൂമിയും അതിലുള്ള പണികളും വെന്തുപോകുമെന്ന് അഥവാ മൂലപദാർത്ഥങ്ങൾ കത്തിയഴിയുമെന്നും, ആകാശവും കൊടുംമുഴക്കോടെ ഒഴിഞ്ഞുപോകുമെന്നും വിശുദ്ധപത്രൊസ് ദൈവാത്മാവിനാൽ പ്രവചിച്ചിട്ടുണ്ട് (2 പത്രൊ.3:10). മരിച്ച അവിശ്വാസികളുടെ ആത്മാക്കൾ അന്ത്യവിധി വരെയും പാതാളത്തിൽ യാതനാസ്ഥലത്താണ്; ധനവാനെയും ലാസറിനെയും അവതരിപ്പിച്ചതിൽ ഇത് കാണാം (ലൂക്ക.16:23). അന്തിമന്യായവിധിയിൽ ഇവരുടെ ശരീരങ്ങൾ പുനരുത്ഥാനം പ്രാപിച്ച് ന്യായപീഠത്തിനുമുമ്പിൽ വരും. നിത്യനിന്ദയ്ക്കും ലജ്ജയ്ക്കും ശിക്ഷാവിധിക്കായും രണ്ടാം മരണത്തിനു മായുമാണ് ഇവർ പുനരുത്ഥാനം പ്രാപിക്കുക (ദാനി.12:2, അപ്പൊ.പ്ര.24:15, യോഹ.5:28,29). ഇവിടെ യഹൂദനെന്നോ ജാതികളെന്നോ വ്യത്യാസമില്ല. സത്യദൈവത്തെ വിട്ട് സാത്താനെ അനുഗമിച്ചതിനാലാണ് മനുഷ്യർക്കും അവനോടൊപ്പം നിത്യശിക്ഷ അനുഭവിക്കേണ്ടിവരുന്നത്.

ക്രിസ്തു ലോകരക്ഷകനാണെന്ന് തെളിയിക്കുന്ന വിധമുള്ള സകല തെളിവുകളും വേദപുസ്തകം അവതരിപ്പി ക്കുന്നുണ്ട്. തന്റെ വാക്കാലും വീര്യപ്രവൃത്തിയാലും കർത്താവത് അവതരിപ്പിച്ചിട്ടുണ്ട്. ആർക്കും ഒഴിവുകഴിവില്ല! ''അവൻ നീതിയുള്ള ന്യായധിപനും'' (സങ്കീ.7:11). "നീതിയോടെ ന്യായം വിധിക്കുന്നവനുമാണ്" (സങ്കീ.9:8, 119:137, 11:7). മുഖപക്ഷമില്ലാത്ത ദൈവം നീതി വിട്ട് ഇടത്തോട്ടൊ വലത്തോട്ടൊ തിരിയുകയില്ല. "നീതിയും ന്യായവും അവന്റെ സിംഹാസനത്തിന്റെ അടിസ്ഥാനമാകുന്നു" (സങ്കീ.97:2).

കർത്താവ്, വിശ്വസിക്കാത്ത ജനതകളെയും, പട്ടണങ്ങളെയും, ഗോത്രങ്ങളെയും അവിശ്വസ്തരായ ദാസന്മാരെയും ന്യായം വിധിക്കും (മത്താ.25:31, മത്താ.11:22, മത്താ.19:28, മത്താ.25:41-43, മത്താ.10:14,15, ലൂക്കോ.12:47,48). എന്നാൽ ആരും നശിച്ചുപോകരുതെന്ന് ദിവ്യമായ അഭിവാഞ്ഛയുള്ള ദൈവം ദീർഘക്ഷമയോടെ കാത്തിരിക്കു

Fundamental Knowledge of True Theology - Chapter : 31

# നിത്യത

പാ: രാധാകൃഷ്ണൻ

ന്നു (2 പത്രൊ.3:9). "ഒരു മനുഷ്യൻ സർവ്വലോകവും നേടിയിട്ട് തന്റെ ജീവനെ നഷ്ടമാക്കിയാൽ എന്തു പ്രയോജനം" എന്ന കർത്താവിന്റെ ചോദ്യത്തിന് ഉത്തരം കണ്ടെത്തുന്നവന് ആത്മനാശം വന്ന് ഭവിക്കുകയില്ല. "സദാകാലത്തേക്കും അന്ധതമസ്സുള്ളതും (യൂദാ13, മത്താ.22:13) "എന്നും പുക ഉയരുന്നതും (വെളി.14:10,11) നിത്യാഗ്നി തടാകമുള്ളതുമായ (വെളി.20:10,14,15) നരകത്തിലേക്ക് പിശാചും അവന്റെ അനുചരന്മാരും മാത്രം പോകട്ടെ; നിത്യസ്നേഹത്തിന്റെ ഉറവിടമായ ക്രിസ്തു സകല മനുഷ്യർക്കും നേരെ നിത്യരക്ഷയുടെ കരങ്ങൾ നീട്ടി നിൽക്കയാണ്; നമുക്ക് എന്നും അവനോട് ചേർന്ന് നിൽക്കാം.

## സ്വർഗ്ഗം

വിശുദ്ധനായ ദൈവം അവന്റെ സർവ്വസമ്പൂർണ്ണതയിൽ തന്റെ ദൂതന്മാരുമായി ആയിരിക്കുന്ന ഇടമാണ് സ്വർഗ്ഗം. "ദൈവം സ്വർഗ്ഗസ്ഥനാണ്" (മത്താ.6:9). സ്വർഗ്ഗത്തിൽ 'സ്ഥലം' ഉണ്ടെന്ന് യേശു പറയുന്നുണ്ട് (യോഹ.14:2). എന്നാൽ ദൈവം സ്വർഗ്ഗത്തിലും സ്വർഗ്ഗാധിസ്വർഗ്ഗത്തിലും അടങ്ങുന്നവനുമല്ല (1രാജാ.8:27). ഇതിൽ നിന്നും സ്വർഗ്ഗമെന്ന ഇടം ദൈവത്തിന്റെ ആസ്ഥാനവും ആരാധനയുമുൾപ്പെടെയുമുള്ളവ നടക്കുന്ന പ്രവർത്തനവേദിയുമാണെന്ന് അനുമാനിക്കാം. സ്വർഗ്ഗം ദൈവത്തിന്റെ വാസസ്ഥലമാണെന്ന് വേദപുസ്തകത്തിൽ കാണാം (2 ദിന.3:27, 6:21,30,33,39, 1 രാജാ.8:30,39,43, ആവ.26:15). "സ്വർഗ്ഗം എന്റെ സിംഹാസനവും ഭൂമി എന്റ പാദപീഠവും ആകുന്നുവെന്ന്" കർത്താവ് തന്നെ തന്റെ ശിഷ്യന്മാരെ പഠിപ്പിക്കുന്നുണ്ട് (മത്താ.5:34,35, യേശ.66:1).

ദൈവം സർവ്വവ്യാപിയും നിത്യതയിൽ വാസം ചെയ്യുന്നവനുമാകയാൽ (യെശ.57:15) സ്വർഗ്ഗത്തെ നിത്യതയുമായി ബന്ധപ്പെടുത്തി ചിന്തിക്കേണ്ടതുണ്ട്. കാലവൃത്തത്തിനുള്ളിലും വസ്തുബന്ധിതമായ ഈ പ്രപഞ്ചത്തിനും സൃഷ്ടവസ്തുക്കളായ നാം ജഡത്തിലായിരിക്കുവോളം സ്വർഗ്ഗമെന്നതും നിത്യതയെന്നതും നമുക്ക് പൂർണ്ണമായും ഗ്രഹിപ്പാൻ സാധിക്കില്ല. എന്നാൽ ഒരു മനുഷ്യൻ വീണ്ടും ജനിക്കുമ്പോൾ ജനകനായ ആത്മാവാം ദൈവം അവന്റെ ഉള്ളിൽ വന്ന് വസിക്കുന്നു. വീണ്ടും ജനിച്ചവനെങ്കിലും ഭൂമിയിലായതിനാൽ അവന്റെ ദൃഷ്ടികൾ ഉയരത്തിലേക്കു നോക്കേണ്ടതുണ്ട്; അവന്റെ ചെവികൾ ദൈവശബ്ദത്തിനായി കാതോർക്കേണ്ടതുണ്ട്. ദൈവകൃപയ്ക്കുമുന്നിൽ നമ്രശിരസ്ക്കനാകുന്ന മനുഷ്യന് ദൈവം തന്റെ ആത്മാവിനാൽ വെളിപ്പാടുകൾ നൽകുന്നു (എഫേ.1:17-19). നിത്യതയെക്കുറിച്ച് - ദൈവരാജ്യത്തെക്കുറിച്ച് അന്വേഷിക്കുവാൻ അവനെ പ്രേരിപ്പിക്കുന്നു (മത്താ.6:33) അവന്റെ ചിന്തകളെ ഉന്നതത്തിലുള്ളതിനെക്കുറിച്ച് ആരായുവാൻ ക്ഷണിക്കുന്നു (കൊലോ.3:1-2).

"നിന്റെ രാജ്യം വരേണമെ, നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലേപ്പോലെ ഭൂമിയിലുമാകേണമെ" (മത്താ.6:10) എന്ന് കർത്താവ് ശിഷ്യന്മാരെ പഠിപ്പിച്ചത് "അവൻ വളരേണം, ഞാനോ കുറയേണം" (യോഹ.3:30) എന്ന ചിന്തയുമായി ചേർത്ത് ധ്യാനിക്കേണം. നമ്മിൽ ദൈവം നമ്മുടെ ആത്മീകവളർച്ചകളിലൂടെ നിറയവെ, ദൈവപുത്രന്റെ ആത്മാവിനാൽ നിറയവെ നമ്മുടെ ജഡത്തിന്റെ അവസ്ഥകൾ അഴിഞ്ഞഴിഞ്ഞ് പോവുകയും, ക്രിസ്ത്വാനുരൂപമാക്കപ്പെട്ടുകൊണ്ട് പിതാവെന്ന നിത്യനെ - നിത്യതയിൽ വസിക്കുന്നവനെ അറിയേണ്ടതുപോലെ അറിയുവാനും സാധിക്കുന്നു (മത്താ.11:27). കൃപയാൽ നമ്മിൽ ആഗ്രഹത്തെ പ്രദാനം ചെയ്യുന്നതും പ്രവർത്തിക്കുന്നതും ദൈവം തന്നെയാണ് (ഫിലി.2:13); ക്രിസ്തു എന്ന ശിരസ്സോളം വളർത്തുന്നതും (അഫേ.4:15) ഈ ദൈവം തന്നെ. ഇവിടെ ദൈവവും ക്രിസ്തുവും അഭേദ്യതയിലെന്ന് ഗ്രഹിക്കുമാറാകും. ഒടുവിൽ തോടും പൊട്ടി അനന്തവിഹായസ്സിലേക്ക് പറന്നുപോകുന്ന ഒരു പക്ഷിയെപ്പോലെ നമുക്ക് നിത്യതയിലേക്ക് പറന്നു പോകുവാൻ സാധിക്കുന്നു (ഫിലി.3:21, 1 കൊരി.15:52-53).

ഗഗനചാരികളായ പറവകളുള്ളതും മേഘാവൃതമാകുന്നതുമായ ആകാശമൊ, സൂര്യ-ചന്ദ്രനും ഗ്രഹങ്ങളുമുള്ള നക്ഷത്രമണ്ഡലങ്ങളൊ യഥാർത്ഥ സ്വർഗ്ഗമല്ല (ഹോശ.2:18, ദാനി.7:13, ഉല്പ.1:14-17). മൂലപദാർത്ഥങ്ങൾ കൊടും മുഴക്കത്തോടെ ഒഴിഞ്ഞുപോവുകയും ഭൂമിയും അതിലെ സകല വസ്തുക്കളും കത്തിയഴിയുകയും ചെയ്താൽ പിന്നെ ദൈവവും തനിക്കുള്ളവരുമൊഴികെ ശുദ്ധശൂന്യതയല്ലേ ഉണ്ടാവുക. പുതുവാനഭൂമി ഉയിർത്തെഴുന്നേൽപ്പിനായുള്ളതുപോൽ രൂപാന്തരപ്പെട്ട പാപരഹിതമായ ഭൂമിയല്ലേ അത്. നിത്യതയിൽ തൂക്കിയിട്ട സ്വർഗ്ഗവാസ്ഥലമായി മാറുകയില്ലയോ അവിടം.

"സ്വർഗ്ഗത്തിൽനിന്നും ഇറങ്ങിവന്ന (സ്വർഗ്ഗത്തിലിരിക്കുന്നവനായ) മനുഷ്യപുത്രനല്ലാതെ ആരും സ്വർഗ്ഗത്തിൽ കയറിയിട്ടില്ല" (യോഹ.3:13). മൂന്നാം സ്വർഗ്ഗത്തോളം കയറിപ്പോയി ഉച്ചരിച്ചുകൂടാൻ പാടില്ലാത്തതുകേട്ട പൗലൊസും (2 കൊരി.12:2-4) സ്വർഗ്ഗത്തിലേക്ക് കയറിപ്പോയ യോഹന്നാനും









പുളിങ്ങോം ആത്മാഭിഷേകം വചനാശ്രമത്തിൽ വച്ചു നടന്ന 7 ദിവസത്തെ ഉപവാസപ്രാർത്ഥനയിൽനിന്ന്.











Fundamental Knowledge of True Theology - Chapter : 31

# നിത്യത

**പാ: രാധാകൃഷ്ണൻ**

(വെളി.4:2-3) ശരീരം പിന്നെയും ഇവിടെയായിക്കൊണ്ട് ജീവിച്ചവരാണ്. എന്നാൽ ഇതിനൊരു മറുപുറമുണ്ട്. ഒരു ആത്മീയൻ ആത്മാവാണ്; അവൻ സ്വർഗ്ഗത്തിൽ തന്റെ ജീവനായ ക്രിസ്തുവിൽ ഇരിക്കുകയാണ് (എഫേ.2:7. കൊലോ.3:3). ശരീരമെന്ന മായവലയത്തിൽ നാമിവിടെ ഭൂമിയിലുമാണ്; ഞാൻ എന്ന വ്യക്തി (soul) തീർത്തും പുത്രാനുരൂപനായി മാറവെ പിന്നെ ഞാനിവിടെയില്ല, നിത്യതയിൽ ദൈവത്തോടുകൂടെ സ്വർഗ്ഗത്തിലായിരിക്കും." സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവ്" (മത്താ.6:9) സ്വർഗ്ഗത്തിൽ നമ്മുടെ (ആത്മീയന്റെ) പേരുകൾ എഴുതപ്പെട്ടിരിക്കുന്നു (ലൂക്ക.10:20, ഹെബ്രാ.12:23,24). നമ്മൾ (വിശ്വാസി) സ്വർഗ്ഗപൗരന്മാരാകയാൽ (ഫിലി.3:20), ദൈവാത്മാവു നടത്തുന്നവരാകയാലും (റോമ.8:14) പിതാവിൽനിന്നും അവകാശം ലഭിക്കുകയും ചെയ്യും (1 പത്രൊ.1:4,5, കൊലോ.1:12,13, റോമ.8:16,17). നിത്യാനന്ദത്തിൽ ദൈവം നമ്മോടുകൂടെ ആയിരിക്കുന്ന നിത്യജീവന്റെ അവസ്ഥയാണ് സ്വർഗ്ഗം.

## സ്വർഗ്ഗം-സ്വർഗ്ഗരാജ്യവും ദൈവരാജ്യവുമായി ബന്ധപ്പെടുത്തി ഒരു ഹ്രസ്വചിന്ത

"കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു" എന്ന പ്രഖ്യാപനത്തോടെയാണ് യേശു തന്റെ പരസ്യശുശ്രൂഷ ആരംഭിച്ചത്. ദൈവം ആത്മാവാകയാൽ ദൈവരാജ്യവും ആത്മീകമാണ്. "എന്റെ രാജ്യം ഐഹീകമല്ല" (യോഹ.18:36) പാപലേശമില്ലാത്ത ആത്മസന്തോഷംകൊണ്ട് നിറഞ്ഞ സമാധാനത്തിന്റെ രാജ്യമാണിത് (റോമ.14:17). നിത്യനീതി അവിടെയുണ്ട്. ഇത് ഭൂമിയിലെങ്ങുമില്ല; ദൈവം നിയോഗിച്ച ഒരു ദൈവപുരുഷനും ഇവിടെ ദൈവീകഭരണത്തെ ആവിഷ്ക്കരിക്കുവാൻ സാധിച്ചിട്ടില്ല. ദാവീദിൽ അത് പരാജയമായിരുന്നു; ശലോമോനിൽ അതിന്റെ നിഴലാസ്വാദനങ്ങൾ ഉണ്ടാക്കിയെടുക്കുവാൻ സാധിച്ചു.

യേശു ദൈവവും ദൈവപുത്രനും ദാവീദ് വംശത്തിൽ പിറന്നതിനാൽ ദാവീദുപുത്രനുമാണ്. യേശുവിലാണ് ശാശ്വതമായ ഒരു രാജ്യവും ഭരണവും ആവ്ഷ്ക്കരിക്കപ്പെടുക. അതിനാണ് യേശു ഈ ലോകഭരണത്തിന്റെ പ്രഭുവും ദൈവവുമായവനെ കീഴടക്കിയത് (കൊലോ.2:15). വിശ്വസിക്കുന്ന ഒരു പറ്റത്തെ വിടുവിക്കുകയും വിശുദ്ധീകരിക്കുകയും അവന്റെ രാജ്യത്തിൽ ആക്കിവെയ്ക്കുകയും (തീത്തോ.2:14, കൊലോ,1:12-13) ഈ കൃപായുഗത്തിൽ ജാതികളിൽ നിന്നും ഒരു പറ്റത്തെ യോഗ്യതയുള്ളവരാക്കി രൂപാന്തരപ്പെടുത്തി ഒരുക്കിയെടുത്ത് കൊണ്ടുപോവുകയും ചെയ്യും. അവനോടൊപ്പം വാഴുവാനുള്ള വരദാനവും ലഭിക്കുന്നു. എവിടെയാണ് വാഴേണ്ടത്? ദൈവരാജ്യം പാപലേശമില്ലാത്ത സമ്പൂർണ്ണ നീതി വസിക്കുന്ന രാജ്യമായിരിക്കെ ആരെയാണ് അടക്കി വാഴുവനാനുള്ളത്? പഴയഭൂമിയും ആകാശവും കടന്നുപോകവെ അവസാനശത്രുവായ മരണവും മരണദൂതനായ പിശാചും നിത്യാഗ്നിയിലേക്ക് ഒരിക്കലും തിരിച്ചു വരാത്തവിധം നീക്കപ്പെടുകയും ചെയ്യും (1 കൊരി.15:24-26). ദൈവത്തെ ആരാധിച്ച് ദൈവത്തോടു കൂടെ എന്നും ജീവിക്കുന്ന നിത്യജീവന്റെ ദിവ്യാവസ്ഥയാണ് ദൈവരാജ്യം.

എന്നാൽ ഇതെല്ലാം സംഭവിക്കാനിരിക്കുന്നതേയുള്ളു. യേശു തന്റെ ശിഷ്യന്മാരോട് ഇവ്വണ്ണം പ്രാർത്ഥിപ്പാൻ പറഞ്ഞു:"സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമെ; നിന്റെ രാജ്യം വരേണമെ; നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലേപ്പോലെ ഭൂമിയിലുമാകേണമെ .......................... (മത്താ.6:9-13) അവൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങിവരികയും പിശാചിന്റെ അധികാരത്തെ കീഴാക്കുകയും ജനത്തിന്റെ പാപങ്ങൾക്ക് പരിഹാരം വരുത്തുകയും ഉയരത്തിലേക്ക് കയറിപ്പോകുകയും മറ്റൊരു മഹാദൗത്യത്തിനായി 'അയയ്ക്കപ്പെടുവാനുള്ളവരുടെ' മേൽ ആത്മാവായി വന്നിറങ്ങുകയും ചെയ്തു. അവർ ക്രിസ്തുവിന്റെ സ്ഥാനപതികളാണ്(2 കൊരി.5:20). ''മനുഷ്യരുടെ രാജത്വത്തിൻമേൽ അത്യുന്നതനായവൻ വാഴും.......... വാഴുന്നത് സ്വർഗ്ഗമാകുന്നു..........." (ദാനി.4:25-26) ഇത് ആക്ഷരികമായും സഹസ്രാബ്ദത്തിലാണ് നിറവേറുക (യേശ.11:6-9, 2:2-4, മിഖാ.4:1-4, 2 ശമു.7:16).

പെന്തക്കോസ്ത്നാൾ മുതൽ "അവൻ ബന്ധിതരെ വിടുവിച്ചുകൊണ്ട് (ലൂക്കോ.4:18) അവരുടെയുള്ളിൽ കർത്താവായി വാഴുകയാണ്. പിതാക്കന്മാരിലൂടെ യിസ്രായേലിന് കൊടുത്ത വാഗ്ദത്തങ്ങൾ (റോമ.9:5) സഹസ്രാബ്ദയുഗത്തിലാണ് നിറവേറുക. ദാവീദുപുത്രനായ യേശു യെരുശലേമിൽ വാഴും. ഇതാണ് സ്വർഗ്ഗം ഭൂമിയിൽ വാഴുന്ന സ്വർഗ്ഗരാജ്യം. "പിന്നെ അവസാനം; അന്ന് അവൻ എല്ലാ വാഴ്ചക്കും നീക്കം വരുത്തിയിട്ട് രാജ്യം പിതാവായ ദൈവത്തെ ഏല്പിക്കും" (1 കൊരി.15:23-24). ഗോഗ്-മാഗോഗ് യുദ്ധത്തോടെയാണ് ഈ പര്യവസാനം. ഇവിടം മുതലാണ് ദൈവരാജ്യം അതിന്റെ എല്ലാ അർത്ഥത്തിലും

Fundamental Knowledge of True Theology - Chapter : 31

# നിത്യത

### പാ: രാധാകൃഷ്ണൻ

സാക്ഷാത്ക്കരിക്കപ്പെടുന്നത്. ക്രിസ്തു എന്നേക്കും സമാധാനപ്രഭുവായി തന്റെ സകലരോടുമൊപ്പം നിലനിൽക്കും. യേശ.9:6-7).

## നരകം

### പാതാളം

സകല ദുഷ്ടതയുടെയും ദുഷ്പ്രവൃത്തിക്കാരുടെയും പര്യവസാനത്തിൽ അന്തിമന്യായവിധിയിൽ നിത്യാഗ്നി എന്ന ഗന്ധകതടാകത്തിൽ തള്ളപ്പെടുന്നതാണ് നരകം. നരകത്തിന്റെ മുന്നനുഭവമാണ് പാതാളം. ഇതിനെക്കുറിച്ച് ലൂക്കോ.16:19-30 വരെ ധനവാന്റെയും ലാസറിന്റെയും അവതരണത്തിൽ കാണാം. ക്രിസ്തു ക്രൂശിലെ യാഗത്തിലൂടെ ആവിഷ്ക്കരിച്ച രക്ഷയെ - പാപിയുടെ- നീതീകരണത്തിലും വിശുദ്ധീകരണ ത്തിലും വിശ്വസിക്കാതെ രക്ഷകനായ ക്രിസ്തുവിനെ തള്ളിപ്പറയുന്ന ഏവർക്കുമുള്ള, നിത്യന്യായവിധിക്കുമുമ്പുള്ള അധിവാസ അവസ്ഥയാണ് യാതനാസ്ഥലം. ക്രൂശിൽ മരണത്തിൻമേൽ ജയമാഘോഷിച്ച് ജീവിച്ചെഴുന്നേറ്റ ക്രിസ്തുവിൽ വിശ്വസിക്കാത്തവർക്കുള്ള നിത്യശിക്ഷാവിധി യാണ് നരകം.

"മരണത്തിന്റെയും പാതാളത്തിന്റെയും താക്കോലുകൾ ക്രിസ്തുവിന്റെ കയ്യിലുണ്ട്'' (വെളി.1:18).അന്തി മന്യായവിധിയിയിൽ"മരണവും പാതാളവും തങ്ങളിലുള്ള മരിച്ചവരെ ഏൽപ്പിച്ചുകൊടുത്തു. (വെളി.20:13). മരണത്തെയും പാതാളത്തെയും ഭയപ്പാടോടെ പഴയനിയമത്തിലും ചിത്രീകരിച്ചിട്ടുള്ളതായി കാണാം (സങ്കീ.89:48, 49:15, 18:5, യേശ.5:14, ഹബ.2:5, ഹോശെ.13:14).

ധനവാന്റെയും ലാസറിന്റെയും ഉപമയിലാണ് പാതാള ത്തിന് രണ്ട് ഭാഗങ്ങളുള്ളതായി കാണുന്നത്. "അബ്രഹാമിന്റെ മടി" അവിടെയുള്ളതായി കാണാം. പാതാളത്തിന് മൂന്ന് ഭാഗ ങ്ങളുള്ളതായി സുവിശേഷങ്ങളിൽ നിന്നും മനസ്സിലാക്കാം. അവ

1. അബ്രഹാമിന്റെ മടി അഥവാ പറുദീസ (ലൂക്കോ.16:22)
2. പിളർപ്പ് (ലൂക്ക.16:26)
3. അധമപാതാളം (ലൂക്ക.16:23-31)

കായീൻ മുതൽ ഗോഗ്-മാഗോഗ് യുദ്ധത്തോടെ അവസാനിക്കുന്ന സഹസ്രാബ്ദകാലം വരെയും മരിക്കുന്ന പാപികളുടെ ആത്മാക്കൾ ഉള്ളയിടമാണ് അധമപാതാളം. മറ്റൊന്നാണ്, പാപം ചെയ്ത ദൂതന്മാരെ ന്യായവിധിക്കായി സൂക്ഷിച്ചിരിക്കുന്ന അന്ധതമസ്സുള്ള ഇടമാണ് അന്ധകാര നരകം. (2 പത്രൊ.2:4, യൂദാ.6).

ദുർഭൂതങ്ങളെ അടച്ചിട്ടിരിക്കുന്ന സ്ഥലമാണ് അഗാധകൂപം (വെളി.9:1, 2:11, 11:7, 17:8, ലൂക്ക.8:3, റോമ.10:7, ലൂക്ക.8:31, വെളി.9:2-3). സഹസ്രാബ്ദവാഴ്ചയുടെ ആരംഭത്തിൽ തന്നെ സാത്താനെ ആയിരമാണ്ടേക്ക് അടച്ചിടുന്നത് അഗാധകൂപത്തിലാണെന്ന് വെളി.20:1-3, 7-ലും കാണാം.




To Help us (only in india)

ഇന്ത്യയ്ക്കകത്തു നിന്നുമുള്ള സാമ്പത്തിക സഹായങ്ങൾ ഞങ്ങളുടെ ഈ അക്കൗണ്ടിലേയ്ക്ക് മാത്രം അയച്ചു തരിക

ചർച്ച് ഓഫ് ഇറ്റേണിറ്റി
A/c No: 1034 0100 205 721
ഫെഡറൽ ബാങ്ക്, തൃക്കാക്കര ബ്രാഞ്ച്,
എറണാകുളം, IFSC Code : FDRL 000 1034

Church of Eternity
A/c No: 1034 0100 205 721
Federal bank, Trikkakkara Branch
Ernakulam, IFSC Code : FDRL 000 1034

# നിത്യത

പാ: രാധാകൃഷ്ണൻ

## നരകം

വെള്ളസിംഹാസന ന്യായവിധിയോടെയാണ് നരകമെന്ന നിത്യാഗ്നി അനുഭവമുണ്ടാകുന്നത്. പഴയനിയമത്തിൽ രണ്ട് ഇടങ്ങളിൽ മാത്രമാണ് നരകത്തെ പരാമർശിച്ചിരിക്കുന്നത് (സദൃശ.15:11, 27:20, ഇയ്യോ.26:6, 28:22, 31:12). യഹൂദന്മാർ വിശ്വാസത്തിൽ നിന്നും വ്യതിചലിച്ച കാലത്ത് ഹിന്നോം താഴ്വരയിൽ പൂജാഗിരികൾ പണിത് പൂജകൾ ചെയ്യുകയും ശിശുക്കളെ മൊലേക്യാദേവന് അഗ്നിപ്രവേശനം ചെയ്യിക്കയും ചെയ്തിരുന്നു (2 രാജാ.23:10, യിര.19:6, 2 രാജാ.16:3, 2 ദിന.28:3, 33:6). ഈ മ്ലേച്ഛതകളെ നിർത്തലാക്കിയത് യോശിയാ രാജാവാണ്. അവിടെ അശുദ്ധമാക്കി ശവങ്ങൾ എറിഞ്ഞുകളയുകയും ദഹിപ്പിക്കുകയും മനുഷ്യാസ്ഥികൾകൊണ്ട് നിറയ്ക്കുകയും ചെയ്തു. അവിടെ അഗ്നി നിരന്തരം കത്തിക്കൊണ്ടിരുന്നു. നഷ്ടപ്പെട്ടുപോയ ആത്മാക്കളുടെ അന്തിമവാസസ്ഥലത്തെ കുറിക്കുവാനുള്ള പ്രയോഗവും പ്രതീകവുമാണ് ഹിന്നോം താഴ്വര. നരകത്തെ കുറിക്കുന്ന കഠിനപദമാണ് ഗേയന്നാ.

നരകത്തെ നിത്യാഗ്നി എന്നും (മത്താ.25:41), നിത്യദണ്ഡന സ്ഥലമെന്നും (മത്താ.25:46), നിത്യശിക്ഷ എന്നും (മർക്കോ.3:29), അഗ്നിനരകമെന്നും (മർക്കോ.9:44,46), തീപ്പൊയ്ക എന്നും (വെളി.21:9, 21:14,15), നിത്യനാശമെന്നും (2 തെസ്സ.1:7, 2 തെസ്സ.1:10) പറഞ്ഞിരിക്കുന്നു. ഏറ്റവും പുറത്തുള്ള ഇരുട്ട് (മത്താ.8:12, മത്താ.22:13, 25:30) എന്നത് നരകത്തിന്റെ മറ്റൊരു മേഖലയാണ്.

നരകത്തിലെ നിത്യാഗ്നിക്ക് കാഠിന്യം നൽകുന്നതിനാണ് ഗന്ധകം അവിടെയുള്ളത്. ചാകാത്ത പുഴുവും നിത്യമായ ദണ്ഡനത്തിന്റെ പുകയും നരകത്തിന്റെ ഭീകരത വർദ്ധിപ്പിക്കുന്നു. (മത്താ.18:8, 25:41, മർക്കോ.9:43, വെളി.14:10, മർക്കോ.9:48, യെശ.14:11, 66:24, വെളി.14:11).

ക്രിസ്തു ലോകരക്ഷിതാവാകുന്നത് വിശ്വസിക്കുന്ന സകല മനുഷ്യർക്കും സൗജന്യമായി ആത്മരക്ഷ നൽകുന്നതിനാലാണ്. ലോകം സുവിശേഷത്തെ തള്ളിക്കളഞ്ഞാൽ അവർ നഷ്ടപ്പെട്ട് പോകും. ലോകക്രിസ്തുമതങ്ങൾ വചനത്തെ തെറ്റായി വ്യഖ്യാനിക്കുന്നതിനാൽ ജനം മതത്തിന്റേ ആചാരാനുഷ്ഠാനങ്ങളിൽ കുടുങ്ങി, ദൈവമൊരുക്കിയ രക്ഷയുടെ സദ്വാർത്തയെ അറിയാതെ നിത്യനാശത്തിലേക്ക് ചെന്ന് പതിക്കുന്നു.

“വിശുദ്ധികൂടാതെ ആർക്കും ദൈവത്തെ കാണാൻ സാധിക്കില്ല'' (എബ്രാ.12:14). ഹൃദയശുദ്ധിയുള്ളവർ അനുഗ്രഹീതർ, അവർ ദൈവത്തെ കാണും” (മത്താ.5:8) ഈ രണ്ട് വചനങ്ങളും ഉദ്ദേശിക്കുന്നത് ഒന്നുതന്നെ; സ്വർഗ്ഗത്തിലേക്ക് പോകണമെങ്കിൽ അഥവാ ദൈവരാജ്യത്തിൽ കടക്കണമെങ്കിൽ ആത്മാവും പ്രാണനും ദേഹവും ക്രിസ്തുവിൽ വിശുദ്ധീകരിക്കപ്പെട്ടാൽ മാത്രമെ സാധിക്കുകയുള്ളു. സ്വർഗ്ഗം അവർണ്ണനീയമായ അനുഭൂതിയെങ്കിൽ നരകം ചിന്തിക്കുവാൻകൂടി ഭയപ്പെടുന്ന ഭയാനകമായ അഗ്നിതടാകമാണ്. ഒരിയ്ക്കലും അവിടെനിന്നും അവിടെ അകപ്പെട്ടുപോയവർക്ക് തിരിച്ചുവരാൻ സാധിക്കുകയില്ല. നരകം മനുഷ്യനെ ഭയപ്പെടുത്തി ശരിയിലേക്ക് കൊണ്ടുവരുവാനുള്ള ഒരു കെട്ടുകഥയല്ല. സ്വർഗ്ഗം യാഥാർത്ഥ്യമായിരിക്കുന്നതുപോൽ നരകവും ഭീകര യാഥാർത്ഥ്യമാണ്. ഒരു മനുഷ്യനും അവിടെ ചെന്നുപെടാൻ ക്രിസ്തു ആഗ്രഹിക്കുന്നില്ല. അതിനാണ് സകലർക്കും വരേണ്ടുന്ന ശിക്ഷ യേശു കാൽവരിയിൽ ഏറ്റെടുത്തത്. ദൈവക്രോധത്തിന്റെ ആ പാനപാത്രം അവൻ തട്ടിമാറ്റാതെ ക്രൂശിലെ പീഢാസഹനത്താൽ കുടിച്ചുതീർത്തു. “തന്റെ മരണത്താൽ മരണത്തിന്റെ അധികാരിയായ പിശാചിനെ നീക്കി” എന്ന് നാം എബ്രാ.2:14–15–ൽ കണ്ടതാണ്. സുവിശേഷത്തിൽ അഥവാ ക്രിസ്തുവിൽ വിശ്വസിക്കുന്നവരിൽ പരിശുദ്ധാത്മാവ് കടന്നുവരും.; അത് നിത്യജീവന്റെ ആത്മാവാണ്. അത് കർത്താവ് തന്നെയാണ്.

നരകമെത്ര കഠോരമാണെന്ന് കാണിക്കുന്നതാണ് മത്താ.5:29–30 ലെ വചനഭാഗങ്ങൾ:“വലംകണ്ണ് നിനക്ക് ഇടർച്ച വരുത്തുന്നുവെങ്കിൽ അതിനെ ചൂഴ്ന്നെടുത്ത് എറിഞ്ഞുകളയുക; നിന്റെ ശരീരം മുഴുവൻ നരകത്തിൽ വീഴുന്നതിനെക്കാൾ അവയവങ്ങളിൽ ഒന്ന് നശിക്കുന്നത് നിനക്ക് പ്രയോജനമത്രെ. വലംകൈ നിനക്ക് ഇടർച്ച വരുത്തുന്നുവെങ്കിൽ അതിനെ വെട്ടിയെറിഞ്ഞ് കളയുക; നിന്റെ ശരീരം മുഴുവൻ നരകത്തിൽ പോകുന്നതിനെക്കാൾ അവയവങ്ങളിൽ ഒന്ന് നശിക്കുന്നത് നിനക്ക് പ്രയോജനമത്രെ.”

അവയവങ്ങൾ ഒന്നും നഷ്ടപ്പെടുന്നതിനേക്കാൾ എത്രയോ നല്ലതാണ് കർത്താവിനോട് പാപങ്ങളേറ്റു പറയുക എന്നത്. “അവിടുത്തെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി ശുദ്ധീകരിക്കും'' (1 യോഹ.1:7) “കർത്താവായ യേശുവിൽ വിശ്വസിക്കുക” എന്ന ഏക അനുസരണത്താലാണ് ഒരു മനുഷ്യൻ സമ്പൂർണ്ണരക്ഷ ആസ്വദിക്കുക.

Fundamental Knowledge of True Theology - Chapter : 31

# നിത്യത

പാ: രാധാകൃഷ്ണൻ

## അമർതൃത

അമർതൃത എന്ന പദത്തിന്റെ അർത്ഥം മരണമില്ലായ്മ എന്നാണ്. മർതൃൻ എന്ന വാക്കിന്റെ അർത്ഥമാകട്ടെ 'മരണമുള്ളവൻ' എന്നുമാണ്. നിതൃനായ ദൈവത്തിന് മാത്രം ചേരുന്ന വിശേഷണമാണ് അമർതൃൻ എന്നുള്ളത്. ദൈവം മാത്രം അക്ഷയനും മറ്റെല്ലാ സൃഷ്ടവസ്തുക്കളും ക്ഷയമുള്ളതുമാണ്. ദൈവത്തെക്കുറിച്ചുള്ള വിശേഷണമാകട്ടെ ''ധന്യനായ ഏകാധിപതിയും രാജാധിരാജാവും കർത്താധികർത്താവും താൻ മാത്രം അമർതൃതയുള്ളവനും അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവനും മനുഷ്യരാരും കാണാത്തവനും കാണുവാൻ കഴിയാത്തവനുമായവൻ, തക്കസമയത്ത് ആ പ്രതൃക്ഷത വരുത്തും. അവന് ബഹുമാനവും നിതൃബലവും ഉണ്ടാകട്ടെ. ആമേൻ'' (1 തിമൊ.6:16,17). റോമ.1:23-ലും ദൈവത്തെ "അക്ഷയനായ ദൈവം" എന്ന് വിശേഷിപ്പിച്ചിരിക്കുന്നു.

മനുഷ്യൻ മർതൃനായത് പാപം ചെയ്ത് ജീവദാതാവായ ദൈവത്തിൽ നിന്നും അകന്നുപോയപ്പോഴാണ്. ഇത് ആദ്യചരിത്രമാണ്. ''പാപത്തിന്റെ ശമ്പളം മരണമാകുന്നു'' (റോമ.6:23). "ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സില്ലാത്തവരായിത്തീർന്നു'' (റോമ.3:23). "യഹോവയായ ദൈവം മനുഷ്യനെ സൃഷ്ടിച്ചശേഷം ഏദനിൽ, അവിടെ വേല ചെയ്യുവാനും തോട്ടം കാക്കുവാനും അവനെ അവിടെയാക്കി; ശേഷം കല്പിച്ചത് "തോട്ടത്തിലെ സകല വൃക്ഷങ്ങളുടെയും ഫലം നിനക്ക് ഇഷ്ടംപോലെ തിന്നാം. എന്നാൽ നന്മ തിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം നീ തിന്നരുത്; തിന്നുന്ന നാളിൽ നീ മരിക്കും" (ഉല്പ.2:16,17). എന്നാൽ അനുസരണക്കേടിനാൽ പാപം ചെയ്ത് - പാപക്കനി തിന്ന് അവനിൽ ആത്മീകമരണവും ശാരീരിക മരണവും ഉണ്ടായി. "ഉടനെ ഇരുവരുടെയും കണ്ണു തുറന്നു. തങ്ങൾ നഗ്നരെന്ന് അറിഞ്ഞു" (ഉല്പ.3:7). പാപമില്ലായ്മയിൽ അവന്റെ കാഴ്ച ആത്മീകമായിരിന്നു, അകക്കണ്ണിന്റെ കാഴ്ചപ്പാടായിരുന്നു. പാപത്താൽ ദൈവതേജസ്സ് നഷ്ടമാവുകയും അകക്കണ്ണ് അടഞ്ഞ് ജഡത്തിന്റെ പാപാവസ്ഥയിൽ ലോകത്തിന്റേതായ പുറംകണ്ണ് തുറക്കുകയും ചെയ്തു. റോമ.5:12-ൽ പറയുന്നു "അതുകൊണ്ട് ഏക മനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെയെല്ലാവരും പാപം ചെയ്കയാൽ മരണം സകല മനുഷ്യരിലും പരന്നിരിക്കുന്നു."

മനുഷ്യൻ മർതൃനായോ അമർതൃനായോ അല്ല സൃഷ്ടിക്കപ്പെട്ടത്. എന്നാൽ ഇവ രണ്ടിനും മദ്ധ്യേയുള്ള സാധ്യതകളോടുകൂടിയാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത്. "തിന്നുന്ന നാളിൽ നീ മരിക്കും" എന്നതിൽ തിന്നാതിരുന്നാൽ 'മരിക്കില്ല' എന്ന ധ്വനിയാണല്ലൊ ഉള്ളത്. പാപം ചെയ്ത് ആത്മീയമായി (പിന്നീട് ശരീരത്തിലും-ഉല്പ.6:3) മരിച്ചതിനുശേഷം തോട്ടത്തിന്റെ നടുവിലുണ്ടായിരുന്ന (ഉല്പ.2:9) ജീവവൃക്ഷത്തിന്റെ ഫലം തിന്നാൻ ദൈവം അനുവദിച്ചില്ല. ''യേശുക്രിസ്തുവാൽ പാപമോചനം ലഭിച്ചശേഷമാണ് ഒരു മനുഷ്യന് നിതൃജീവൻ ലഭിക്കുന്നത്" (റോമ.6:23). അതുവരെയും മനുഷ്യൻ ദൈവജീവനിൽ നിന്നും അകന്ന് പാപത്തിലും മരണത്തിലുമാണ്. കർത്താവായ ദൈവം പറഞ്ഞു "ഇപ്പോൾ അവൻ കൈ നീട്ടി ജീവവൃക്ഷത്തിന്റെ ഫലം കൂടി പറിച്ചുതിന്ന് എന്നേക്കും ജീവിക്കാൻ സംഗതി വരരുത് (ഉല്പ.3:22).

പാപം വർദ്ധിച്ചപ്പോൾ കൃപ ഏറെ വർദ്ധിച്ച (റോമ.5:20) ദൈവകൃപയുടെ കവിഞ്ഞൊഴുക്കാണ് പുതിയനിയമത്തിൽ ആവിഷ്ക്കരിച്ചിരിക്കുന്നത് (യോഹ.1:16,തീത്തോ.2:11). കരുണാസമ്പന്നനായ ദൈവം മനുഷ്യന് യേശുവിൽ അമർതൃത ദാനമായി നൽകുകയാണ് സുവിശേഷത്തിൽ. അതിനാലാണ്. ''ഇപ്പോൾ മരണം നീക്കുകയും സുവിശേഷംകൊണ്ട് ജീവനും അമർതൃതയും വെളിപ്പെടുത്തുകയും ചെയ്തിരിക്കുന്നു" (2 തിമൊ1:10). പാപത്തെ വെറുക്കുകയും പാപിയെ സ്നേഹിക്കകുയും ചെയ്യുന്ന ദൈവം, മാനവന്റെ പാപത്തെ ഏറ്റെടുക്കുകയും പാപത്തിന് ജഡത്തിൽ ശിക്ഷ വിധിക്കുകയും ചെയ്തു (റോമ.8:3). ഓരോ മനുഷ്യനും പകരമായിട്ടാണ് ക്രിസ്തു ഇത് ചെയ്തത്. മരിച്ചടക്കി മൂന്നാംനാൾ ജീവനായി ഉയിർത്തത്. വിശ്വസിക്കുകയും യേശുവിനെ കൈക്കൊള്ളുകയും ചെയ്യുമ്പോൾ ഒരുവന്റെ ഉള്ളത്തിലേക്ക്, മനുഷ്യന്റെ മർത്ത്യാവസ്ഥയ്ക്ക്മേൽ, തന്റെ മരണത്താലും, ഉത്ഥാനത്താലും ജയമുണ്ടാക്കിയ അമർതൃനായ-ദൈവമാം ക്രിസ്തുവാണ് കടന്നുവരിക. ഇതാണ് "സുവിശേഷത്താൽ ജീവനും അമർതൃതയും വെളിപ്പെടുത്തി" എന്ന ദൈവത്തിന്റെ സദ്വർത്തമാനം നാം കേൾക്കുന്നത്.

ഒരു മനുഷ്യൻ സുവിശേഷം കേട്ട് ദൈവകൃപയുടെ ആത്മാവിനാൽ വീണ്ടുംജനിച്ചാലും ആത്മീകമായി വളർന്ന് പക്വത പ്രാപിച്ചാലും, യേശു വരുന്നതിനുമുമ്പെ മരിച്ചാൽ,-

Fundamental Knowledge of True Theology - Chapter : 31

# നിത്യത

**പാ: രാധാകൃഷ്ണൻ**

അഥവാ ബൈബിൾഭാഷ്യം 'നിദ്രകൊണ്ടാൽ' ആത്മാവും പ്രാണനും – ക്രിസ്തുവിലേക്ക് പോകും. ശരീരം മണ്ണിലേക്കും പോകും. "ശരീരം പാപം നിമിത്തം മരിക്കേണ്ടതെങ്കിലും ആത്മാവു നീതി നിമിത്തം ജീവനാകുന്നു" (റോമ.8:10). എന്നാൽ മരിച്ചത് വിശുദ്ധനെങ്കിൽ യേശുവിന്റെ രണ്ടാംവരവിന്റെ ആദ്യദളത്തിൽ അഥവാ മേഘപ്രത്യക്ഷതയിൽ മണ്ണിലുറങ്ങുന്ന വിശുദ്ധന്മാരുടെ ശരീരങ്ങൾ രൂപാന്തരപ്പെട്ട് തേജസ്സോടെ ഉയിർത്തെഴുന്നേൽക്കും – മർത്യത അമർത്യതയെ ധരിക്കും (1 തെസ്സ.4:17, 1 കൊരി.15:52–54). വിശ്വാസത്താൽ നീതീകരിക്കപ്പെട്ട വിശുദ്ധന്മാർക്ക് അമർത്യത അവകാശമായി ലഭിക്കും. (റോമ.2:7, 1 കൊരി.15:22, വെളി.20:6). ലൂക്കാ സുവിശേഷത്തിൽ യേശു ഇപ്രകാരം പറയുന്നു. "ആ ലോകത്തിനും പുനരുത്ഥാനത്തിനും യോഗ്യരായവർ വിവാഹം കഴിക്കുകയില്ല. വിവാഹത്തിന് കൊടുക്കപ്പെടുകയുമില്ല; അവർക്ക് ഇനി മരിപ്പാനും കഴിയുകയില്ല. അവർ പുനരുത്ഥാനപുത്രന്മാരാകയാൽ ദൈവദൂതതുല്യരും ദൈവപുത്രന്മാരും ആകുന്നു" (ലൂക്കൊ.20:35,36).

മനുഷ്യരായ, മർത്യരായ നമുക്ക് അമർത്യത അഥവാ നിത്യജീവൻ ലഭിക്കാൻ എന്തുചെയ്യണം? ഉത്തരം – യേശുവിന്റെ മരണ, അടക്ക, ഉത്ഥാനത്തോട് സ്നാനത്താൽ നാമെല്ലാവരും ചേരണം. അത് യേശുവിനെ ധരിക്കലാണ് (ഗലാ.3:27, റോമ.3:14). അമർത്യതയെ നമുക്കായി ദാനം തരുന്ന ജീവന്റെ വചനത്താൽ നിറയണം. ആത്മാവും ജീവനുമാകുന്ന വചനത്താലാണ് ഒരു മനുഷ്യന്റെയുള്ളിൽ വീണ്ടുംജനനമുണ്ടാകുന്നത് (1 പത്രൊ.1:23, യാക്കോ.1:18, യോഹ.1:12,13, യോഹ.6:63). ഭൗമികകൂടാരമായ മനുഷ്യശരീരത്തെ ഉരിഞ്ഞുമാറ്റി സ്വർഗ്ഗീയകൂടാരമായ തേജസ്സുള്ള ശരീരത്തെ–അമർത്യമായ ശരീരത്തെ കർത്താവ് അന്നാളിൽ നമ്മെ ധരിപ്പിക്കും (2 കൊരി.5:1–4, ഫിലി.3:21) ഇതെല്ലാം, നമുക്കായി "മരിച്ചവനായിരുന്ന, എന്നാൽ ഇതാ, എന്നേക്കും ജീവിച്ചിരിക്കുന്ന" (വെളി.1:18) ആദ്യനും അന്ത്യനുമായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നതു വഴിയാണ്. അതിനാലാണ് കർത്താവ് യോഹന്നാൻ 11–ാം അദ്ധ്യായത്തിൽ ലാസറിന്റെ ഉയിർപ്പിന് മുന്നോടിയായി പറയുന്നത്: "ഞാൻ തന്നെ പുനരുത്ഥാനവും ജീവനുമാകുന്നു; എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും; ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്കയില്ല" (യോഹ.11:25–26).

ഭൂമിയിൽ മരിച്ച ഒരു മനുഷ്യനെ ദൈവം ഒരു ദൈവമനുഷ്യനിലൂടെ, അഭിഷിക്തനിലൂടെ ജീവൻ നൽകി ഉയിർപ്പിച്ചാലും അവൻ യേശുക്രിസ്തുവിൽ വിശ്വസിക്കുക വഴി അവനിൽ യേശു ആത്മാവായി–ജീവനായി കടന്നുവന്നെങ്കിൽ മാത്രമേ നിത്യജീവൻ ലഭിക്കുകയുള്ളു. വിശുദ്ധ വേദപുസ്തകമാകുന്ന തിരുവെഴുത്തുകളിലൂടെ ജീവന്റെ വചനമായി യേശു നമ്മുടെയിടയിലുണ്ട്. ആകയാൽ, ഒരുവന് നിത്യമരണം കടന്നുവരാതെ നിത്യജീവൻ ലഭിക്കുവാനുള്ള ആഹാരമാണ് യേശു എന്ന വചനം (യോഹ.6:50, യോഹ.8:51). "മനുഷ്യന് ദൈവത്തോളം നീതിമാനാകുവാനൊ നിർമ്മലനാകുവാനൊ സാധിക്കുമൊ" എന്ന് ഇയ്യോബ് 4:17–ൽ ചോദിക്കുമ്പോൾ ഉത്തരം – ദൈവമാകുന്ന ക്രിസ്തുവിൽ ഒരുവൻ വിശ്വാസം വഴി നീതീകരിക്കപ്പെടുകയും


**വിദേശത്തുനിന്നും ആത്മാഭിഷേകം പ്രോഗ്രാമുകളെ സഹായിക്കുവാൻ ആഗ്രഹിക്കുന്നവർ ദയവായി താഴെ എഴുതിയ കാര്യങ്ങൾ ശ്രദ്ധിക്കണമെ**

**വിദേശകറൻസി ആയിട്ടു മാത്രം സഹായം സ്വീകരിക്കാവുന്ന FCRA അക്കൗണ്ട് (ഇന്ത്യൻ കറൻസിയൊ കൺവർട്ട് ചെയ്ത ഇന്ത്യൻ മണിയൊ അയയ്ക്കാൻ പാടില്ല)**

| | | |
|---|---|---|
| Account name | : | Church of Eternity |
| Account No. | : | 5020 0000 967756 |
| Bank Name | : | HDFC |
| Branch | : | Vazhakala, Ernakulam, Kerala, S.India |
| IFSC Code | : | HDFC 000 1508 |
| SWIFT Code | : | HDFC INBB |
| FCRA No. | : | 052 850 563 (Current Account) |

**ട്രസ്റ്റുകളുടെ പേരിൽ സഹായം അയയ്ക്കുവാൻ അനുവാദമില്ലാത്ത രാജ്യങ്ങളിൽ നിന്നും ഇന്ത്യൻ മണിയിലേക്ക് കൺവർട്ട് ചെയ്ത് ഈ അക്കൗണ്ടിലേക്ക് അയയ്ക്കാവുന്നതാണ്.**

| | | |
|---|---|---|
| Account name | : | Devasia M.V |
| Account No. | : | 10340100190147 |
| Bank Name | : | Federal Bank |
| Branch | : | Thrikkakara, Ernakulam, kerala, S.India |
| IFSC Code | : | FDRL 0001034 |
| SWIFT Code | : | FDRLINBBIBD |

Fundamental Knowledge of True Theology - Chapter : 31

# നിത്യത

പാ: രാധാകൃഷ്ണൻ

വിശുദ്ധീകരിക്കപ്പെടുകയും–നിത്യജീവന്റെ – അമർത്യതയുടെ അവകാശിയായിത്തീരുകയും ചെയ്യുന്നു. സങ്കീർത്തനം പറയുന്നു: "മനുഷ്യന്റെ ആയുസ്സ് പുല്ലുപോലെയാകുന്നു; വയലിലെ പൂ പോലെ അവൻ പൂക്കുന്നു'' (103:15). അല്പായുസ്സാകുന്ന മനുഷ്യന് നിത്യായുസ്സ് നൽകുന്നവനാണ് യേശു. അവനും അവനുള്ളവരും എന്നേക്കും ജീവിച്ചിരിക്കുന്നു. നിത്യജീവന്റെ അവകാശികൾ ശരീരത്തോടുകൂടി എന്നുമെന്നേക്കും ജീവിക്കും. ക്രിസ്തുവിൽ വിശ്വസിക്കാൻ സാധിക്കാത്ത സകല മനുഷ്യരും ശരീരത്തോടുകൂടി നിത്യദണ്ഡനം അനുഭവിക്കും" (മത്താ.25:46, 2 തെസ്സ.1:9, മത്താ.5:29,30). അവർക്ക് അമർത്യതയില്ല. നിത്യനാകുന്ന യേശുവിൽ വിശ്വസിക്കുന്നവർക്ക് മാത്രമാണ് അമർത്യത.

## നിത്യത

ദൈവത്തിന്റെ നിത്യ അസ്ഥിത്വത്തെ ഉൾക്കൊള്ളുന്ന കാലമില്ലാക്കാലമാണ് നിത്യത; ഇത് കാലവുമായി ബന്ധപ്പെടുത്തി പറയവെയാണ്, സ്ഥലകാലപരിധിക്കുള്ളിൽ വസിക്കുന്ന മനുഷ്യന് നിത്യനായ ദൈവത്തെ സ്വയം അറിയുവാൻ സാധ്യമല്ല. അനാദിയും അനന്തതയും ഉൾക്കൊള്ളുന്ന നിത്യത സങ്കല്പിക്കാൻ സാധിക്കാത്തതാണ്. നിത്യനായ ദൈവം മാത്രമാണ് നിത്യതയെക്കുറിച്ച് അറിയുന്നവൻ.

"കാലത്തിന്റെ സമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ അയച്ചു" എന്ന് ഗലാ.4:4–ൽ കാണാം. വാക്യം 5–ൽ "നാം പുത്രത്വം പ്രാപിക്കേണ്ടതിനുതന്നെ" എന്നും കാണാം. ദൈവം കാലാതീതനും ആരംഭമൊ അവസാനമൊ ഇല്ലാത്തവനും ആണ് (സങ്കീ.90:2). 'ആദിയിൽ' ഉള്ളവനാണ് ദൈവം. ഇത് അനാദിയെന്നുമാണ് പറയാവുന്നത്. യോഹ.1:1. സൃഷ്ടിക്കൊരു ആരംഭമുണ്ട്. എന്നാൽ സ്രഷ്ടാവായ ദൈവം സകല സൃഷ്ടിക്കുംമുമ്പെ നിത്യനായുള്ളവനാണ്. പഠനോചിതമായി നാം ആ കാലത്തെ പൂർവ്വകാല നിത്യത എന്ന് വിളിച്ചേക്കാം. "ദൈവം ഏകനാണ്" യാക്കോ.2:19 എന്നതിനാൽ ഏക നിത്യത മാത്രമാണുള്ളത്. നാം ദൈവത്തെ അറിയുന്നത് ദൈവപുത്രനിൽ പരിശുദ്ധാതമാവിനാലാണ്. അതിനാൽ തന്നെ ദൈവം, പിതാവും പുത്രനും പരിശുദ്ധാത്മാവുമാകുന്ന ത്രീയേകദൈവവുമാണ്. ദൈവത്തെ നാം അറിയുന്നതിനുമുമ്പെ ദൈവമുള്ള പൂർവ്വാവസ്ഥയും ദൈവത്തെ അറിയുന്ന ഇന്നിന്റെ കാലവും ദൈവത്തെ പൂർണ്ണതയിൽ അറിഞ്ഞേക്കാവുന്ന ഭാവി അവസ്ഥയും ചേർത്തുകൊണ്ട് ദൈവം നിത്യനും നിത്യതയിൽ വസിക്കുന്നവനുമാകയാൽ പൂർവ്വകാല നിത്യത, വർത്തമാനകാല നിത്യത, ഭാവികാല നിത്യതയെന്നൊന്നും ദൈവത്തിലില്ല. "അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താനിരിക്കുന്നതുപോലെ കാണുന്നതാകകൊണ്ട് അവനോട് സദൃശരാകും" (1 യോഹ.3:2). നിത്യനായ ദൈവപുത്രന്റെ (ഹെബ്രാ.13:8) ഈ അവസ്ഥയിലേക്ക് നാം കയറവെയാണ് നാം നിത്യതയിലേക്ക് കാലെടുത്തുവെയ്ക്കുക. " നാം പുത്രത്വം പ്രാപിക്കവെ'' തന്നെ നമ്മിൽ നിത്യത ആരംഭിക്കുന്നു.

''ഇന്ന്'' എന്നത് ബൈബിളിൽ നിത്യതയെ കാണിക്കുവാനുള്ള പദപ്രയോഗമാണ്. സങ്കീ.2:7 നാമിങ്ങനെ വായിക്കുന്നു "യഹോവ എന്നോട് അരുളിച്ചെയ്തത്: നീ എന്റെ പുത്രൻ; ''ഇന്ന്'' ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു. ജനിപ്പിച്ചിരിക്കുന്നു എന്നത് ഗർഭത്തിൽ ഒളിഞ്ഞിരുന്നത് ഒരു ശിശുവായി വെളിപ്പെട്ടു എന്ന അർത്ഥത്തിൽ മാത്രമാവാം. നാമും യേശുവിന്റെ ജനനത്തെയും കരുതിയേക്കുക. എന്നാൽ അദൃശ്യനായ ദൈവം നമ്മുടെ ജഡത്തിന്റെ സാദൃശ്യത്തിൽ വെളിപ്പെട്ടു എന്നതാണ് അതിന്റെ ആത്മീകമർമ്മം (1 തിമൊ.3:16). കാരണം, "അവന് പിതാവില്ല, മാതാവില്ല, വംശാവലിയില്ല, ജീവാരംഭവും ജീവാവസാനവുമില്ല'' (ഹെബ്രാ.7:3). "അവൻ അനന്യൻ" (ഹെബ്രാ.13:8). യേശു പുത്രനായി ജനിച്ചതിനാലാണ് പിതാവിനെ നാമറിയുക. ജന്മം നൽകവെയാണ് പിതാവാകുന്നത്. ദൈവപുത്രൻ മരണത്തെ ജയിച്ച് ജീവനായുയിർത്തവനാണ്; "പുത്രനിലാണ് ജീവൻ, പുത്രനുള്ളവന് ജീവനുണ്ട്" ദൈവപുത്രനെ അറിയുകയും അവനെ കൈക്കൊള്ളുകയും അഥവാ ഉൾക്കൊള്ളുകയും ചെയ്യവെ നാം ദൈവമക്കളായിത്തീരുന്നു; അഥവാ വീണ്ടും ജനിക്കുന്നു (യോഹ.1:12, ഗലാ.3:26. യോഹ.1:13, 1 പത്രൊ.1:23). മക്കളാകകൊണ്ട് ജനിപ്പിച്ചവനെ അറിയുവാനും ദൈവത്തെ പിതാവെന്ന് വിളിക്കുവാനും സാധിക്കുന്നു (ഗലാ.4:6–7).

''ദൈവമേ, നിന്റെ സിംഹാസനം എന്നുമെന്നേക്കുമുള്ളത്; നിന്റെ രാജ്യത്വത്തിന്റെ ചെങ്കോൽ നേരുള്ള ചെങ്കോൽ. നീ നീതിയെ ഇഷ്ടപ്പെടുകയും ദുഷ്ടതയെ ദ്വേഷിക്കുകയും ചെയ്തിരിക്കയാൽ ദൈവമേ, നിന്റെ ദൈവം നിന്റെ കൂട്ടുകാരിൽ പരമായ് നിന്നെ ആനന്ദതൈലംകൊണ്ട് അഭിഷേകം ചെയ്തിരിക്കുന്നു" (ഹെബ്രാ.1:8–9).

പിതാവ് അഥവാ ദൈവം, ദൈവമാകുന്ന ദൈവപുത്രനേക്കുറിച്ച് പറഞ്ഞതാണ് നാം മുകളിൽ വായിച്ചത്,

Fundamental Knowledge of True Theology - Chapter : 31

# നിത്യത

പാ: രാധാകൃഷ്ണൻ

അവൻ നിത്യനായ ദൈവമാണെന്ന്. തുടർന്ന്, നിത്യതയെക്കുറിച്ചൊ, “കർത്താവെ, നീ പൂർവ്വകാലത്ത് ഭൂമിക്ക് അടിസ്ഥാനമിട്ടു. ആകാശവും നിന്റെ കൈകളുടെ പ്രവൃത്തിയാകുന്നു. അവ നശിക്കും; നീയൊ നിലനിൽക്കും. അവയെല്ലാം വസ്ത്രംപോലെ പഴകിപ്പോകും; ഉടുപ്പുപോലെ നീ അവയെ ചുരുട്ടും; വസ്ത്രംപോലെ അവ മാറിപ്പോകും; നീയൊ അനന്യൻ; നിന്റെ സംവത്സരങ്ങൾ അവസാനിക്കുകയുമില്ല” (ഹെബ്രാ.1:10–12).

രക്ഷിതഗണത്തെക്കുറിച്ചും അവരുടെ നിലനിൽപ്പിനെ ക്കുറിച്ചുമെല്ലാം പറയുമ്പോഴും നിത്യതയുടെ ഭാഷയിലാണ് ദൈവം സംസാരിക്കുക. ദൈവം നിത്യനാണ്, നിത്യാത്മാവാണ് (ഹെബ്രാ.9:14). നിത്യാത്മാവാം ദൈവം വിശ്വാസിക്ക് എന്നേക്കുമുള്ള രക്ഷയാണ് ഒരുക്കിയിരിക്കുന്നത് (ഹെബ്രാ.9:12). “ഞാൻ അവയ്ക്ക് നിത്യജീവൻ കൊടുക്കുന്നു. അവ ഒരുനാളും നശിച്ചുപോകുകയില്ല” (യോഹ.10:28). “ഇങ്ങനെ ചെയ്താൽ നിങ്ങൾ ഒരുനാളും ഇടറിപ്പോകാതെ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ നിത്യതയിലേക്കുള്ള പ്രവേശനം ധാരാളമായി പ്രാപിക്കും” (2 പത്രൊ.1:11). “ഇനി കാലമുണ്ടാകുകയില്ല” (വെളി.10:6). ഗലാ.4:5 –വീണ്ടും പറയട്ടെ ‘‘കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ സ്ത്രീയിൽ നിന്ന് ജനിച്ചവനായി ............. നിയോഗിച്ചയച്ചത് ........... നാം പുത്രത്വം പ്രാപിക്കേണ്ടതിനുതന്നെ. ‘‘പുത്രനിൽ വിശ്വസിക്കുന്നവന് നിത്യജീവനുണ്ട് (യോഹ.3:36). രക്ഷിക്കപ്പെട്ട, വീണ്ടുംജനിച്ച ഓരോ വ്യക്തിയുടെയും ഉത്തരവാദിത്വമാണിനി “നിത്യജീവനെ പിടിച്ചുകൊൾക” (1 തിമൊ.6:12) എന്നത്.

കാലത്തെയും ഉളവാക്കിയ ദൈവം കാലാതീതനാണ് അഥവാ കാലത്തിന്റെ നൈരന്തര്യത്തിൽ നിന്നും സ്വതന്ത്രനാണ്. സ്വയംഭൂവായ ദൈവം ആദിയും അന്തവുമില്ലാത്തവനാണ്. അതിനാലാണ് ദൈവത്തെ, “അനാദിയായും ശാശ്വതമായും ദൈവം (സങ്കീ.90: 2), സംവത്സരങ്ങൾ അവസാനിക്കാത്ത ദൈവം (സങ്കീ.102:27), നിത്യദൈവം (ഉല്പ.21:33), പുരാതനൻ (ഹബ.1:12), നിത്യതയിൽ വസിക്കുന്നവൻ (യേശ.57:15), താൻ മാത്രം അമർത്യതയുള്ളവൻ (1 തിമൊ.6:16) എന്നൊക്കെ തിരുവെഴുത്തുകൾ ഇവ്വണ്ണം വർണ്ണിക്കുന്നത്. ത്രികാല വിഭജനമില്ലാത്ത “ഇന്ന്” എന്നുള്ള ഏകവർത്തമാനമാണ് നിത്യത. ഇതിന് വേദപുസ്തകത്തിൽ നിത്യദിവസം (2 പത്രൊ.3:18) എന്നും പറഞ്ഞിരിക്കുന്നതായി കാണാം.

യുഗാന്ത്യസംഭവങ്ങളെ വേദപുസ്തകത്തിൽ കാലവുമായാണ് ബന്ധപ്പെടുത്തിയിരിക്കുന്നത്. അതിനാൽ നിത്യത അവസാനിക്കാത്ത കാലമാണെന്ന് മനസ്സിലാക്കാം. കാലം മൂന്ന് യുഗങ്ങളായി തിരിയുന്നു. സൃഷ്ടിപൂർവ്വകാലം, സൃഷ്ടി മുതൽ യുഗാന്ത്യം വരെയുള്ള കാലം, അനന്തകാലം. ഇതിൽ ആദ്യത്തേത് ആരംഭമില്ലാത്തതും ഒടുവിലത്തേത് അവസാനമില്ലാത്തതുമാണ്. എന്നാൽ ഈ പറഞ്ഞ നമ്മുടെ കാഴ്ചപ്പാടിലുള്ള അറിവുണ്ടാകുന്നതിന് നിത്യദൈവം കാലമില്ലാത്ത ദൈവത്തെയല്ല, നിത്യതയുടെ അധിപനായ ദൈവത്തെയാണ് പ്രതിഫലിപ്പിക്കുന്നത്.

യേശുവിന്റെ മേഘപ്രത്യക്ഷതയിൽ പുനരുത്ഥാന ത്തിലൂടെ എടുക്കപ്പെടുന്ന സഭ സമയത്തെയും വസ്തു ബന്ധങ്ങളെയും ജയിച്ച് നിത്യതയിൽ പ്രവേശിക്കുകയാണ് ചെയ്യുക. പുതിയ ആകാശത്തെക്കുറിച്ചും പുതിയ ഭൂമിയെക്കുറിച്ചും പുതിയ യെരുശലേമിനെക്കുറിച്ചും

ദേവസ്യാമുല്ലക്കരസാർ നേതൃത്വം നൽകുന്ന ടെന്റ് മിനിസ്ട്രി 2018 ആരംഭിച്ചിരിക്കുന്നു. സ്വന്തം ഭവനത്തിൽ ടെന്റ് മിനിസ്ട്രി നടത്താൻ താല്പര്യ മുള്ളവർ പ്രാദേശികസഭകളെ അറിയിക്കുക.

കൂടുതൽ വിവരങ്ങൾക്ക് : 04985 213999

# Fundamental Knowledge of True Theology - Chapter : 31

# നിത്യത

പാ : രാധാകൃഷ്ണൻ

കഴിഞ്ഞ തവണ സഹസ്രാബ്ദവാഴ്ചയെക്കുറിച്ച് എഴുതിയതിൽ നിങ്ങൾവായിച്ച് ഗ്രഹിച്ചിരിക്കുന്നുവല്ലൊ.

സഹസ്രാബ്ദവാഴ്ചക്കൊടുവിൽ ഇപ്പോഴത്തെ ആകാശത്തെയും ഭൂമിയെയും ഇല്ലാതാക്കിയിട്ട് സൃഷ്ടിക്കുന്ന പുതുവാനഭൂമിയാണ് ദൈവത്തിന്റെ നിത്യമായ ആധിപത്യത്തിന്റെ വേദി. ഇത് നീതിയുടെ നിറവുള്ളയിടമാണ് (2 പത്രൊ.3:13).

പുതുവാനഭൂമിയിൽ പന്ത്രണ്ട് അടിസ്ഥാനങ്ങളിൽ ശോഭിക്കുന്ന യെരുശലേം നഗരം നിത്യതയുമായി ബന്ധപ്പെട്ടതാണ്. സകല യുഗങ്ങളിലെയും സകല വിശുദ്ധന്മാരും പുതിയ യെരുശലേമിൽ പ്രവേശിക്കുന്നതായി ഹെബ്രാ.12:22-24-ൽ പ്രതിപാദിക്കുന്നുണ്ട് (ഹെബ്രാ.11:9,10, 13-16).

"ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാ സനം അതിലിരിക്കും; അവന്റെ ദാസന്മാർ അവനെ ആരാധിക്കും; അവർ അവന്റെ മുഖം കാണും; അവന്റെ നാമം അവരുടെ നെറ്റിയിലിരിക്കും. ഇനി രാത്രിയു ണ്ടാവുകയില്ല; ദൈവമായ കർത്താവ് അവരുടെമേൽ പ്രകാശിക്കുന്നതുകൊണ്ട് വിളക്കിന്റെ വെളിച്ചമൊ സൂര്യന്റെ വെളിച്ചമൊ അവർക്കാവശ്യമില്ല. അവർ എന്നേക്കും രാജാക്കന്മാരായിരിക്കും" (വെളി.22:3-5). ദൈവപുത്രനോട് അനുരൂപപ്പെടുന്ന തന്റെ ജനത്തിന്റെ സൗഭാഗ്യ അവസ്ഥ അവർണ്ണനീയമാണ്. പാപമൊ ശാപമൊ മരണമൊ കടന്നുവരാത്ത നിത്യാനന്ദത്തിന്റെ നിത്യതയിലാണ് സകല വിശുദ്ധന്മാരും. ക്രിസ്തുവിന്റെ നിത്യ മഹത്വം കാണുന്നതിന് സഭ എന്നും ക്രിസ്തുവിനോടുകൂടെ നിത്യരാജ്യത്തിലുണ്ടായിരിക്കും. ഇത് കർത്താവ് ഭൂമിയിലായിരുന്നപ്പോൾ അവർ കേൾക്കെയുള്ള പ്രാർത്ഥനയുടെ സാഫല്യമാണ്. ''പിതാവെ നീ ലോകസ്ഥാപനത്തിനുമുമ്പെ എന്നെ സ്നേഹിച്ചിരിക്കകൊണ്ട് എനിക്ക് നൽകിയ മഹത്വം നീ എനിക്ക് തന്നിട്ടുള്ളവർ കാണേണ്ടതിന് ഞാനിരിക്കുന്ന ഇടത്ത് അവരും എന്നോടുകൂടെയിരിക്കേണം എന്ന് ഞാൻ ഇച്ഛിക്കുന്നു" (യോഹ.17:24).

ദൈവവചനത്തിന്റെ വെളിപാടുകളിലേക്ക് കൃപയാൽ കൺതുറന്ന് ദർശിച്ച മനുഷ്യന് നിത്യരക്ഷയും നിത്യജീവനും കൊടുത്തുകൊണ്ട് മഹാദൈവം അവനെ നിത്യതയുടെ അവർണ്ണനീയ അനുഭൂതിയിലേക്ക് പ്രവേശിപ്പിച്ചിരിക്കുകയാണ്. ഇനി എന്നും അവർ അവനോടുകൂടെയായിരിക്കും; തുടക്കത്തിൽ നാം കണ്ടതാണ്, "അവൻ സകലവും അതതിന്റെ സമയത്ത് ഭംഗിയായി ചെയ്ത് നിത്യതയും മനുഷ്യരുടെ ഹൃദയത്തിൽ വെച്ചിരിക്കുന്നു; എങ്കിലും ദൈവം ആദിയോടന്തം ചെയ്യുന്ന പ്രവൃത്തിയെ ഗ്രഹിപ്പാൻ അവന് കഴിവില്ല" (സഭാ.3:11). ഏദനിൽ നിന്നും പാപത്താൽ പുറത്താക്കപ്പെട്ട മനുഷ്യനെ തേടി രക്ഷണ്യമായ ദൈവകൃപയുടെ നിറവുമായി മനുഷ്യനിലേക്ക് ഇറങ്ങിവന്ന ദൈവം അവനിൽ വിശ്വസിച്ച സകലരുടെയും ആത്മാവിൽ വന്നിരുന്ന് മറഞ്ഞിരുന്ന സകലസത്യങ്ങളും അവന് വെളിപ്പെടുത്തിക്കൊടുത്തു. ''അത് സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ളത് എല്ലാം പിന്നെയും ക്രിസ്തുവിൽ ഒന്നായിചേർക്ക എന്നിങ്ങനെ കാലസമ്പൂർണ്ണതയിലെ വ്യവസ്ഥക്കായികൊണ്ടുതന്നെ" (എഫേ.1:10).

നമ്മുടെ കർത്താവ് കാൽവരിക്രൂശിൽ ചൊരിഞ്ഞ രക്തത്താലാണ്, കൃപയാൽ, വിശ്വസിക്കുന്ന ''സകല മനുഷ്യരെയും തന്നിലേക്ക് ആകർഷിപ്പിച്ചുകൊണ്ട്'' (യോഹ.12:32), തന്റെ രക്തത്താൽ പാപത്തിൽ നിന്നും വിടുവിക്കുകയും, നീതീകരിക്കുകയും, വിശുദ്ധീകരിക്കുകയും ചെയ്തുകൊണ്ട് അസംഖ്യമായ മഹാപുരുഷാരത്തെ തന്റെ നിത്യരാജ്യത്തിലേക്ക് ഒരുക്കിയത്. "അവനിൽ സർവ്വസമ്പൂർണ്ണതയും വസിപ്പാനും അവൻ ക്രൂശിൽ ചൊരിഞ്ഞ രക്തംകൊണ്ട് അവൻ മുഖാന്തരം സമാധാനമുണ്ടാക്കി, ഭൂമിയിലുള്ളതൊ സ്വർഗ്ഗത്തിലുള്ളതൊ സകലത്തെയും അവനെക്കൊണ്ട് തന്നോട് നിരപ്പിപ്പാൻ അവന് പ്രസാദം തോന്നി"(കൊലോ.1:1920).

സകല സൃഷ്ടിക്കും മുമ്പ് നിത്യതയിലുള്ള നിത്യനായ ക്രിസ്തു പാപത്താലും സ്ഥലകാല സീമയ്ക്കുള്ളിൽ കുരുങ്ങിപ്പോയ മനുഷ്യനെ രക്ഷയുടെ തൃക്കരങ്ങൾ നീട്ടി കോരിയെടുത്ത് തന്നോട് എന്നേക്കും ചേർത്ത് നിർത്തുന്നു. സകലതും പുതുക്കുകയും ക്രിസ്തുവിൽ പൂർണ്ണതയിലേക്ക് ചേർക്കുകയും ചെയ്യുന്നു. കാലം നിത്യതയിൽ ലയിച്ചുചേരുന്നു. "നിത്യരാജാവായി അക്ഷയനും അദൃശ്യനുമായ ഏക ദൈവത്തിന് എന്നന്നേക്കും ബഹുമാനവും മഹത്വവും ആമേൻ" (1 തിമൊ.1:17).

# വാർത്തകൾ NEWS

## സോദോം പട്ടണത്തിന്റെ അവശിഷ്ടങ്ങൾ കണ്ടെത്തിയതായി ഗവേഷകർ

ടാൽ എൽ ഹമാം: ജനത്തിന്റെ ദുഷ്ടതയും, ദുർന്നടപ്പും മൂലം ദൈവം കോപിച്ച് ആകാശത്തുനിന്നും ഗന്ധകവും തീയും വർഷിച്ച് നശിപ്പിച്ച സോദോം, ഗൊമോറ എന്നീ രണ്ട് പട്ടണങ്ങളിലൊന്നായ സോദോമിന്റെ അവശിഷ്ടങ്ങൾ പര്യവേഷകർ കണ്ടെത്തി.

ജോർദ്ദാനിലെ ടാവ് എൽ ഹമാം മേഘലയിൽ നടത്തിയ പര്യവേഷണത്തിലാണ് ബൈബിളിൽ പരാമർശിച്ചിരിക്കുന്ന ചരിത്രപ്രാധാന്യമുള്ള ഈ പട്ടണത്തിന്റെ അവശിഷ്ടങ്ങൾ കണ്ടെത്തിയത്. ജോർദ്ദാൻ നദിയുടെ കിഴക്കായിട്ടാണ് ഈ പഴയ വലിയ നഗരം കണ്ടെത്തിയത്. 700 വർഷമായി ഇവിടെ മരുഭൂമിയായി കിടന്ന പ്രദേശത്ത് സോദോമിനെക്കുറിച്ച് ബൈബിളിൽ ഉല്പത്തി പുസ്തകം 19-ാം അദ്ധ്യായത്തിൽ വളരെ വ്യക്തമായി വിവരം ലഭിക്കുന്നുണ്ട്.

കരുത്തുറ്റ പട്ടണങ്ങളിലൊന്നായ സോദോമിന്റെ അവശിഷ്ടങ്ങളിൽ 5.2 മീറ്റർ കനമുള്ള 10 മീറ്റർ ഉയരമുള്ള കൂറ്റൻ ഭിത്തികളും കോട്ടകൊത്തളങ്ങളും, വാതിലുകളും, കാവൽകോട്ടകളും, തെരുവുകളും, ഇരുപത്തിമൂന്ന് അടി വിശാലതയുള്ള ചുറ്റുമതിലുകളോടുകൂടി റോഡുകളും പര്യവേഷണത്തിൽ കണ്ടെത്തിയതായി ടീം അംഗങ്ങൾ വ്യക്തമാക്കുന്നു.

ഉല്പത്തി പുസ്തകത്തിൽ ജോർദ്ദാന് കിഴക്കുള്ള ഏറ്റവും വലിയ പട്ടണമായിട്ടാണ് സോദോമിനെയും ഗൊമോറയെയും പരാമർശിച്ചിട്ടുള്ളത്. ചാവുകടലിന് വടക്കുമാറി യോർദ്ദാൻ നദിക്ക് ഇരുവശത്തുമായിട്ടാണ് രണ്ടും നിലനിന്നിരുന്നത്. വളെരയധികം സമ്പത്തുണ്ടായിരുന്ന നാടെന്നുതന്നെ ബൈബിളും സൂചന നൽകുന്നുണ്ട്.

വ്യാപാരമാർഗ്ഗങ്ങളുള്ള കൂറ്റൻ കോട്ടകൊത്തളങ്ങളോടുകൂടിയ ഈ പട്ടണങ്ങൾ അന്നത്തെ പ്രാധാന്യമർഹിക്കുന്ന പട്ടണങ്ങളായിരുന്നു. ബി.സി. 3500-നും 1540-നും ഇടയിലുള്ളതാണിത്. ഇത് വെങ്കലയുഗത്തിന്റെ അവശിഷ്ടങ്ങളാണെന്നും ബൈബിൾ സോദോമിനെ ലക്ഷണമായി പറയുന്ന കാര്യത്തോട് സമാനതകളുണ്ടെന്നും പര്യവേഷകർ പറയുന്നു.

ന്യൂ മെക്സിക്കോയിലെ ട്രിനിറ്റി സൗത്ത് വെസ്റ്റേൺ സർവ്വകലാശാലയിലെ സ്റ്റീവൻ കോളിൻസാണ് ഗവേഷണത്തിന് നേതൃത്വം നൽകുന്നത്. 2005-ലായിരുന്നു പര്യവേഷണം ആരംഭിച്ചത്. ലോത്തിന്റെ കാലത്ത് ജനം പാപത്തിലും, ദുർമ്മാർഗ്ഗങ്ങളിലും, അനീതിയിലും പെരുകുന്നതു കണ്ടുകൊണ്ട് ദൈവം ജനത്തോട് വളരെ കോപിച്ചു. അതിനായി സോദോം ഗൊമോറയെ പാടെ നശിപ്പിക്കാനായി ദൈവം തീരുമാനിച്ചു.

എന്നാൽ വിശ്വാസികളുടെ പിതാവായ അബ്രഹാം നീതിമാന്മാരായ 50 പേരെങ്കിലുമുണ്ടെങ്കിൽ പട്ടണത്തെ നശിപ്പിക്കാതെ വെറുതെ വിട്ടുകൂടെ എന്നു ചോദിച്ചപ്പോൾ ദൈവം സമ്മതിച്ചു. തുടർന്ന് യഹോവയായ ദൈവം തന്റെ ദൂതന്മാരെ വിട്ട് അന്വേഷിച്ചപ്പോൾ അബ്രഹാമിന്റെ സഹോദരപുത്രൻ ലോത്തിനെ മാത്രമേ നീതിമാനായി കണ്ടുള്ളു.

പട്ടണം നശിപ്പിക്കുന്നതിനുമുമ്പായി ലോത്തിനോട് ഭാര്യയോടും പുത്രിമാരോടുംകൂടെ രക്ഷപ്പെട്ടുകൊള്ളുവാൻ ദൈവം കല്പിച്ചു. തുടർന്ന് ദൂതന്മാർ അവരെ കൈക്കുപിടിച്ച് പട്ടണത്തിന് പുറത്താക്കി. പുറകോട്ട് നോക്കരുത്, ജീവരക്ഷയ്ക്കായി ഓടിപ്പോവുക എന്നു പറഞ്ഞു. യഹോവ ആകാശത്തുനിന്നും ഗന്ധകവും തീയും വർഷിച്ച് ആ പ്രദേശത്തെ സസ്യജാലങ്ങൾക്കും, ജീവജാലങ്ങൾക്കും മനുഷ്യർക്കും നാശം വരുത്തി.

എന്നാൽ ലോത്തിന്റെ ഭാര്യ തിരിഞ്ഞുനോക്കി ഉപ്പുതൂണായി തീർന്നു. എന്നാൽ ലോത്തും മക്കളും മഹാനഗരത്തിൽ നിന്ന് രക്ഷപ്പെട്ടതായി ബൈബിൾ വ്യക്തമാക്കുന്നു.

DISCIPLES NEWS


**STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT MONTHLY MAGAZINE ATHMABHISHEKAM**

1. Place of Publication : Kamballur
2. Periodicity of the Publication : Monthly
3. Printer's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O., Cherupuzha 670511
4. Publisher's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O Cherupuzha 670511
5. Editor's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O., Cherupuzha 670511

I Devasia Mullakkara hereby declare that the particulars given above are true to the best of my knowledge and belief.

Sd/
Devasia Mullakkara





*He who believes and is baptized will be saved;*
*but he who does not believe will be condemned.*
*(Mark 16:16)*

പുളിങ്ങോം വചനാശ്രമത്തിൽ വച്ചു നടന്ന 7 ദിവസത്തെ ഉപവാസപ്രാർത്ഥനയ്ക്കിടയിൽ സ്നാനമേറ്റവരിൽ ചിലർ.



ATHMABHISHEKAM MONTHLY
2018 JANUARY
RNI NO. KER - MAL/2003/12060 - KL/KNR/41/2016-18

Rs.20.00

Licence to post without pre payment
NO.KL/PMG/NR/WPP/1-2/KNR/2016-2018
Published on 17th JANUARY 2018



# MONISH & MERCY MOL

ചർച്ച് ഓഫ് ഇറ്റേണിറ്റി മുണ്ടക്കയം, ചെന്നൈ സഭയുടെ പാസ്റ്ററായ ടോണി സിറിയക്കിന്റെയും ലിനി ടോണിയുടെയും മകൾ മേഴ്സിയും ചർച്ച് ഓഫ് ഇറ്റേണിറ്റി പത്തനാപുരം സഭയുടെ പാസ്റ്ററായ ദേവസ്യാ ചെറിയാന്റെയും ലിസ്സമ്മ ദേവസ്യയുടെയും മകൻ മോനിഷും 2018 ജനുവരി 2ന് ചങ്ങനാശ്ശേരി കോണ്ടൂർ ഓഡിറ്റോറിയത്തിൽ വച്ച് വിവാഹിതരായി.



# SILVIN & SHILNA

ചർച്ച് ഓഫ് ഇറ്റേണിറ്റി ഏറ്റുമാനൂർ സഭയുടെ പാസ്റ്ററായ സിബിച്ചന്റെയും (സെബാസ്റ്റ്യൻ)അന്നമ്മയുടെയും മകൾ ഷിൽനയും ചർച്ച് ഓഫ് ഇറ്റേണിറ്റി കോട്ടയം സഭയിലെ പുത്തൻതയ്യിൽ സക്കറിയ - ഏലിയാമ്മ ദമ്പതികളുടെ മകൻ സിൽവിനും 2018 ജനുവരി 8ന് കോട്ടയം കെ.പി.എസ് മേനോൻ ഹാളിൽ വച്ച് വിവാഹിതരായി.

Printed, Edited and Published by Sri. Devasia Mullakara, On behalf of Athmabhishekam.
Printed at Geethanjali Prints Kozhikode and Published from Kamballur, Cherupuzha (via) Pin - 670 511, Kasaragod(Dt).